# മൂഷികവംശം : ഒരു പഠനം

എൻ. വി. കൃഷ്ണവാരിയർ

## മൂന്നു കയ്യെഴുത്തുപ്രതികൾ

"പ്രാചീനകേരളത്തെ പരാമർശിക്കുന്നതും പണ്ടത്തെ കോലത്തുനാട്ടുരാജാക്കന്മാരുടെ വംശത്തെയും ആപദാനങ്ങളെയും അനുകീർത്തനം ചെയ്യുന്നതുമായ ഒരു സംസ്കൃതമഹാകാവ്യമാകുന്നു *മൂഷികവംശം*".[1] ഈ കാവ്യം എഴുതിയ രണ്ടു താളിയോലഗ്രന്ഥങ്ങൾ തിരുവനന്തപുരം ഹസ്തലിഖിത ഗ്രന്ഥശാലയിലുണ്ടു്[2]. ഇവയിലൊന്നു് ഗ്രന്ഥാക്ഷരത്തിലും മറ്റേതു് മലയാളലിപിയിലുമാണു്. രണ്ടും ഉപയോഗിക്കാൻ സാധിക്കാത്ത വിധത്തിൽ ജീർണിച്ചിരിക്കുന്നു. ഗ്രന്ഥാക്ഷരത്തിലുള്ള ഗ്രന്ഥത്തിൽ നിന്നു് ഈ. നാരായണശാസ്ത്രി പകർത്തിയതും കൊല്ലവർഷം 1091 എടവം 30-ാംനു എഴുതി മുഴുമിച്ചതും നാഗരാക്ഷരത്തിലുള്ളതുമായ ഒരു കടലാസ്സുപകർപ്പും ഇതേ ഗ്രന്ഥശാലയിൽ സൂക്ഷിച്ചിരിക്കുന്നു[3]. ഫുൾസ്കാപ്പ് സൈസിൽ 260 പേജുകളുള്ള ഈ പകർപ്പും പൊടിഞ്ഞു തുടങ്ങിയിട്ടുണ്ടു്. ഒരു പേജു് തീരെ വായിക്കാൻ സാധിക്കാത്ത നിലയിലായിരിക്കുന്നു. പകർത്തിയെഴുത്തു് അപൂർണമാണു്; ആദ്യന്തങ്ങളില്ല; ഇടയ്ക്കു് പല പദ്യങ്ങളിലും അക്ഷരവീഴ്ചകൾ വളരെയുണ്ടു്. തെറ്റുകളും കുറവല്ല. ഒന്നാം സർഗത്തിൽ പല പദ്യങ്ങളും വിട്ടുപോയിട്ടുണ്ടു്. ഒട്ടേറെ പദ്യങ്ങളിൽ ഏതാനും അക്ഷരങ്ങളോ വാക്കുകളോ മാത്രമേ എഴുതിയിട്ടുള്ളു. ഈ സർഗത്തിൽ ഇപ്പോൾ കാണുന്നതു് മുപ്പത്തഞ്ചു പദ്യങ്ങളാണു്; നാൽപതോ അമ്പതോ പദ്യങ്ങൾ ഈ സർഗത്തിൽ നഷ്ടപ്പെട്ടിരിക്കാം. പതിനഞ്ചാം സർഗത്തിൽ അമ്പത്തിരണ്ടു പദ്യങ്ങൾ കാണുന്നു. ഒടുക്കം നഷ്ടപ്പെട്ടതു് എത്ര പദ്യങ്ങളാണെന്നു പറഞ്ഞുകൂടാ. രണ്ടു മുതൽ പതിനാലു കൂടിയുള്ള സർഗങ്ങളിൽ തൊള്ളായിരത്തി എഴുപത്തൊന്നു പദ്യങ്ങളുണ്ടു്. (രണ്ടു്–68, മൂന്നു്–64, നാലു്–68, അഞ്ചു്–70, ആറു്–71, ഏഴു്–69, എട്ടു്–69, ഒമ്പതു്–66, പത്തു്–68, പതിനൊന്നു്–100, പന്ത്രണ്ടു് 112, പതിമ്മൂന്നു്–72, പതിനാലു്–74). അങ്ങനെ ആയിരത്തമ്പത്തെട്ടു പദ്യങ്ങൾ ഇപ്പോൾ ലഭിച്ചിട്ടുണ്ടു്. ഇതിൽ ചിലതു് അപൂർണങ്ങളാണെന്നു് മുമ്പു പറഞ്ഞുവല്ലോ.

"ആകെക്കൂടി നോക്കുമ്പോൾ *മൂഷികവംശ*ത്തിന്നു് കാവ്യമെന്നും ദേശചരിത്രമെന്നും രണ്ടു നിലകളിൽ അഭിനന്ദനീയമായ സ്ഥാനമാണുള്ളതു്"[4]. കേരളചരിത്രത്തിലേക്കു നേരിട്ടു് എന്തെങ്കിലും സംഭാവനകൾ നൽകുന്ന പ്രാചീനകൃതികൾ തുലോം വിരളങ്ങളാകുന്നു. അതിനാൽ, ചരിത്രപരമായ പ്രാധാന്യത്തെ മുൻനിർത്തിയെങ്കിലും *മൂഷികവംശ*ത്തിന്റെ മൂന്നു കൈയെഴുത്തുപ്രതികളും ഒത്തുനോക്കി കഴിവുള്ളിടത്തോളം സമഗ്രമായ ഒരു പതിപ്പ് അച്ചടിച്ചു പുറത്തിറക്കാൻ ഒട്ടും വൈകിച്ചുകൂടാ. ഇനിയും താമസിക്കുന്ന പക്ഷം താളിയോലഗ്രന്ഥങ്ങൾ തീരെ നശിക്കുകയും, കടലാസ്സുപകർപ്പു കൂടി പൊടിഞ്ഞു് ഉപയോഗിക്കാൻ പററാത്ത നിലയിലെത്തുകയും ചെയ്യും. അതിനാൽ, ഉടൻ തന്നെ ഈ ഗ്രന്ഥത്തിന്റെ പ്രസാധനം ഏറ്റെടുക്കുവാൻ ഹസ്തലിഖിതഗ്രന്ഥശാലാധികൃതരോടു് ഞാൻ അഭ്യർഥിക്കുന്നു.

1. ഉള്ളൂർ, *കേ. സാ. ച.* വാല്യം I, പേ. 150
2. T. P. 1865, 1866.
3. നംബർ 336.
4. ഉള്ളൂർ, അവിടെത്തന്നെ. പേ. 151.
5. അവിടെത്തന്നെ, പേ. 150.

എലി കൈക്കൊണ്ടു. വിസ്മയിച്ച രാജപത്നിയോടും പുരോഹിതനോടും, താൻ ഈ മലയുടെ ദേവതയാണെന്ന് അയാൾ പറഞ്ഞു. മുമ്പൊരിക്കൽ കടലിൽ കുളിച്ച് യോഗാഭ്യാസമനുഷ്ഠിച്ചു കൊണ്ട് കുശിക മഹർഷി ഈ മലയിലൊരിടത്തു താമസിച്ചിരുന്നു. ആ സമയത്ത് പർവതരാജാവും പത്നിയും മൂഷികവേഷം ധരിച്ച് മഹർഷിയെ ദ്രോഹിച്ചു. "നിനക്കു പത്നീവിരഹവും മൂഷികജാതിയിൽ ജനനവും ഭവിക്കട്ടെ" എന്ന് മഹർഷി പർവതത്തെ ശപിച്ചു. പർവതപത്നിയുടെ സാന്ത്വനങ്ങൾ കൊണ്ട് പ്രസന്നനായ മുനി ശാപമോക്ഷവും നൽകി. "അന്നു മുതൽ ഞാൻ സ്വയം കുഴിച്ചുണ്ടാക്കിയ ഈ ഗുഹയിൽ ആന, ശരഭം മുതലായവയെ കൊന്നുതിന്ന് കഴിഞ്ഞുകൂടുകയാണ്. നിങ്ങൾ വന്നതു മൂലം എനിക്കു ശാപമോചനം ലഭിച്ചു. അതിനാൽ, ഞാൻ ഉദ്ധരിക്കും വരെ നിങ്ങൾ ഇവിടെ വസിക്കുക" എന്നു പറഞ്ഞു പർവതദേവത അവിടെ നിന്നു മറഞ്ഞു. പിന്നീട് പർവതദേവതയുടെ പ്രസാദം നിമിത്തം അവിടെ പക്ഷികളും മൃഗങ്ങളും ഉഗ്രപ്രകൃതി വെടിഞ്ഞു; കിഴങ്ങുകളും ഇലക്കറികളും മധുരങ്ങളായി; നടക്കുമ്പോൾ നിലം നിരപ്പൊത്തതായിത്തീർന്നു. പരശുരാമൻ ആ രാജഗർഭത്തെപ്പററി ഓർത്തതുമില്ല. ഇത്രയുമാണ് ഒന്നാം സർഗത്തിലെ പ്രതിപാദ്യം[15].

15. ഒന്നാം പാദത്തിൽ ഏതാനും നഷ്ടപ്പെട്ട ഒരു പദ്യവുമായി ഗ്രന്ഥം ആരംഭിക്കുന്നു. ഈ സർഗത്തിൽ പദ്യങ്ങളുടെ ക്രമസംഖ്യ എഴുതിയിട്ടില്ല.

...കൃതാത്മനോ
ന നാമ കൃത്യം കൃപണൈസ്തവാസുഭി:
തഥാപി ഭർത്തുസ്ത്വയി താദൃശസ്ഥിതാം
പ്രജാമിമാം ന പ്രതിഹന്തുമർഹസി.
തദേതദജ്ഞാതസമുദ്ഭവം ജനൈർ
ദിഗന്തമഹ്നായ വിഗാഹ്യ കഞ്ചന
സമാക്രമിഷ്യൽ ക്രമശോ ധരാതലം
സമം മയാ രക്ഷ ശിവം കുലാങ്കുരം.

ഇനി കുറേ പദ്യങ്ങളുടെ ഏതാനും ഖണ്ഡങ്ങൾ. അവയ്ക്കു ശേഷം,

തദാംഭസി ഗ്രാഹസഹസ്രസങ്കുലേ
വനേ ച സിംഹധ്വനിധൂതഹസ്തിനി
ജഗാമ സാ രാമഭയാദശങ്കിതാ
സ്ഫുരന്തി ഭീതസ്യ ഹി നേതരാ ഭിയ:
പുരാണി രാഷ്ട്രാണി ച വീക്ഷ്യ ഭൂയശോ
ജഹത്യനാഥാനി സമൃദ്ധിമുത്തരാം
പ്രവൃത്തബാഷ്പാംബുപരീതലോചനാ
തഥാവിധാം സാ സ്വഭുവം സമസ്മരൽ.
കഥഞ്ചിദാശാമപഹായ ദക്ഷിണാം
ഹൃതാമുനാ നാതിചിരാന്മനസ്വിനീ
പദൈരവാപദ് ഗുരുഗർഭമന്ഥരൈ:
പയോധിവേലാശ്രയമേലിനം ഗിരിം.

പിന്നെയും അക്ഷരവീഴ്ചയുള്ള പദ്യങ്ങൾ. പിന്നെ,

മുഹു: കരാഭ്യാമവലംബ്യ വീരുധോ
വിനിശ്വസന്തീ വിധുതോദ്ധതസ്തനാ
കഥഞ്ചിദുച്ചൈരബലാ ശിലാതലം
ശനൈരതിക്രമ്യ ജഗാമ ഭൂഭൃത:

......രോജ്വലേ ബിലേ
നിവേശ്യ താമധ്വപരിശ്രമാലസാം
ഉപാഹരൻ മൂലഫലാനി സത്വരം
ദ്വിജാതിരാരാദഗമദ് വനാന്തരം.
തതോ ഹതശ്വാപദഗാത്രഖണ്ഡകൈ-
രശുന്യവിസ്രാനനഭീഷണാകൃതി:
ഗജേന്ദ്രവർഷ്മാ പരിഗർജ്യ മൂഷികോ
ബിലാന്തരം തത്സഹസാ വ്യഗാഹത.
ഹ്രദം മദാന്ധോ കരിണീവ തദ്ഭൃതം
വിഗാഹമാനേ ബിലമാഖുഭർത്തരി
തരംഗഭിന്നാ പ്രതിമേവ ശീതഗോ-
രനുക്ഷണം രാജവധൂരകമ്പത.

പിന്നെയും അക്ഷരവീഴ്ചയുള്ള പദ്യങ്ങൾ. തുടർന്ന്,

തതസ്തദാർത്തസ്വനിതോപകർണനാ-
ദുദഗ്രഹുങ്കാര ഭൃതാദ്രികുക്ഷിണാ
ക്ഷണേന തത്ര സ്ഫുരിതേക്ഷണാർച്ചിഷാ
സസംഭ്രമം സന്നിദധേ പുരോധസാ.
പ്രത്യാഗതേ ഹൃദി തദാഗമനേന താവദ്
ദേവ്യാ: പ്രദീപ്തനയനം സഹസോത്ഥിഷന്ത്യാ:
സംരംഭവിസ്മൃതഭിയോ ഭയദ: പരേഷാം
അക്ഷ്ണ: കൃശാനുരകൃശദ്യുതിരുല്ലലാസ.
അഹ്നായ വഹ്നിരശനിപ്രഭവോ ദിവേവ
പത്ന്യാ നൃപസ്യ പതിദേവതയാ വിമുക്ത:
പര്യാല്യുന്തമവനൗ ബഹുശ: സശബ്ദം
പുപ്ലോഷ തം ഗഹനമൂഷികമീക്ഷണാഗ്നി:
താവത്സ രത്നശിഖരോജ്വലമൗലിബന്ധം
ബിഭ്രദ്വപുർവിതതനിർഝരഹാരഗൗരം
ജുഷ്ടോ ഗണൈ: പരിജനൈർവനദേവതാനാം
ഉച്ചൈർബഭൂവ പുരുഷാകൃതിരദ്രിരാജ:



മൂഷികവംശപ്രതിഷ്ഠാപകനായ രാമഘടന്റെ ജനനവും മററുമാണ് രണ്ടാം സർഗത്തിൽ വിവരിക്കുന്നത്. പരശുരാമനാകുന്ന പ്രളയസമുദ്രത്തിൽ രാജാക്കന്മാർ മുഴുവൻ വിലയിച്ചു കഴിഞ്ഞപ്പോൾ, രാജപത്നി ഒരു പുത്രനെ പ്രസവിച്ചു. നക്ഷത്രങ്ങളെല്ലാം അസ്തമിച്ച ആകാശത്തിന്ന് സൂര്യനുദിക്കുമ്പോൾ കൈവരുന്ന ശോഭ, പ്രവൃദ്ധതേജസ്സായ കുമാരൻ പിറന്നപ്പോൾ രാജാക്കന്മാർ എല്ലാം നശിച്ച ഭൂലോകത്തിന്ന് ഉണ്ടായി. രാമ (മനോഹര)നായ ഈ ശിശുവിനെ കണ്ട്, റാണി (പരശു) രാമന്റെ സാഹസങ്ങളെക്കുറിച്ചോർത്തു; വിറയ്ക്കുന്ന ഇടങ്കണ്ണ് ഭാവിശോഭനമെന്ന് അവൾക്കുറപ്പു നൽകി. ആ മലയിലെ പുണ്യാശ്രമങ്ങളിൽ വസിക്കുന്ന മഹർഷിമാരെക്കൊണ്ട് അതാതു കാലത്ത് ആ ശിശുവിന്നു വേണ്ട സംസ്കാരകർമങ്ങൾ പുരോഹിതൻ ചെയ്യിച്ചു. ക്ഷത്രിയവംശത്തിന്നു ചേർന്നതും ധർമാർഥങ്ങളെ സംബന്ധിച്ചതുമായ എല്ലാ വിദ്യകളും ആ ശിശുവിനെ അദ്ദേഹം തന്നെ പഠിപ്പിക്കുകയും ചെയ്തു. അപ്പോഴേയ്ക്ക്, ഇരുപത്തൊന്നുവട്ടം ക്ഷത്രിയസംഹാരം ചെയ്ത പരശുരാമന്റെ കോപാഗ്നി കെട്ടടങ്ങിയിരുന്നു. കോപം കൃതാർഥമായപ്പോൾ പരശുരാമന്റെ മനസ്സിൽ ക്ഷത്രിയസ്ത്രീകളുടെ കരച്ചിൽ കേട്ട് കരുണയുദിച്ചു. അദ്ദേഹം ക്ഷത്രിയരക്തഹ്രദങ്ങളിൽ പിതാക്കൾക്ക് നിവാപം നൽകി; ശത്രുസുന്ദരിമാരുടെ കണ്ണീരിൽ തന്റെ കോടാലിയുടെ വായ കഴുകി. ക്ഷത്രിയവധം കൊണ്ടുണ്ടായ പാപം തപസ്സുകൊണ്ടും യാഗം കൊണ്ടും പരിഹരിക്കാനായി രാജ്യം വിട്ട് പരശുരാമൻ ഏഴിമലയിലെത്തി. അവിടെ വസിഷ്ഠൻ മുതലായ മഹർഷിമാരെ ഋത്വിക്കുകളാക്കി, യഥാവിധി ദക്ഷിണ നല്കി, പരശുരാമൻ എത്രയോ യാഗങ്ങൾ ചെയ്തു. ഇങ്ങനെ യാഗങ്ങൾ നടക്കുന്നതിന്നിടയ്ക്ക് ഒരിക്കൽ സോമം സംബന്ധിച്ച ഒരു പ്രയോഗത്തിൽ, ക്ഷത്രിയവംശത്തിൽപ്പിറന്ന ഒരു കുട്ടി ചെയ്യേണ്ട ഒരു കാര്യം വന്നുപെട്ടു. ഈ സമയത്ത് രാജകുമാരനെ ആപത്തിൽ നിന്ന് ഉദ്ധരിക്കാനാഗ്രഹിക്കുന്ന ഏഴിമല അവിടെ പ്രത്യക്ഷപ്പെട്ടു. പർവതം പരശുരാമനെ നമസ്കരിച്ച്, "ചന്ദ്രവംശത്തിൽ പിറന്നവനും അമ്മയും പുരോഹിതനും ചേർന്നു വളർത്തിയവനുമായ ഒരു കുമാരൻ അങ്ങയെ ഭയന്ന് ഇവിടെ ഗുഹയ്ക്കുള്ളിൽ വസിക്കുന്നുണ്ട്" എന്നു പറഞ്ഞു. പ്രീതനായ പരശുരാമൻ സമ്മതം നൽകിയപ്പോൾ മല കുമാരനെയും പുരോഹിതനെയും അവിടെ കൊണ്ടുവന്നു. ക്രിയാവസാനത്തിൽ സന്തുഷ്ടനായ പരശുരാമൻ, ഏലിമല നിലനിൽക്കുന്നതും ആ പേരുള്ളതുമായ രാജ്യത്തിൽ ഈ കുമാരനെ രാജാവാക്കി. ഏലിമലയിലെ ബിലത്തിൽ ജനിച്ചതു കൊണ്ടും രാമൻ ഘടാഭിഷേകം നൽകിയതു കൊണ്ടും ഈ കുമാരന്ന് രാമഘടമൂഷികൻ എന്ന പേര് പ്രസിദ്ധമായി. കുലനഗരിയായ മാഹിഷ്മതിയിൽ നിന്ന്

ഇനി ഒരു പദ്യം അപൂർണം. അതിന്നു ശേഷം,

പ്രസ്ഥേ മമാത്ര കുഹചിൽ പൃഥുനിർഝരാംഭ:-
സമ്പാതപൂതസികതാചിതഭൂമിഭാഗേ
ചക്രേ പയോനിധികൃതാപ്ലവന: കദാചിദ്
യോഗാസനം കുശികഗോത്രഗുരുർമുനീന്ദ്ര:
തത്രാന്തരേ മൂഷികവേഷധാരീ
ക്രീഡന്നരണ്യേഷു സമം രമണ്യാ
ധ്യാനോപവിഷ്ടം മദനാന്ധവൃത്തി:
പ്രധർഷയാമി സ്മ മുനീന്ദ്രമേനം.
യസ്മൈവം വപുരവലംബ്യ ധർഷിതോഽഹം
തജ്ജാതൗ പൃഥഗനയാ പതിഷ്യസി ത്വം
ഇത്യുഗ്രം മയി സഹസാ തദാഽപരാദ്ധേ
കോപാന്ധോ മുനിരഥ ശാപമുത്സസർജ്ജ.
സവ്രീഡസാധ്വസജഡേ മയി സന്നിവൃത്തേ
വധ്വാം മുനേശ്ചരണയോർ മുഹുരാപ തന്ത്യാം
തേന പ്രസാദമൃദുനാ സ്വയമേവ ശാപാദ്
അസ്മാദയം നിഗദിതോ മമ മോക്ഷകാല:
തദാ പ്രഭൃത്യഹമിഹ മൂഷികാകൃതിർ
ബിലാന്തരേ സ്വവിരചിതേ മദോദ്ധത:
നിപാതിതൈ: ശരഭഗജാദിഭി: സ്വയം
പ്രവർത്തയാമ്യനുദിനമാത്മന: സ്ഥിതിം
അഹമസുലഭമോക്ഷാദദ്യ ശാപാദമുഷ്മാൽ
പദമുചിതമുപേതോ യുഷ്മദഭ്യാഗമേന
തദിഹ വസത യൂയം യാവദഭ്യുദ്ധരാമി
ക്ഷിതിധര ഇതി സദ്യോ വാചമുക്ത്വാ
തിരോഽഭൂൽ
തത്രോഗ്രാ പ്രകൃതിരഹാസി പക്ഷിസത്വൈ:
സമ്പേദേ മധുരരസശ്ച ശാകമൂലൈ:
വൈഷമ്യം ഗതിഷു വസുന്ധരാ നിരാസേ
ഭൂഭർത്തുസ്സുകൃതഗുരോർമന:പ്രസാദാൽ.
അഥ ചിരമതുലാദ് ഗുരോ: പ്രസാദാദ്
അവനിഭൃതശ്ച ഗരീയസ: പ്രസാദാൽ
നൃപതികുലരിപോർന്ന ഭാർഗവസ്യ
സ്മൃതിമഗമത്സ ശിവോ നരേന്ദ്രഗർഭ:

ഇതി മൂഷികവംശേ
പ്രഥമ: സർഗ:

മന്ത്രിമാർ മുതലായവർ ക്രമേണ രാമഘടമൂഷിക നെ പ്രാപിച്ചു. ആ നഗരിയിലെ മഹാനാവികൻ എന്ന പേരുള്ള ചെട്ടി രാമഘടന്റെ മന്ത്രിയായി. രാമഘടമൂഷികൻ കോലപട്ടണമെന്ന രാജധാനി എലി രാജ്യത്തു് ഉണ്ടാക്കി. രാജ്യത്തു് തന്റെ ശക്തി ഉറപ്പിച്ച ശേഷം ദിഗ്ജയത്തിന്നാഗ്രഹിച്ചു. അതി ന്റെ പ്രാരംഭമായി ഏഴിമലയെ പ്രദക്ഷിണം വെച്ച്, പർവതദേവതയോടും പരശുരാമനോടും അനുവാദം വാങ്ങാൻ പുറപ്പെട്ടു. തേരിൽ കയറി, വെൺകൊറ്റക്കുട, ചാമരം മുതലായ രാജചിഹ്നങ്ങ ളോടെ യാത്ര തിരിച്ച അദ്ദേഹത്തെ നഗരത്തിലെ സ്ത്രീകൾ മലരും പൂവും ചൊരിഞ്ഞു് ആരാധിച്ചു. നഗരം വിട്ടു് വാഴ, തെങ്ങ്, കവുങ്ങ്, കരിമ്പ് മുതലായവ നിറഞ്ഞുനിൽക്കുന്ന കർഷകഗ്രാമങ്ങളും ഹോമാഗ്നിധൂമം നിറഞ്ഞ ബ്രാഹ്മണഗ്രാമങ്ങളും കടന്നു ചെന്ന അദ്ദേഹത്തെ വപ്രാ നദിയിലെ കാറ്റ് കുളുർപ്പിച്ചു. നെൽവയലുകൾ പിന്നിട്ടു് അദ്ദേഹം കൈതക്കാടുകൾ നിറഞ്ഞ കടൽവക്കിലെത്തി. കില്ലാ നദി (കോട്ടപ്പുഴ) കടന്നു് കടൽത്തീരത്തു കൂടെ ഏഴിമലയിൽ ചെന്നുചേർന്നു. തന്റെ പിതാവിനെയെന്ന പോലെ ഈ പർവതത്തെ രാമ ഘടൻ പ്രദക്ഷിണം വെച്ചു് നമസ്കരിച്ചു[16].

16. സ്ഥിതേഽഥ രാമേ പ്രളയാംബുരാശൗ
പ്രാപ്തേ ലയം സർവനരേന്ദ്രലോകേ
പ്രാസൂത ദേവീ തനയം മഹാന്ത-
മാദ്യേവ ഭൂമൈത്യ പ്രകൃതി: പ്രജാനാം. 2. 1
വിശാലം വിനഷ്ടക്ഷിതിപാലമേതൽ
പ്രവൃദ്ധതേജസ്യുദിതേ കുമാരേ
നിശ്ശേഷമൈനെരുഡുഭിർ വിഹീനം
നഭോ നവാദിത്യമിവാബഭാസേ 2
ആലോക്യ രാമം സഹസാ സ്മരന്ത്യാ
രാമസ്യ ഭീമാന്യതിസാഹസാനി
കല്യാണമസ്യാ: സ്ഫുരിതൈരജസ്ര-
മദക്ഷിണം ലോചനമാചചക്ഷേ. 4
സാ ബിഭ്രതീ ഭർത്തൃവിനാശയോഗാ-
ദങ്ഗൈരസോഢാഭരണൈസ്തനുജം
ആസീൽ സ്വകാലാത്യയമുക്തപുഷ്പാ
ലതാ നിബദ്ധൈകഫലോദ്ഗമേവ. 5
ദേവ്യാ യദാസീൽ കുചമണ്ഡലസ്യ
ഭംഗാൽ പ്രിയസ്പർശമഹോൽസവാനാം
ശാന്തിം യയൗ ശർമകരേണ ദൈന്യം
ശ്ലാഘ്യേന തൽ പുത്രമുഖാർപണേന 6
ഗംഭീരനാദം ക്ഷിതിപാലസൂനു-
രംഗാനി ധുന്വന്ന സകൃദ് ദരോദ
വിളംബനാദ് വിക്രമകാലയുക്തേർ
ന്നിർവിണ്ണചേതാ ഇവ മാതുരങ്കേ. 7
സ പ്രസ്നുതാനി സ്വഗുണാനുരാഗാദ്
മുദ്രപ്രയുക്തേന കരഗ്രഹേണ
പയാംസി ജഗ്രാഹ ശനൈർജനന്യാ:
പശ്ചാദ് വസൂനീവ വസുന്ധരായാ: 14
നഗേന്ദ്രപുണ്യാശ്രമവാസിഭിശ്ച
സാർധം മുനീന്ദ്രൈ: സമയാന്തരേഷു
നരേന്ദ്രസൂനോർവിധിവദ്ദ്വിജേന്ദ്ര:
സംസ്കാരകർമാണി സമാചചാര. 22
സർവാസു ച ക്ഷത്രകുലോചിതാസു
സംവിത്സു ധർമാർഥനിബന്ധനാസു
മേധാവിനം നാതിചിരാൽ കുമാരം
പ്രീതോ ഗുരുർജ്ഞാതഗുണം വ്യനൈഷീൽ 23
താവച്ച നി:ക്ഷത്രമദം സമന്താത്
ത്രിസ്സപ്തകൃത്വോ ഭുവനം വിധായ
കോപാഗ്നിരുച്ചൈർജമദഗ്നിസൂനോ-
ശ്ചിരാൽസ്വയം ചേതസി നിർവവാര 24
ആക്രന്ദിതേഷു ക്ഷിതിപാംഗനാനാം
സമന്തത: സന്തതമുത്ഥിതേഷു
കൃപാഥ ഗുർവീ കൃതകൃത്യകോപം
പസ്പർശ ചേതോ ഭൃഗുനന്ദനസ്യ 25
സ പാർഥിവാസൃക്സലിലഹ്രദേഷു
ദത്വാ നിവാപാനുചിതാൻ പിതൃഭ്യ:
അസ്രാംബുസിന്ധുഷ്വരിസുന്ദരീണാം
പ്രക്ഷാളയാമാസ കുഠാരധാരാം 26
തീവ്രൈവ്രതസ്തപോഭി: ക്രതുഭിശ്ച പുണ്യൈ-
രപോഹിതും ക്ഷത്രവധോത്ഥമേന:
ഉത്സൃജ്യ രാജ്യം ജമദഗ്നിസൂനു-
സ്തമേവ പൃഥ്വീധരമാസസാദ 27
തതോ വസിഷ്ഠപ്രമുഖൈർനഗേഽസ്മിൻ
ഋത്വിഗ്ഭിരാമ്നായധനൈർമുനീന്ദ്രൈ:
യഥോക്തയാ ദക്ഷിണയാ സ രാമ:
ചിരം ക്രതൂൻ സന്തതമാജഹാര. 28
പ്രവർത്തമാനേഷു മഖേഷ്വഥൈവം
കദാചിൽ പ്രയോഗേ കില തസ്യ രാജ്ഞ:
ക്ഷത്രാന്വവായേ കൃതസംഭവേന
കൃത്യം കുമാരേണ ബഭൂവ കിഞ്ചിൽ 29



ഈ മലയിൽ രാമഘടമൂഷികന്റെ സൈന്യം പാളയമടിച്ചതാണ്` യമകപ്രധാനങ്ങളായ പദ്യ ങ്ങൾ കൊണ്ടാരംഭിക്കുന്ന മൂന്നാം സർഗത്തിലെ പ്രതിപാദ്യം. രാമഘടൻ മല കയറി മുകളിലെ ത്തി. തേരാളി അദ്ദേഹത്തോട് പർവതത്തിലെ കാഴ്ചകൾ വിവരിച്ചു. ഉച്ചസമയത്തു മലയുടെ താഴ് വരയിൽ സൈന്യം താവളമുറപ്പിച്ചു. ജലസംഭ രണങ്ങൾ, ആനപ്പന്തികൾ, കുതിരലായങ്ങൾ മുത ലായവ മാത്രമല്ല, അങ്ങാടികളും തേവിടിശ്ശിത്തെരു വുകളും കൂടി ഉള്ള ഈ പാളയം മറെറാരു നഗരം പോലെ ശോഭിച്ചു. രാജാവ് തേരിൽ നിന്നിറങ്ങി വന്ദികളുടെ സ്തുതികൾ കേട്ടുകൊണ്ടു് തനിക്കു വേണ്ടി നിർമിച്ച നെടുമ്പുരയിലേക്കു പോയി. സ്ത്രീകൾ

താവൽ കുമാരം വ്യസനാദപാരാ-
ദുദന്വതോ ലോകമിവോദ്ധരിഷ്യൻ
വരാഹരൂപീ ഭഗവാനിവോച്ചൈ-
രേലീ ഗിരി: കാലവിദാവിരാസീൽ 30
"കശ്ചിൽ കുമാര: ശശിവംശജന്മാ
സംവർധിതോ മാതൃപുരോഹിതാഭ്യാം
ത്വത്തോ ഭയാദസ്മി ബിലാന്തവാസീ"-
ത്യനേന മദ്രി: പ്രണതോ ബഭാഷേ. 31
പ്രീതേന രാമേണ കൃതാഭ്യനുജ്ഞ:
പ്രണീത ചേതാ ധരണീധരേന്ദ്ര:
സാർധം സ പൂജ്യേന പുരോഹിതേന
ഭവ്യം കുമാരം ത്വരയോപനിന്യേ 32
പ്രണമ്യ വഹ്നീൻ സ വിതാനഭാജോ
രാമം സദസ്യാംശ്ച പുരസ്സമേതാൻ
ഗുരുപ്രദിഷ്ടേന പഥാ പ്രവിഷ്ടോ
ജഹാര ചേതാംസി സമം ജനസ്യ 33
സ്വാകാരസംസൂചിതവീര്യസാരം
വിലോക്യ ചൈനം വിനയാവനമ്രം
പുംസി പ്രജാതന്ത്രൈകധുര്യേ
ചിന്താം സ രാമ: ശിഥിലീചകാര. 34
തത: ക്രിയാന്തേ പരിതുഷ്ടചേതാ
മഹീഭൃതോച്ചൈരമുനാ സനാഥേ
തദാഖ്യയാ ലക്ഷിതനാമ്നി പശ്ചാദ്
രാജ്യേ സ രാജാനമമും ചകാര 35
ബിലേഽഭവദ്യേന സ മൂഷികസ്യ
രാമാച്ച യത് പ്രാപ ഘടാഭിഷേകം
ബഭൂവ തേനാഽസ്യ ജഗൽപ്രകാശം
സമൂഷികം രാമഘടാഭിധാനം 36
ജ്യോത്സ്നാമിവേന്ദുർ ജഗതോഽഭിരാമാം
വിദ്യാമവന്ധ്യാമിവ വീതരാഗ:
ലക്ഷ്മീമുദാരാം ക്ഷിതിപാലസൂനു:
കവീശ്വര: കീർത്തിമിവാസസാദ 37
ശോചാത[illegible]പത്രോചിതയാ കുമാരം
ദൃഷ്ട്വാപഗൂഢം നവരാജ്യലക്ഷ്മ്യാ
ക്ലേശസ്യ ഭൂയ: ഫലമാപ രാജ്ഞീ
വൈധവ്യവന്ധ്യസ്യ ച ജീവിതസ്യ 38
ഉപാത്തരാജ്യം ജമദഗ്നിസൂനോ-
രഗേരിവാദിത്യ മവാപ്തദീപ്തിം
സ്ഫീതാനുരാഗാ പ്രകൃതി: സ്വകീയാ
നവോദയം തം ക്രമശ: പ്രപേദേ. 39
പ്രയാതി നീഹാര ഇവോപശാന്തിം
പത്യൗ ഭൃഗൂണാം മഥിതാവശിഷ്ടൈ:
പുന: ശനൈർവ്യാനശിരേ നരേന്ദ്രൈ:
സരാംസി പദ്മൈരിവ മണ്ഡലാനി 40
മാഹിഷ്മതീയോ മതിമാൻ കുലീന:
ശ്രേഷ്ഠീ മഹാനാവികനാമധേയ:
മന്ത്രീ മഹീയാൻ ക്ഷിതിഭർത്തുരസ്യ
വാചസ്പതിർവൃത്രരിപോരിവാസീൽ 41
രാഷ്ട്രേ സ തത്ര സ്വഗുണാനുരക്തേ
ശോഭാവതീ മാഹിതഗുപ്തിയോഗാം
ചക്രേ ഗുരുർമൂഷിക ഭൂപതീനാം
കോലാഭിധാനാം കുലരാജധാനീം 42
വിശോധ്യ തദ് രാജ്യമയോധ്യമന്യൈ-
സ്സമഗ്രശക്തി: സമുദഗ്രചേതാ:
ഇയേഷ ജേതും സ വിശേഷവീരോ
വിശാം പതിർജാതു ദിശാം മുഖാനി 44
സുദുഷ്കരം പുഷ്കരലോചനാഭ:
കർമേദമാരബ്ധുമനാ ജനേന്ദ്ര:
പ്രദക്ഷിണീകൃത്യ ജിഗീഷുരൈച്ഛൽ
സ രാമ മാമന്ത്രയിതും സശൈലം 46
തതസ്സ നിശ്ശേഷദിഗന്തരാള-
നിലീനരാജന്യക വിഗ്രഹായ
അരണ്യനാഗാന്ധഥനാഭിലാഷീ
ബലോദ്ധത: സിംഹ ഇവോച്ചചാല 47
അധിഷ്ഠിതസ്തേന രഥ: പ്രഥീയാൻ
കാർത്തസ്വരോ ഭാസ്വരദർശനേന
സഹസ്രധാമ്നാ സ്ഫുരതോഽധിരൂഢ:
ചലാചലോ മേരുരിവാബഭാസേ. 49

അരുവികളിൽ കളിച്ച് മരത്തണലുകളിലെ പാറകളിൽ കാററുകൊണ്ട് ഇരുന്നു. കുളിപ്പിച്ചു കൊണ്ടുവന്ന ആനകളും കുതിരകളും ശബ്ദത്തോടെ തീററതിന്നു കൊണ്ട് ആ പാളയത്തെ അലങ്കരിച്ചു. ആളുകൾ നിറഞ്ഞു തിങ്ങിയ ആ പാളയം ഉദയാദ്രിയിൽ സൂര്യബിംബം പോലെ വിളങ്ങി[17].

ആരാധിതഃ പൗരവിലാസിനീനാം
നേത്രാളിശാലൈർന്നവലാജപുഷ്പൈഃ
ബലൗഘസംരുദ്ധനരേന്ദ്രമാർഗ്ഗാം
ശനൈർന്നൃപ സ്താം പുരമത്യയാസീൽ 54

വാതാവധൂതൈഃ സ്വദളാഗ്രഹസ്തൈ-
രാലംബനം കിഞ്ചിദിവാപ്തുകാമാഃ
ഫലാതിഭാരഗ്ലപിതാ നരേന്ദ്രഃ
കോലോപശല്യേ കദളീരപശ്യൽ 55

സുനാളികേരീവനപൂഗഷണ്ഡ-
പ്രസൂനസൂചീപുടഭേദഗന്ധൈഃ
വാതോപനീതൈഃ സഹസാ നികാമം
ഗ്രാമേഷു രേമേ പതിരുർവരായാഃ 56

ഹോമാഗ്നിധൂമൈർ ധൃതഹവ്യഗന്ധൈഃ
പവിത്രിതാശേഷദിഗന്തരീക്ഷാൻ
ഗ്രാമാനതിക്രമ്യ തതോ ദ്വിജാനാം
സസ്യോത്തരീയാം ഭുവമാസസാദ. 59

പതത്രപാതോപചിതഃ ശുകാനാം
വാചാലിതഃ ശാലിവിഘട്ടനേന
വിനിദ്രപദ്മോൽപലഗന്ധവാഹീ
വപ്രാനിലസ്തം ശിശിരഃ സിഷേവേ. 60

സ ശാലിഗോപീജനഗീയമാനം
വിശാലമാകർണ്യ യശഃ സ്വകീയം
ലജ്ജാനതാസ്യോ രമണീജനസ്യ
നിശ്ശങ്കലക്ഷ്യോ നൃപതിർബഭൂവ 61

പരിച്യുതൈഃ കേതകമഞ്ജരീണാം
രജോഭിരാമ്രേഡിതസൈകതാന്തം
സൗഗന്ധികോദ്ഗന്ധിസമീരണാർദ്രം
സ സാഗരാന്തമുപാസസാര. 63

ഉത്താനവീചീരയഭഗ്നശുക്തി-
വികീർണ്ണമുക്താചിതസൈകതേന
വേലാപഥേനാംബുനിധേസ്സ ഗത്വാ
ശൈലം ശനൈരേലിനമാസസാദ. 66

അവേക്ഷ്യ തം പ്രഭവമുദാരമാത്മനോ
ദൃഢദ്വഹപ്രമദഭരേണ ചേതസാ
ഉപസ്ഥിതം പിതരമിവ സ്വയം പുനർ-
ധരാഭൃതം ക്ഷിതിപതിരഭ്യവന്ദത 67

അധ്യാസിതോ ഭൃഗുസുതേന സമംബലൗഘൈഃ
തേന പ്രദക്ഷിണമസാവചലഃ പരീത്യ
ജുഷ്ടഃ ശിവേന സഹ ദേവചമൂസമൂഹൈഃ
കൈലാസശൈല ഇവ കാശ്യപനന്ദനേന. 68

ഇത്യതുലകൃതൗ മൂഷികവംശേ
ദ്വിതീയഃ സർഗഃ

17. അഥ സമുച്ചശിലാശിഖരം ശനൈ-
രധിരുരോഹ സ രാമദിദൃക്ഷയാ
പരിവൃതം നിവഹേന പതത്രിണാം
ധരവരം രവരഞ്ജിതചേതസാ 3.1

ഇതുപോലെ യമകഘടിതങ്ങളായ ഇരുപത്തൊന്നു പദ്യങ്ങളിൽ കവി ഏഴിമലയെ വർണ്ണിക്കുന്നു. തുടർന്ന്,

അഥാപരേഷാം വിജയായ ഭൂഭൃതാം
സ്വയം ദിവം ഭർത്തുമിവാധികോന്നതം
നിരീക്ഷ്യ തം ശൈലമുപാത്തവിസ്മയം
ധരാപതിം സാരഥിരിത്യവോചത 22

വൃത്രാരിവജ്രമുഖപാത ഭയേന ശശ്വ-
ദന്തർജലേ നിവസതാമവനീധരാണാം
വന്യേഭജൃംഭിതരവൈഃ സ്വദരീ മുഖോത്ഥൈഃ
പൃച്ഛന്നിവാർണവ മനാമയമേഷ ഭാതി 26

പര്യാസിതാസ്തടശിലാകുഹരേഷ്വപാംനിധേഃ
വേലാജലൈഃ കൃതനിവൃത്തിഷു
വീചിഷു ക്ഷണാൽ
സംസർപ്പണേഷു വിഷമേഷു മിഥോ
വിഘട്ടിതാഃ
കാഷ്ഠാം വഹന്തി കരിണാമിഹ ശംഖ
ശുക്തയഃ 29

പുഷ്പരജോവിതാന സുരഭിസ്വനദലികു
ലിലഃ
പല്ലവകമ്പസൂചിത മൃദുപ്രചലന സുഭഗഃ
നിർഝരവാരിബിന്ദുകണികാചരിചയ
ശിശിരഃ
സിദ്ധവധൂരതശ്രമമിഹ ശ്ലഥയതി പവനഃ 31

ഇതി കഥയതി തത്ര സാരഥൗ
ക്ഷിതിപതിരദ്രിപതേഃ കൃതാദരഃ
ബഹുളഗഹനവാരിതാതപം
ശിഖര സനീഡമുപാസസാദ സഃ 58



പരശുരാമനും രാമഘടനും തമ്മിലുള്ള കൂടിക്കാഴ്ചയും തുടർന്നുള്ള രാമഘടന്റെ ദക്ഷിണാപഥവിജയവും നാലാം സർഗത്തിൽ വിവരിച്ചിരിക്കുന്നു. രാമഘടൻ സാവനിയെ (ഛാവനീ എന്നാൽ പാളയം; ഇവിടെ സൈന്യമെന്നർഥം) വിനയം മൂലം തിരിച്ചയച്ച് പരശുരാമാശ്രമത്തിലെത്തി. രഥത്തിൽ നിന്നിറങ്ങി പുരോഹിതനുമൊത്ത് പരശുരാമന്റെ ഗൃഹത്തിൽ പ്രവേശിച്ചു. രാജാവ് കാണാൻ വന്ന വിവരം പുരോഹിതൻ പരശുരാമനെ അറിയിച്ചു. ധർമമനുസരിച്ച് ഭൂമിയെ രക്ഷിച്ചുപോരുന്ന രാജാവിൽ സന്തോഷിച്ച പരശുരാമൻ അദ്ദേഹത്തിന്ന് തന്നെ കാണാൻ അനുവാദം നൽകി. പുരോഹിതനെ മുൻനിർത്തി രാജാവ് മഹർഷിയുടെ മുമ്പിൽ ചെന്ന് നമസ്കരിച്ചു. പരശുരാമൻ രാമഘടനെ എഴുന്നേല്പിച്ചു. ആയുധമെടുത്ത തഴമ്പുകൾ മാഞ്ഞ് മാർദവമിയന്ന കൈകൊണ്ട് തലോടി മുനി രാജാവിനോടു പറഞ്ഞു: "എന്റെ സാഹസം നിമിത്തം ഈ ഭൂമി അനാഥയായി. എന്റെ വഴി വേറെയാകയാൽ ഭൂമിയെ രക്ഷിക്കാൻ എനിക്ക് വയ്യ. ഈ പ്രവൃത്തി നീ ചെയ്യുക. ഭൂമിയെ മുഴുവൻ കീഴടക്കി ദിക്കുകളിൽ കീർത്തി നിറയ്ക്കുക." രാജാവിന്ന് തോൽവി പറ്റാത്ത വില്ലും അസ്ത്രങ്ങളും മുനി നൽകി. മഹർഷിയുടെ അനുവാദത്തോടെ രാജാവ് പാളയത്തിലേക്കു മടങ്ങി.

മഗധരാജാവായ സുവർമാവ് അനാഥമായ ഹേഹയരാജ്യം കീഴടക്കിയെന്നു കേട്ട രാമഘടൻ മന്ത്രിമാരോടു കൂടി ആലോചിച്ചു. തന്റെ പിതൃപൈതാമഹമായ ഹേഹയരാജ്യം വീണ്ടെടുക്കാഞ്ഞാൽ സുവർമാവ് ഭൂമി മുഴുവൻ ക്രമത്തിൽ കൈയടക്കും. സുവർമാവിനെ കീഴടക്കിയാലാകട്ടെ, ഭൂമി തനിക്കു കീഴടങ്ങിയതു പോലായിക്കഴിഞ്ഞു. അതിനാൽ ആദ്യമായി സുവർമാവിനെ എതിർക്കുകയാണ് വേണ്ടത്. രാമഘടന്റെ ഈ അഭിപ്രായത്തോട് മന്ത്രിയായ നാവികൻ യോജിച്ചില്ല. അടുത്തുള്ള രാജാക്കന്മാരെ ജയിച്ച് ദക്ഷിണാപഥം പൂർണമായി കീഴടക്കിയ ശേഷം, മെല്ലെ, സുവർമാവിനെ ജയിച്ചാൽ മതിയെന്നായിരുന്നു മന്ത്രിയുടെ ഉപദേശം. ഈ ഉപദേശം സ്വീകരിച്ച് രാമഘടൻ അടുത്തുള്ള ശത്രുക്കളെ ആക്രമിച്ചു. അവർ കോട്ടകളിൽ അടച്ചിരുന്നപ്പോൾ അദ്ദേഹം പുല്ലും പൊടിയുമിട്ട് കിടങ്ങു തൂർത്ത് ആനകളെക്കൊണ്ട് കോട്ടയുടെ ഗോപുരവാതിൽ പൊളിച്ച് അവരെ വധിച്ചു. ചില എതിരാളികൾ അദ്ദേഹത്തെ നമസ്കരിച്ചു. മററു ചിലർക്ക് തുറുങ്കുകളിൽ കാൽച്ചങ്ങല കിലുക്കി ഇരിക്കേണ്ടിവന്നു. ഇങ്ങനെ ദക്ഷി

പ്രൗഢപ്രതാപവിധുരീകൃതവിശ്വലോകേ
മധ്യം വ്രജത്യഹിമരോചിഷി വാസരസ്യ
സാനുസ്ഥലീഷു ശിശിരാസ്വഥ ശൈല-
ഭർത്തുഃ
പ്രാവർത്തയന്നരപതിഃ പൃതനാനിവേശം 59

സദ്യഃ പരിഷ്കൃതജലം ജലസന്നിവേശൈഃ
ക്ഌപ്താപണം കൃതമനോഹരവേശവാടം
നിർവൃത്തഹസ്തിഹയധാമ നഗാധിഭർത്തുഃ
പ്രസ്ഥാന്തരം പുരമിവോജ്ജ്വലമാബഭാസേ. 60

ക്ഷിതിപതിരവരുഹ്യ സ്യന്ദനാൽ ക്ലാന്ത-
വാഹാൽ
നൃപതിഭിരവതീർണ്ണൈരന്വിതോ വാഹ-
നേഭ്യഃ
സ്വകുലസമയവിദ്ഭിർവന്ദിഭിഃ സ്തൂയ-
മാനഃ
സുലളിതമുപകാര്യാം കല്പിതാമാസസാദ 61

വിശ്രാന്താസ്സഹ പതിഭിർവിലാസവത്യോ
നിർവൃത്തസ്ഫുടതരനിർഝരാഭിഷേകാഃ
പ്രച്ഛായേഷ്വവനിരുഹാം പൃഥൂപലേഷു
ശ്ലിഷ്യന്ത്യസ്സുതഗതീൻ സുഖം നിഷേദുഃ 62

പയസി സരിതസ്സംസികതാനാം നിബന്ധ
മുപേയുഷാം
മുഖരദശനം കുർവാണാനാം മുഹുഃ കബള
ഗ്രഹം
സ്വബലകരിണാം ഹൃഷ്ടോ വർഗഃ സമം
ജയവാജിഭിഃ
കടകമുരഗം ക്ഷോണീഭർത്തുർഭൃശം തമ
ഭൂഷയൽ 63

പര്യാകുലാഖിലവനം ശിബിരം
ജനൗഘൈഃ
പത്യുർ ഭുവസ്സ്വദചലോ ബിഭരാം ബഭൂവ
നിശ്ശേഷവിഷ്ടപശിവസ്യ നിദാഘധാമ്നോ
ബിംബം വിസർപ്പികിരണൗഘമിവോദ
യാദ്രിഃ 64

ഇതി മൂഷകവംശേ
തൃതീയഃ സർഗഃ

ണാപഥം മുഴുവൻ ജയിച്ച് അദ്ദേഹം കിഴക്കൻ കടലിൻെറ തീരത്തു കൂടെ വിന്ധ്യപർവതത്തിലെത്തി നർമദാതീരത്ത് പാളയമടിച്ചു. രാമഘടൻെറ യുദ്ധയാത്രയെപ്പററിയറിഞ്ഞ സുവർമാവ് ഉത്തരാപഥത്തിലെ രാജാക്കന്മാരുടെ സൈന്യങ്ങൾ സമാഹരിച്ച് യുദ്ധത്തിന്ന് അവിടെ വന്നെത്തി[18].

---

18. പ്രസ്ഥിതോഽഥ കടകാൽ പ്രഥീയസീം
സന്നിവൃത്യ വിനയേന സാവനീം
ജന്മഭൂമിമിവ പുണ്യസമ്പദാ-
മാശ്രമം സ ഭൃഗുഭർത്തുരാസദൽ 4.1
സോഽവതീര്യ വിനിവർത്തിതാദ്രഥാൽ
സന്നിവേശ്യ ബഹിരാനയാത്രികം
ആവിശൽ സഹ പുരോധസാ ശനൈർ
ഭാർഗവസ്യ സദനം മഹീപതി: 10
സംപ്രവിശ്യ പുര ഏവ കർമണാ-
മന്തരേ സവിനയം പുരോഹിത:
പാദമൂലഗമനക്ഷണാർഥിനം
ഭാർഗവായ നൃപതിം ന്യവേദയൽ 11
പാലനേന ധരണേരഥാസ്യ സ
പ്രീണിതോഽനുഗതധർമവർത്മന:
ഉത്തമസ്യ നൃപതേരുപാഗമം
സദ്യ ഏവ മുനിരന്വമന്യത 12
അഗ്രത: പ്രചലതാ പുരോധസാ
ഭൂപതിസ്സഹ മുനിം സമാസദൽ
പൂർവജേന ശനകൈർഗതുത്മതോ
വാസരം നവ ഇവാഹിമദ്യുതി: 13
ജാമദഗ്ന്യചരണാംബുജന്മനോ
രോഹിതാഞ്ജലിപുടാവതംസകം
ഭക്തിഭാരമിവ വോഢുമക്ഷമം
പ്രാണമൽ സപദി ഭൂപതേശ്ശിര: 14
ഉന്നിനായ ജമദഗ്നിനന്ദന:
സന്നതം സപദി മേദിനീപതിം
ഉത്ഥിതം തമുദയേ ജഗൽപ്രിയേ
മുഗ്ധചന്ദ്രമിവ വാസരാത്യയ: 15
ആയുധഗ്രഹകിണാങ്കവിപ്ലവാ-
ദാമൃശന്നപരുഷേണ പാണിനാ
പ്രീയമാണഹൃദയോ നരേശ്വരം
വ്യാജഹാര വചനം മുനീശ്വര: 16
സാഹസാന്മമ സമുദ്രമേഖലാ
വത്സ ഭൂരിയമനാഥതാം ഗതാ
രാഹുരുദ്ധതപനാംശുമണ്ഡലാ
ദ്യൗരിവാദ്യ സമുപൈതി ശോച്യതാം 17
പ്രസ്ഥിതോഽഹമമുനാ ച വർത്മനാ
നാലമസ്മി ജഗതീമവേക്ഷിതും
കാല ഏവ വിധിനാ സമുത്ഥിത:
കർമണീഹ ഘടിതും തദർഹസി 18
ഉദ്യതാഽഖിലമധിഷ്ഠിതം ത്വയാ
ബ്രധ്നദീപ്തമിവ വാസരം ജഗൽ
ഗോചര: പ്രചരതാം സമന്തതോ
നോപസർഗതമസാം ഭവിഷ്യതി 19
തദ് വിജിത്യ കുലശൈലകുണ്ഡലാം
പാഹി വീര സകലാം വസുന്ധരാം
പൂരയിഷ്യസി ദിശോഽഥ കീർത്തിഭി-
ശ്ചന്ദ്രികാഭിരിവ പൂർണചന്ദ്രമാ: 20
ഇത്യുദീര്യ സ നൃപായ ദത്തവാൻ
അസ്ത്രജാതമജിതം ച കാർമുകം
സേന്ദ്രചാപമിവ ധാമ വൈദ്യുതം
തോയദായ ചലതേ തപാത്യയ: 21
ചോദിതോഽഥ ജമദഗ്നിസൂനുനാ
സപ്രണമ്യ ശിരസാ തമാദരാൽ
ആകുലം ബലഗജേന്ദ്രബൃംഹിതൈ:
പ്രത്യവാപ ശിബിരം ധരാപതി: 23
ശുശ്രുവാനഥ ഹൃതാനനാഥവ-
ന്മാഗധേന സ നൃപേണ ഹേഹയാൻ
കോപദോഷകലുഷീകൃതാശയോ
മന്ത്രിഭിസ്സഹ രഹസ്യമന്ത്രയൽ 24
യാ നൃപേണ വിഹിതാ മഹിഷ്മതാ
പാലിതാ ച ഗുരുഭിർ നിരന്തരം
മാഗധേന കില ദൂരവർത്തിന:
സാ ഹൃതാ മമപുരീ സുവർമണാ 27
പ്രായശ: കബളിതേ സുവർമണി
ഗ്രസ്തമേവ സകലം മയാ ജഗൽ
ലംഘിതാഖിലദിശി സ്വതേജസാ
രാഹുണാ ദിനമിവാഹിമദ്യുതൗ 31
ഉദ്വിപക്ഷമപഹത്യ മാഗധം
തദ്ഗതാമപഹരൻ നൃപശ്രിയം
മണ്ഡലാന്യഥ പരാണി സർവത:
ക്ഷ്മാഭുജാം മമ ഭുജോ ഹരിഷ്യതി 34
തർക്ക ഏഷ ഹൃദി മേ വ്യവസ്ഥിതോ
നിർണയോ നനു ഭവൽസു തിഷ്ഠതി
ജ്യാനികാഷകിണവേണികർക്കശൗ
വിക്രമേഷ്വധികൃതൗ ഭുജൗ മമ 35



ഈ സർഗത്തിലെ 27, 34 എന്നീ പദ്യങ്ങളിൽ "മാഗധ" എന്ന പദത്തിൻെറ സ്ഥാനത്ത് "മാധവ" എന്ന പദം പകർത്തുപ്രതിയിൽ ചേർത്തു കാണുന്നു. ഇതിനെ ആസ്പദമാക്കി മഗധരാജാവിൻെറ പേർ "മാധവവർമ" എന്നായിരുന്നുവെന്ന് ഗോപിനാഥറാവുവും അദ്ദേഹത്തെത്തുടർന്ന് പല ലേഖകരും പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ സുവർമാ എന്ന പേർ സംശയാതീതമാംവിധം പല പദ്യങ്ങളിലും ആവർത്തിച്ചു കാണുന്നുണ്ട്. പേരെന്തായാലും, അതുകൊണ്ട് വ്യത്യാസമൊന്നും വരാ

---

ഇത്യുദീര്യ വചനം വ്യവസ്ഥിതേ
രോഷദൂഷിതമതൗ നരാധിപേ
ഉത്തമോഽഥ വിനയേന മന്ത്രിണാം
നാവികോ വചനമിത്യഭാഷത. 36
ഉത്ഥിതസ്യ വിവിധൈരുപക്രമൈർ
വിശ്വലോകവിജയേ ത്വയാഽധുനാ
ഭൂഭൃതോ ജഗതി ചാരചക്ഷുഷ:
സർവ ഏവ നനു വിദ്വിഷ കൃതാ: 43
തത്പ്രവൃത്തിമധിഗമ്യ ച സ്ഫുടം
ദക്ഷിണാപഥഭുവോ നരേശ്വരാ:
ഉത്ഥിതാഖിലവിരോധമാസതേ
സാംപ്രതം കിലമിഥസ്സമാഗതാ: 44
തത്ര നാതിമഹതാപ്യനന്തരൈർ
വിഗ്രഹേഷു വിഭവേന ശത്രുഭി:
രക്ഷിതും നൃപതിനാ ഹി ശക്യതേ
വിദ്വിഷാമഭിഭവാത്സ്വമണ്ഡലം 46
തൽ ക്രമേണ നൃപതീനനന്തരാൻ
സന്നിഗൃഹ്യ ജിതദക്ഷിണാപഥ:
തദ്ബലേന സഹ ശാത്രവം ശനൈ-
രിദ്ധശക്തിരനഘസ്ത്വമേഷ്യസി 48
ഇത്യമുഷ്യ വചനം പ്രമാണയൻ
പൂർണശക്തിരഥ ശുദ്ധമണ്ഡല:
ഗുപ്തമൂലമചലൈ: സമം ബലൈ-
രഭ്യയാത്സ നൃപനീനനന്തരാൻ 50
കേതുയഷ്ടിലിഖിതാഭ്രശീകര-
ധ്വസ്തരേണുഭിരനുദ്രുതോ ബലൈ:
കൈശ്ചിദേവ നൃപതി: പ്രയാണകൈർ
വിദ്വിഷാം ഭുവമുപാസസാദ സ: 52
ഉച്ചചാല പുരത: കുലം ദ്വിഷാ-
മുത്ഥിതേ നൃപതി തൂര്യനിസ്വനേ
ഗർജതി സ്ഫുടതരം ഘനാഘനേ
സിംഹയൂഥമിവ ശൈലകന്ദരാൽ 53
ഭിന്നവാജിഗജപത്തിശോണിതാ-
പ്ലാവിതാഖിലമഹീതലാന്തരം
ബാണയൂഥപിഹിതാംബരം തത:
സംയുഗം ക്ഷിതിഭൃതാമവർത്തത 54
ഉദ്യതോ ദിനപതേരിവാഗ്രത:
സ്ഥാതുമസ്യ രിപുചക്രമക്ഷമം
അന്ധകാരമിവ ഗഹ്വരം ഗിരേർ-
ദുർഗമാശു ശരണം വ്യഗാഹത 56
സ പ്രസാരഹൃതസർവവീവധ:
സന്നിരുധ്യ സകലം സുഹൃദ്ബലം
സേനയാഥ ബഹുമുഖ്യനാഥയാ
ദുർഗരോധമകരോൽ സ്വവിദ്വിഷാം 57
സ ക്ഷണേന തൃണപാംസുസഞ്ചയൈ-
സ്സംപ്രപൂര്യ പരിഖാസ്സമന്തത:
ദന്തിദന്തദളിതാർഗളം ബലൈർ
ദ്വാരമാശു നൃപതിർവ്യജീഘടൽ 59
ഭംഗുരം വപുരുദസ്യ സംയുഗേ
വിദ്വിഷോഽസ്യ ദധതസ്സിതം യശ:
ക്ഷോണിമണ്ഡലമപാസ്യ ഭേജിരേ
സ്വർവധൂബൃഹദുരോജമണ്ഡലം 60
സംപ്രധാര്യ വിഷയം ഗുണസ്യ തജ്-
ജ്യായസി സ്ഥിതവിധേർനയാനുഗാ:
കേചിദസ്യ മണിപാദപീഠികാം
പസ്പൃശു: സ്വമകുടാഗ്രകോടിഭി: 61
ഭൂതലാർപ്പിതദൃശോഽഭിസംയതാ:
ശ്വാസപാതപരിതപ്തവക്ഷസ:
പാദശൃംഖലരവൈരഥാപരേ
ബന്ധനാലയഗുഹാമദധ്വനൻ 62
ഇത്ഥമാശു സകലം സ നിർജയൻ
ദക്ഷിണാപഥനരേന്ദ്രമണ്ഡലം
പൂർവസിന്ധുതടവർത്മനാ ഘനൈ-
ശ്ശീതളേന തരുഭിശ്ശനൈര്യയൗ 64
അഥ കബളിതഭാസ്വച്ചന്ദ്രതാരം സുപൂഗൈ:
ശിഖരമണിരുചീനാം ശൃംഗശങ്കാവഹാനാം
ത്രിഭുവനമഹനീയം ശാസനം കുംഭയോനേർ-
വിദധതമിവ വന്ധ്യം വിന്ധ്യശൈലം
നിദധ്യൗ 65
സ്വഭ്രൂക്ഷേപവശാനുഗാമിതി ശനൈ:
കൃത്വാ ദിശം ദക്ഷിണാം

നില്ല. കാരണം, കഥയുടെ ഈ ഭാഗം ഐതിഹ്യത്തിൻെറ മേഖലയിലാണ് നടക്കുന്നത്; ചരിത്രത്തിൻെറ മേഖലയിലല്ല. അറിയപ്പെട്ട ഏതെങ്കിലും മഗധരാജാവുമായി സുവർമാവിൻെറ അഭേദം കല്പിക്കുവാൻ പററിയ യാതൊരു തെളിവും നമ്മുടെ കൈയിലില്ല.

മൂഷികൻ മാഗധന്ന് ഒരു ദൂതനെ അയയ്ക്കുന്നതാണ് അഞ്ചാം സർഗത്തിൽ വർണിക്കുന്നത്. പൈതൃകമായ രാജ്യം തനിക്കു തിരിച്ചുതരണമെന്ന് ഹേഹയരാജാവ് അഭ്യർഥിക്കുന്നതായി ദൂതൻ സുവർമാവിനോടു പറഞ്ഞു. "കയ്യൂക്കു കൊണ്ട് കീഴടക്കിക്കൊൾക" എന്നായിരുന്നു സുവർമാവിൻെറ ഉത്തരം. അപ്പോൾ സാമം വിട്ട് ദൂതൻ ഭേദത്തിലേക്കു തിരിഞ്ഞു. ദൂതൻെറ വാക്കുകൾ കേട്ട് സുവർമാവിൻെറ സാമന്തരാജാക്കന്മാർ കോപിച്ചു. അവർക്ക് തക്കതായ ഉത്തരം നൽകി ദൂതൻ കോലരാജാവിൻെറ അടുത്തു തിരിച്ചെത്തി. അദ്ദേഹമാകട്ടെ, യുദ്ധത്തിൽ തൽപരരായ രാജാക്കന്മാരുമൊത്ത് മദ്യപിച്ച് രാത്രി കഴിച്ചുകൂട്ടി[19].

ദർപ്പാന്ധദ്വിപവാജിഭി: പരിവൃതോ
വശൈ്യർന്നൃപാണാം ബലൈ:
രേവാപങ്കജസൗരഭപ്രണയിനാ വാതേന
ധൂതശ്രമം
സ്കന്ധാവാരമധത്ത വിന്ധ്യകടകാ-
ഭോഗേഷ്വസൗ ഭൂപതി: 66

ആകർണ്യ താവദഖിലക്ഷിതിപാലജിഷ്ണും
ഉദ്യോഗമപ്രതിഹതം കച്ചിദപ്യമുഷ്യ
ക്ഞപ്തോത്തരാപഥനരേന്ദ്രബലസ്സുവർമാ
ശൈലം തമേവ നൃപതിർദ്രുതമാസസാദ 67

ഉപഗതമഭിയോക്തും മാഗധം ഖ്യാതവീര്യം
ശിവ ഇവ സുരശത്രും ശുശ്രുവാൻ മൂഷികേന്ദ്ര:
ജനിതഹൃദയതാപേ മൂർഛതി സേ/
പി ധാമ്നി
പ്രമദമുപനതേന പ്രാപ യുദ്ധോത്സവേന 68

ഇതി മൂഷികവംശേ
ചതുർഥ: സർഗ:

19. സംപ്രധാര്യ സചിവൈസ്സഹ കാര്യം
മൂഷികോ/ഥ ബലപൗരുഷയുക്തം
അർഥവേദിനമുപസ്ഥിതവാചം
മാഗധായ വിസസർജ സ ദൂതം 6.1

നിർഭരം ക്ഷിതിഭൃതാം സ ചമൂഭിർ-
വാഹനൈരഥ പരിച്ഛദജാതൈ:
ആകുലം നൃഭിരുപായനഹസ്തൈ:
പ്രാപ ഭൂപതിസദ:പ്രതിഹാരം 8

സ പ്രവിശ്യ വിദിതോ/ഥ വിനീത:
സപ്രഭാഹതരുചാം നൃപതീനാം
മധ്യഭാജമവനീപമപശ്യൽ
ജ്യോതിഷാമിവ സഹസ്രമയൂഖം 9

തം പ്രണമ്യ ശിരസാ/ഞ്ജലിഭാജാ
സൽകൃതം ഭുവിനി വിഷ്ടമദൂരേ
ഭാസുരസ്മിതമരീചിപരീതം
വ്യാജഹാര വചനം മഗധേന്ദ്ര: 10

ബദ്ധവൈരമപി മാമകചേതോ
നിഘ്നതാം നയതി യദ് ഗുണരാശി:
അപ്യസൗ നിജകുലാങ്കുരഭൃതോ
മൂഷികോ നരപതി: കുശലീ തേ? 11

പ്രേഷണേന ഭവതോ മയി രാജ്ഞോ
മൂഷികസ്യ ഗുരുകാര്യമവൈമി
പ്രായശോ ലഘുഷു കർമസു ധീരാ
ജ്യായസോ ന പുരുഷാൻ ഘടയന്തി 12

കഥ്യതാമഭിമതം തദശേഷം
പ്രേഷിതസ്ത്വമിഹ തേന യദർഥം
കൃത്യമസ്തി ന സതാമഭിനിന്ദ്യൈ-
രർഥിനാമസുലഭൈർവിഭവൈർന: 14

ഉക്തവന്തമിതി മുക്തവികാരം
ശുദ്ധവൈരവിശദേന മുഖേന
ഭൂപതിം തമഥ ഹേഹയഭർത്തു:
പ്രത്യുവാച വിനയേന സ ദൂത: 16

തത്ര ഹേഹയപതിസ്സ ഭവന്ത:
കാലയോഗഗളിതം നിജമേവ
പാവകാദിവ രവി: കരജാലം
പ്രത്യവാപ്തുമഭിവാഞ്ഛതി രാജ്യം 21

........പ്രത്യുവാച വചനം മഗധേന്ദ്ര: 27

ക്ഷത്രിയസ്യ ജനനാദ് ഭവതി സ്വം
ക്ഷോണിരേവ ചതുരർണവസീമാ
പാലനേ തു നിയമോ ബലതന്ത്ര:
പൂർവഭോഗകഥയാ/ത്ര കൃതം ന: 30

അർഥനൈവ പരഹസ്തഗതം യ-
ല്ലിപ്സ്യതേ സ്വമപി കിഞ്ചന സാമ്നാ
ആശ്രിതാ ഗതിരിയം യശസേ ച
ശ്രേയസേ ച ന ഭവിഷ്യതി രാജ്ഞാം 31

യ: പ്രസാധയതി ഗാം ചതുരന്താം
ന ത്യജേദ് ഭുവമസൗ സമവാപ്താം



മാഗധനും മൂഷികനും തമ്മിലുള്ള യുദ്ധം ആറാം സർഗത്തിൽ വർണിച്ചിരിക്കുന്നു. രഥത്തിൽ കയറി മൂഷികൻ യുദ്ധത്തിന്നു തയ്യാറായി. സൈന്യങ്ങൾ നശിക്കുന്നതു കണ്ട് മാഗധൻ—ഇവിടെ അദ്ദേഹത്തെ "വത്സകേശ്വരൻ" എന്നും കവി വിശേഷിപ്പിക്കുന്നു—രഥത്തിലേറി നേരിട്ടു വന്നു. ആഗ്നേയാസ്ത്രം, പർജന്യാസ്ത്രം, നാഗാസ്ത്രം, ഗരുഡാസ്ത്രം മുതലായ ദിവ്യാസ്ത്രങ്ങൾ അവർ പരസ്പരം പ്രയോഗിച്ചു. ഒടുവിൽ മൂഷികൻ സുവർമാവിൻെറ കുതിരകളെയും സാരഥിയെയും കൊന്നു. തേരില്ലാത്ത മാഗധനെ എതിർക്കാൻ തേരിൽ നിന്നിറങ്ങി ഗദയുമേന്തി ചെന്നു. ഗദായുദ്ധത്തിൽ സുവർമാവ് മരിച്ചു. ഇതോടെ സുവർമാവിനെ ആശ്രയിച്ചിരുന്ന രാജാക്കന്മാരെല്ലാം മൂഷികൻെറ ഭാഗത്തു ചേർന്നു. സുവർമാവിൻെറ ശരീരം യഥാവിധി സംസ്കരിച്ച ശേഷം മൂഷികൻ ഹേഹയരാജ്യത്തേക്കു ചെന്നു. മാഹിഷ്മതീനഗരം കൊടികൾ തൂക്കി അദ്ദേഹത്തെ എതിരേററു. മാഗധൻെറ പുത്രിയായ ഭദ്രസേനയെ മൂഷികൻ വിവാഹം ചെയ്തു. ഭദ്രസേനയുടെ സഹോദരനെ മഗധരാജാവാക്കി. ക്രമേണ ഭാരതവർഷം മുഴുവൻ മൂഷികൻെറ കീഴിലായി. മററു വർഷങ്ങളെയും കീഴടക്കി രാമഘടമൂഷികൻ ചക്രവർത്തിപദമേററു. വടു എന്നും നന്ദനൻ എന്നും രണ്ടു പുത്രന്മാർ രാമഘടന്നുണ്ടായി. അദ്ദേഹം മൂത്ത മകനായ വടുവിനെ ഹേഹയരാജാവാക്കി ഇളയ മകനായ നന്ദനനോടു കൂടി തിരികെ കോലരാജധാനിയിലേക്കു പോന്നു. അവിടെ വെച്ച് അശ്വമേധം മുതലായ പല യാഗങ്ങളും ചെയ്തു. നന്ദനനിൽ രാജ്യഭാരമർപ്പിച്ച ശേഷം വനവാസം സ്വീകരിച്ച് യോഗാഭ്യാസത്തിൽ മുഴുകി മുക്തി പ്രാപിച്ചു.[20].

പൂര്യമാണതനുകോ ഹിമരശ്മി:
കിം കലാമധിഗതാം വിജഹാതി? 34

ഉക്തവന്തമിതി യുക്തിമതീം ഗാം
ഭൂപതിം തമനപേക്ഷിതസാന്ത്വം
ഉദ്ധതോ ഭുജബലാദഥ ഭർത്തു:
പ്രത്യുവാച പുനരേവ സ ദൂത: 35

ഉത്തമോ നമതി സാമവിധാനാൽ
മധ്യമോ ജഗതി സിധ്യതി ദാനൈ:
നിഷ്ഫലാക്ഷവചസോ മതിമോഹോ-
ദണ്ഡ ഏവ ദമയിഷ്യതി നീചാൻ 50

കോലഭർത്തുരിതി ശംസതി ദൂതേ
ഭാരതീം സദസി വീതവിശങ്കം
ആതപോ രവിമണീനിവ കോപ:
പാർഥിവാൻ ഭൃശമമൂനദിദീപൽ 54

ഭർത്തരി പ്രകുപിതേ/പി മഹിമ്നാ
ന സ്വയം ദിശതി യൽ പ്രതിവാചാം
ഉത്സസർജ വചനാശനിമുഗ്രം
ഭൂഭൃതാം സ രഭസേന സമൂഹ:
ഗൃഛ ദൂത വചനസ്യ തവാസ്യ
ശ്രോഷ്യതി പ്രതിവചോ നൃപതിസ്തേ
ആഗസാം ജഗതി ഭൃത്യകൃതാനാ-
മീശ്വരേ നനു പതിഷ്യതി ദണ്ഡ:
അസ്മദസ്ത്രപരികൃത്തതനൂനാം
ശോണിതാസവമരാതിചമൂനാം
പാസ്യതി പ്രണയിനേവ വിലാസി-
ന്യന്തകേന സമമദ്യ ധരിത്രീ 64

ഇത്യുക്തവ്വാ നരപതിഭിർ നിരസ്യമാനോ-
ദത്വാ തത്സദൃശമഥോത്തരം സ ഭൂയ:
ആകാംക്ഷത്യഹിമരുചൗ ദിശം പ്രതീചീ-
മഭ്യാശം പ്രണിധിരുപാഗമൽ സ്വഭർത്തു: 68

ആകർണ്യ ദർപമഥ ദൂതമുഖാദ്രിപൂണാം
ക്രുദ്ധസ്യ ദീപ്തമവലോക്യ മുഖം നൃപസ്യ
ഭാനുസ്സ്വമണ്ഡലപരാജയശങ്കയേവ
പാർശ്വം ജഗാമ പരമസ്തമഹീധരസ്യ 69

നിജഭുജബലവീര്യഖ്യാപനാസക്തചിത്തൈ:
സഹ നൃപതിസമൂഹൈരുത്ഥിതേ
സാംപരായേ
ശിവകര ജയലക്ഷ്മീസംഗമാൽകണ്ഠി-
തോ/സൗ
വ്യഗമയദഥ രാത്രീം വീരപാനോത്സ
വേന 70

ഇതി ശ്രീ മൂഷികവംശേ
പഞ്ചമസ്സർഗ:

20 അഥ ക്രമാ വിധിവദഹർമുഖോചിതാം
സ കർമണാം സപദി വിധായ ദംശിത:
ധൃതായുധോ രഥമധിരുഹ്യ സജ്ജിതൈ-
സ്സമം ബലൈസ്സമുദചലന്നരേശ്വര:6. 16

ഉപപ്ലവാദതിമഹതോ നിശാകരം
വിഭാവരീ തിമിരചയാദിവോത്ഥിതം
അഭീപ്സിതം പതിമിവ ഹേഹയാശ്രിതാ
മുദാ ചമൂരഭജത മൂഷികേശ്വരം 19

അഥോല്ലസൽപൃഥുതരസൈന്യകാനനൗ
പ്രവൃദ്ധയാ സപദി രുഷാ പ്രചോദിതൗ

നന്ദനൻെറ വനവിഹാരം, ജലകേളി, മധുപാനം മുതലായവയുടെ വർണ്ണനങ്ങളാണ് ഏഴ്, എട്ട്, ഒമ്പത്, പത്ത് എന്നീ സർഗങ്ങളിൽ. ജ്യേഷ്ഠനായ വട്ടവിനെ പിതാവിനെപ്പോലെ കരുതിയ നന്ദനൻ സ്വതേജസ്സു കൊണ്ട് പ്രജകളെ വിനീതരാക്കി. മന്ത്രിമാരിൽ രാജ്യഭരണഭാരം സമർപ്പിച്ച് വിഷയോപഭോഗത്തിൽ മുഴുകി. സുന്ദരിമാരുമൊത്ത് വിഹരിക്കാനാഗ്രഹിക്കുന്ന അദ്ദേഹത്തിൻെറ

പരസ്പരം പ്രളയസമീരണാഹതൗ
ശിലോച്ചയാവിവ നൃപതീ സമീയതു: 22

ഹാത ബാല മഹതി രഥൈക സാധന:
സ മൂഷികം നരപതിരഭ്യവർത്തത
പരിക്ഷയേ ചരമകലാവ്യവസ്ഥിതോ
വിഭാവരീകര ഇവ വത്സകേശ്വര: 44

അഥ ക്ഷണാദ്രിപുഗണശോണിതാരുണൈർ
ധരാപതിർ നിശിതമുഖൈ ശ്ശിലീമുഖൈ:
സ്വരംഹസാ ജിതപവനാനപാതയൽ
സുവർമണോ രഥതുരഗാൻ സസാരഥീൻ 52

ഇദം ക്ഷമം യുധി വിരതസ്യ ഭൂപതേ-
രിതി സ്വയം തദനുഗുണ പഥി സ്ഥിത:
ഗദാധര: സ്വരഥവരാദവിക്ഷതാ-
ദവാതരദ് ദ്രുതമഥ മൂഷികേശ്വര: 52

സമുജ്വലം വദനമമർഷവഹ്നിനാ
ദധൽ പരോ/പ്യഥ ഗദയാതിഭീമയാ
അവാതരദ്ദ്രുതമിവ ദീപ്തഭാസ്കരോ
മഹോൽകയാ യുഗപരിവൃത്തിവാസര: 54

സ്വതേജസാ സപദി വിദീപിതാന്തര:
പ്രഗർജിതക്ഷുഭിതസമസ്തദിങ്മുഖ
വനസ്പതൗ ജലദ ഇവാശനിം ഗദാം
സുവർമണി ക്ഷിതിപതിരഭ്യപാതയൽ 58

ഗദാഹതിവ്യഥിതതനുസ്സ തൽക്ഷണം
പതൻ ഭുവി പ്രമുഷിതയാ/ഥ സംജ്ഞയാ
നരാധിപോ ഹിമഗിരിസിന്ധുസീമയാ
നവശ്രിയാ സമമസുഭിർവ്യയുജ്യത 59

പരാസുതാമുപയതി തത്ര ഭൂപതാ-
വശിശ്രിയുർധരണിഭൃതോ/ഥ മൂഷികം
വനസ്പതൗ പരിപതതി സ്വസംശ്രയേ
പുനർദ്രുമം പരമിവ പത്രവാഹനാ: 60

സുവർമണഃ ക്ഷിതിപതിരഗ്നിസാൽക്രിയാം
പ്രയോജ്യ സ പ്രഥിതയശാ യഥാവിധി
സ്വവിക്രമശ്രവണനിബദ്ധകൗതുകം
പ്രമോദയൻ ജനമജിഹീത ഹൈഹയാൻ 62

മാഹിഷ്മതീമഥ ഗത: പ്രചലൽപതാകാം
പാത്രീഭവൻ പുരവധൂനയനോത്സവാനാം
അന്ത പ്രമോദമവഹൻ നൃപതി: സമേത്യ
ജാതിസ്മരോ ജന ഇവാപരജന്മഭൂമിം 63

തത്ര പ്രവിശ്യ നൃപമന്ദിരമൂർധചിത്രം (?)
ഏത്വാ സുതാം ക്ഷിതിപതേരഥ ഭദ്രസേനാം
മാത്രാ സമർപിതമമുഷ്യ സുതം മഹീയാൻ
സമ്യക് ചകാര നൃപതിം മഗധാധി നാഥം 64

കന്യാമമൈഥനാം പരിണീയ കാന്താ-
മധ്യാസ്യ താം ഹൈഹയരാജധാനീം
സംശോധയാമാസ നയാഗമജ്ഞ:
സ ഭാരതം നാതിചിരേണ വർഷം 65

ക്രമേണ വർഷ്യാണ്യപരാണി ജിത്വാ
ദ്വീപാംശ്ച ശീതദ്യുതിവംശദീപ:
ഭൂത്വാ സ രാജാ ഭുവി ചക്രവർത്തീ
ഭ്രൂക്ഷേപനേയാ: കകുഭോ ബഭാര 66

പുത്രാവഥാസ്യ വട്ടനന്ദനനാമധേയൗ
ഖ്യാതൗ ജഗത്സു മഹിഷീ ജനയാം ബഭൂവ
വ്യാതന്വതീ ഹൃദി പദം വിനയോപപന്നാ
നീതി: പരാ നരപതേരിവ കോശദണ്ഡൗ 67

പുത്രേ കൃത്വാ ശ്രിയമനുപമാമഗ്രജേ
ഹൈഹയാനാം
പൃഥ്വീപാലസ്സ പുനരപരേണാന്വിതോ
നന്ദനേന
സ്വസ്തിം കുർവൻ ദിശിദിശി കരൈ:
കല്പയിത്വാ ക്ഷിതീശാൻ
ഭൂയ: കോലം ഭുവനതിലകം പ്രാവിശ-
ദ്രാജധാനീം 68

ക്രതുഭിരമരഭർത്തുർ വാജിമേധപ്രധാനൈ:
പ്രമദമുദിതശങ്കാവിശ്ലഥം സന്ദധാന:
പ്രിയയുവതിമിവൈകാം വൃദ്ധിഹേതും
പ്രജാനാം
സ ചിരമഭൃത ലോകാലോകസീമാം
ധരിത്രീം 70

ഭുവനഭര സഹേ സുതേ......സ്മിൻ
സുചിരധൃതാം ധുരമാത്മനോ നിധായ
അഥ വനമധിഗമ്യ യോഗനിഷ്ഠ:
ശിവമനപായി പദാന്തരം പ്രപേദേ. 71

ഇതി മൂഷികവംശേ ഷഷ്ഠ: സർഗ:



പ്രിയം ആചരിക്കുന്നതിന്നെന്ന പോലെ വസന്തകാലം വന്നണഞ്ഞു. സ്ത്രീകളുമൊത്ത് നന്ദനൻ പർവതത്തിൻെറ വനത്തിലേക്കു പോയി. വസന്തകാലം മുഴുവൻ അദ്ദേഹം വനത്തിൽ വിഹരിച്ചു. തുടർന്നു വന്ന വേനൽക്കാലത്ത് സാമന്തരാജാക്കന്മാരും കാമിനിമാരുമൊത്ത് അദ്ദേഹം വനത്തിന്നടുത്തുള്ള നദിയിൽ ക്രീഡിച്ചു. സന്ധ്യകളിൽ അവർ പാനഭൂമികളിൽ മദ്യപിച്ച് ആഹ്ലാദിച്ചു. പ്രഭാതത്തിൽ വന്ദികൾ നന്ദനനെ സ്തോത്രങ്ങൾ കൊണ്ട് ഉണർത്തി. ഇങ്ങനെ അദ്ദേഹം നെടുനാൾ രാജ്യം ഭരിച്ച ശേഷം സ്വർഗസ്ത്രീസുരതസുഖാന്തരേച്ഛ കൊണ്ടെന്ന പോലെ ഇഹലോകവാസം ഉപേക്ഷിച്ചു[21].

21 അഥ വാസരശ്രീയമിവാഹിമദ്യുതി:
പരമ: പുമാനിവ ച പദ്മദേവതാം
സകലാമുവാഹ ധരണീം സ നന്ദന:
പതിരംഭസാമിവ നദീം ത്രിവർത്മഗാം 7.1

പിതൃനിർവിശേഷവട്ടനാ സ്വതേജസാ
ജഗതി പ്രജാസ്വിഹ വിനീതവൃത്തിഷു
സചിവേഷു ഭാരമവസജ്യ ഭൂപതിർ-
വിഷയോപഭോഗനിരതോ ബഭൂവ സ: 2

അഥ രൂപയൗവനവിലാസശാലിഭി:
തരുണീഗണൈസ്സഹ വിഹർത്തുമിച്ഛത:
പ്രിയമാചരന്നിവ മഹീഭൃത: ക്ഷിതൗ
സമയ: സ്മരൈകസുഹൃദാജഗാമ സ: 3

ഇനി ഒരു നീണ്ട വസന്തവർണനം. അതിന്നു ശേഷം,

അഥ മന്ദഥോദ്ധതതനുഭിരുന്മദൈ:
പ്രമദാജനൈസ്സഹ വിഹർത്തുമായതം
സുരഭിപ്രവേശസുഭടാന്തരം ഗിരേ:
പ്രയയൗ വനം പ്രതി സ ഹൈഹയേശ്വര: 26

മദവിഭ്രമസ്ഖലിതപാദനൂപുര-
ക്വണിതാനുവിദ്ധവലയസ്വനാദ്ഗതാ:
ചലതോ നൃപസ്യ ലളിതൈ: കരാംബുജൈർ-
വ്യജനാനി മന്ദമധുവൻ നതഭ്രുവ: 27

കൃതതൂര്യനാദമിവ പത്രിണാം ഗണൈ:
പ്രചലൽപതാകമിവ ബാലപല്ലവൈ:
അഥ തേ സധൂമമിവ ഭൃംഗപംക്തിഭിർ-
വിവിശുർവനം പുരമിവോത്സവോത്തരം 36

നിബിഡപ്രസൂനഭരനമ്രമൂർധഭി:
സ്വകരപ്രചേയവിഭവൈർമഹീരുഹൈ:
നിചിതാ നിതാന്തമചലസ്ഥലീഭുവ-
ശ്ചകൃഷുർ ദൃശസ്സപദി വാമചക്ഷുഷാം 37

(ഇനി ദീർഘമായ ഒരു വനക്രീഡാവർണനം)

പ്രതിദിനമിതി ഭൂയ: പ്രീയമാണാവരോധ:
സചിവമശിവഹേതും മാനിനീനാം സ്മരസ്യ
ഉപഹിതതരുവല്ലീവ്രാതശോഭം ഗുണൈ:
സൈ്വ:
അകൃത വനവിഹാരൈരക്ഷതാർഥം
വസന്തം 69

ഇതി മൂഷികവംശേ സപ്തമ: സർഗ:

അഥ ജഗദശിവപ്രതാപലക്ഷ്മീ-
രനസൃതശുക്രമുരുക്രമം ദധാന:
അസുരപതിരിവോദ്യയൗ നിതാന്തം
ക്ഷുഭിതമരുൽപ്രസരോ നിദാഘകാല: 8.1

ഇനി ഗ്രീഷ്മവർണനം. തുടർന്ന്,

അഥ മൃദുതരകോമളാംഗയഷ്ടിം
യുവതിജനം ഗ്ലപയത്യശീതരശ്മൗ
പയസി സഹ ജനൈ: പതിർനരാണാം
സുഖശിശിരേ സരിതോ വിഹർത്തു
മൈച്ഛൽ 20

സപദി സ നൃപതിസ്സ്വശ്രദ്ധരാഗൈ-
ന്നരപതിഭിർമുദിതൈരനുപ്രയാത:
യുവതിജനയുതോ വനാന്തസിന്ധും
സലിലവിഹാരസമുത്സുക: പ്രതസ്ഥേ 21

അഥ പൃഥുതടപദ്മരാഗധാമ-
ച്ഛുരിതജലാം വിദൂരാപഗാമപശ്യാൽ
അവിരതപരിമൃഷ്ടഗണ്ഡശൈലാം
മദരചനാമിവ ശൈലനാഗഭർത്തു: 32

അഥ മഥിതവിപക്ഷകുഞ്ജരേന്ദ്രേ
കരധൃതപുഷ്കരകാന്തിഭിർവധൂഭി:
അവതരതി വിഭൗ കരേണുകാഭിർ-
ദ്വിരദപതാവിവ നിമ്നഗാ ജഗാഹേ. 44

നീണ്ട ജലകേളീവർണനത്തിന്നു ശേഷം,

ശ്വാസാനുവിദ്ധവിധുതസ്തനഭാരഖിന്നാ:
സ്ഫീതാംഗസാദവിധുരാ: കുടിലാ-
ലസാക്ഷീ:
ശ്രാന്താ വിലോക്യ തരുണീർ ജലകേളിരാഗം
സാർധം നൃപൈർന്നരപതിശ്ശിഥിലീ
ചകാര 60

എട്ടാം സർഗത്തിൻെറ അവസാനത്തിൽ ഏതാനും പദ്യങ്ങൾ പൊടിഞ്ഞുപോയിരിക്കുന്നു. എങ്കിലും കഥാഗതി ഊഹിക്കാം. ഒമ്പതാം സർഗം

അനുഷ്ടുപ്പ് വൃത്തത്തിലുള്ള പതിനൊന്നാം സർഗത്തിന്ന് ഒരു കാവ്യത്തിനോടുള്ളതിലേറെ ഒരു വംശാവലിയോടാണ് അടുപ്പം. ചരിത്രപ്രാധാന്യമുള്ള ഈ സർഗത്തിൽ അക്ഷരവീഴ്ചകൾ ഒട്ടേറെയുണ്ട്. ഉഗ്രൻ മുതൽ കഞ്ചിവർമാവ് വരെയുള്ള അമ്പത്തൊമ്പതു മൂഷികരാജാക്കന്മാരുടെ ഒരു പട്ടിക ഈ സർഗത്തിൽ നിന്നു ലഭിക്കുന്നു.

നന്ദനനു ശേഷം അദ്ദേഹത്തിൻെറ പുത്രനായ ഉഗ്രൻ മൂഷികരാജാവായി. ഭൂമിയിൽ ശത്രുക്കളില്ലാതിരുന്ന അദ്ദേഹം യുദ്ധത്തിലുള്ള ആഗ്രഹം തീർത്ത

സന്ധ്യാവർണനം കൊണ്ടു തുടങ്ങുന്നു. സന്ധ്യാസമയത്തു് സ്ത്രീകളുടെ ചമയലുകൾ, ചന്ദ്രോദയം എന്നിവ തുടർന്ന് വർണിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ:

പരിപാടലകാന്തി വാസരാണാം
വപുരീശസ്യ വിഡംബയാംബഭൂവ
മഥനോദ്ധൃതമന്ദരാദ്രിധാതു-
ദ്രവപാതാരുണിതം മുകുന്ദചക്രം 9.8

പ്രചിതാ ഇവ ധാതുഭിർദ്വിപേന്ദ്രാ:
പരിത: പല്ലവിതാ ഇവ ദ്രുമൗഘാ:
നവവാരിവഹാ ഇവ സ്രവന്ത്യ:
തതഭാസാ ഭുവി സന്ധ്യയാ വിരേജു: 13

ഉദിതാദിവ വല്ലഭസ്യ ദൂതാ-
ദഥ നിശ്ചിത്യ തദാഗമം ഹിമാംശോ:
ഉപചക്രമിരേ സ്ത്രിയോ വിധാതും
പ്രതികർമാണി സമാഗമോചിതാനി 35

സന്ധ്യാന്ധകാരമിവ ഭാഭിരുദസ്യമാന-
മുദ്വേലയൻ മദനമംഭ ഇവാംബുരാശേ:
ഭാവാൻ നിശാകരമണീനിവ ഭാമിനീനാ-
മാർദ്രീചകാര ജഗദേകശിവശ്ശശാങ്ക: 66

ഇതി മൂഷികവംശേ നവമ: സർഗ:

കാമിനീകാമുകന്മാരുടെ മദ്യപാനവും മററുമാണ് പത്താം സർഗത്തിൽ. തുടർന്ന് രാജാവിനെ ഉണർത്തുന്ന വന്ദികളുടെ സ്തോത്രങ്ങൾ. ഒടുവിൽ രണ്ടു പദ്യത്തിൽ അദ്ദേഹത്തിൻെറ ദീർഘകാലഭരണവും മരണവും സംക്ഷേപിച്ചിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ:

സംക്രാന്തസ്ഫുടമുഖഗന്ധമൂർമിഭിന്നം
നിശ്വാസൈ: കലുഷിതമോഷ്ഠയാവകേന
കാന്തായ പ്രചലിതഷട്പദം സമന്താൽ
പ്രായച്ഛന്മധു തരുണീ നിപീതശേഷം 10.8

കാന്തേന പ്രകൃത കചഗ്രഹേണ ലജ്ജാ-
ശാലീനം രഹസി ശനൈസ്സമുന്നമയ്യ
രുന്ധത്യാ മുഖരിതശംഖകം കരാഭ്യാം
മുഗ്ധായാ മുഖകമലം സമാചുചുംബേ 22

സരഭസരതിരാഗഭ്രഷ്ടഭൂഷാകലാപേ
വപുഷി മുദിതകാന്തപ്രേക്ഷണീയം ബഭൂവ
ശ്രമജലകണ ജാലസ്ഥൂലമുക്താനുവിദ്ധം
കരജദശനചിഹ്നം ഭൂഷണം കാമിനീനാം 34

സേ്വദോദ്ഭേദസ്നപിതവപുഷാം ജാല
മാർഗാവതീർണൈ-
രാകൃഷ്ടാനാം കുമുദസരസീബന്ധുഭിർ
ഗന്ധവാഹൈ:
പ്രൗഢായാസപ്രശിഥിലഭുജസ്രസ്തകണ്ഠ
ഗ്രഹാണാം
ചക്രേ നിദ്രാ പദമഥ ശനൈ: കാമിനാമീ-
ക്ഷണേഷു 36

ക്ഷീരോദവാരിധവളേ ശയനേഥ സുപ്തം
പ്രാബോധയന്നുഷസി വന്ദിഗണാ നരേന്ദ്രം
പർജന്യകാലവിരതൗ ലളിതൈർവചോഭി-
രാദ്യം പുമാംസമിവ തുംബുരുനാരദാദ്യാ: 39

വ്യുഷ്ടിം നിശാ വ്രജതി ദേവ വിമുഞ്ച ശയ്യാം
ഉത്തിഷ്ഠതോ ദിവസകൃത്യസമുദ്യമേന
പത്യു: പതത്രിവിരുതൈരരുണ: പുരസ്താൽ
ഉത്സാരയന്നിവ തമ: പദമാദധാതി 40

ഇതി കഥയതി വന്ദിനാം ഗണേ
വ്യതനുത കൃത്യമഹർമുഖോചിതം
പരിസരതി കുലേ പതത്രിണാം
തരണിരിവോച്ചലിതോ ധരാപതി: 65

പൂർവാഗതൈർന്നൃപതിഭിർവിതതം
സമന്താ-
ദാസ്ഥാനമണ്ഡപമഗാഹത മൂഷികേന്ദ്ര:
നക്ഷത്രജാലവിചിതം ഭൃശമണ്ഡലശ്രീ-
രത്യായതം തുഹിനരശ്മിരിവാന്തരിക്ഷം 66

ധർമാർഥകൃത്യമധികം ന മയേ വിധായ
ക്രീഡാരസേഷ്വഭിരതസ്സഹ കാമിനീഭി:
പുഷ്ണൻ പ്രജാ നിയമിതാസ്സുദൃശം പഥി സ്വേ
ദീർഘം ദധൗ സ നൃപതിസ്സകലാം
ധരിത്രീം 67

സമ്പത്തിം മനുജവിലാസിനീ ഗുണം
( ഗുണാനാം ?)
ഭുങ്ക്ഷേ്വതി ക്ഷിതിവലയേ ചിരം ഹി രക്ത:
സംപ്രാപൽ ത്രിദിവമസൗ ശിവോ നരേന്ദ്ര:
സ്വർഗസ്ത്രീസുരതസുഖാന്തരേച്ഛയേവ 68

ഇതി മൂഷികവംശേ ദശമ: സർഗ:



ഇ് ദേവന്മാരുടെ ഭാഗത്തു ചേർന്ന് അസുരന്മാരോടു യുദ്ധം ചെയ്തിട്ടാണ്. അങ്ങനെ സ്വർഗത്തിലേക്കു പോയ ഉഗ്രൻ അവിടെത്തന്നെ വിശ്രമിച്ച്, പുണ്യഫലം അനുഭവിച്ചു. ഉഗ്രൻെറ പുത്രൻ ഉഗ്രധന്വാവ് പിന്നീട് രാജാവായി. ഒരിക്കൽ അനാവൃഷ്ടി മൂലം ഖേദിക്കുന്ന ജനങ്ങൾ അദ്ദേഹത്തെ ശരണംപ്രാപിച്ചു. നിഷ്ഫലമായി ആകാശത്തിൽ സഞ്ചരിക്കുന്ന ഒരു മേഘത്തെ അദ്ദേഹം വില്ലു കൊണ്ടടിച്ച് കടലിലിട്ടു. ഭയപ്പെട്ട മേഘങ്ങൾ ഭൂമിയിൽ മഴ പൊഴിക്കുകയും ചെയ്തു. ഉഗ്രധന്വാവ് പുത്രനായ സിംഹസേനൻെറ കൈയിൽ രാജ്യമർപ്പിച്ച് സന്ന്യസിച്ച് തപസ്സു ചെയ്യാൻ കാട്ടിലേക്കു പോയി. സിംഹസേനൻ ഇണക്കിയ സിംഹങ്ങളെ തേരിൽപ്പൂട്ടി പരാക്രമം പ്രകടിപ്പിച്ചു. സിംഹസേനൻെറ പുത്രനായിരുന്നു. ചന്ദ്രവർമാവ് ശത്രുക്കളുടെ സഹായികളെ അമർത്താൻ കടലിൽപ്പോയ ചന്ദ്രവർമാവ് ബഡവാഗ്നിയിൽപ്പെട്ടു മരിച്ചു. അദ്ദേഹത്തിൻെറ പുത്രൻ ബൃഹത്സേനൻ പിന്നീടു രാജാവായി. ഈ കാലത്തു് ബൃഹത്സേനൻെറ അനുജനായ ഉഗ്രാശ്വൻ രാജ്യം ഉപേക്ഷിച്ച് തപസ്സു ചെയ്യാൻ കാട്ടിലേക്കു പോയി. ആയിടയ്ക്കു് കേരളനാഥാവ് കോലരാജ്യം ആക്രമിച്ചു. (17, 18, 19 ശ്ലോകങ്ങളിൽ കുറെ ഏറെ പൊടിവുണ്ട്. ഇവയുടെ അർഥം വ്യക്തമല്ല). ദീർഘകാലം തപസ്സു ചെയ്യുകയായിരുന്ന ഉഗ്രാശ്വൻ വംശനാശം ഭയന്നു വീണ്ടും വിവാഹം ചെയ്തു. അദ്ദേഹം കേരളന്മാരെ രാജ്യത്തിൽ നിന്ന് ഓടിച്ചു. സ്വന്തം പുത്രനായ ചിത്രകേതനനെ രാജാവാക്കി വീണ്ടും വനത്തിൽ തപസ്സിന്നു പോയി. ചിത്രകേതനൻ നായാട്ടിന്നിടയ്ക്കു് വിന്ധ്യവനത്തിൽ വെച്ച് സിംഹത്താൽ കൊല്ലപ്പെട്ടു. ചിത്രകേതനൻെറ പുത്രനായ സുതസോമൻ (പിന്നീട് ഈ പേർ ശതസോമൻ എന്ന രൂപത്തിൽ കാണുന്നു) നൂറു യാഗം ചെയ്തു. പെരിഞ്ചെല്ലൂർ ഗ്രാമത്തിലെ ശിവക്ഷേത്രം പണിയിച്ചതു് ഈ സുതസോമനാണ് ("ഗ്രാമേ ചേലരനാമനി" എന്നാണ് പ്രസ്താവം). സുതസോമൻെറ പുത്രൻ അശ്വസേനൻ; അശ്വസേനൻെറ പുത്രൻ സിംഹകേതു; സിംഹകേതുവിൻെറ പുത്രൻ വിശ്വപാലൻ. വിശ്വപാലൻെറ പുത്രൻ ശർമദത്തൻ ഒരു വീരശൈവനായിരുന്നു. അദ്ദേഹം ശിവനെ ഒരിക്കൽ നേരിട്ടു കണ്ടു. തനിക്ക് ഇഷ്ടമുള്ളത്ര ആയുസ്സുണ്ടാവണമെന്നഭ്യർഥിച്ചു. "നിൻെറ വംശത്തിൽ ഇനിയങ്ങോട്ട് ഇരുപത്തൊന്നു തലമുറകളിൽ പിറക്കുന്നവർക്കെല്ലാം അവർക്കിഷ്ടമുള്ളത്ര ആയുസ്സുണ്ടാകും" എന്ന് ശിവൻ അനുഗ്രഹിച്ചു. ശർമദത്തൻെറ പുത്രൻ രുദ്രവർമാവ്; രുദ്രവർമാവിൻെറ പുത്രൻ വ്യാഘ്രസേനൻ; വ്യാഘ്രസേനൻെറ പുത്രൻ പൃഥുദ്യുമ്നൻ; പൃഥുദ്യുമ്നൻെറ ദായാദൻ വജ്രധാരൻ; വജ്രധാരപുത്രൻ വലാഹകൻ; വലാഹകപുത്രൻ ഭീമവർമാവ് (ഇവിടെ പദ്യാർഥം വ്യക്തമല്ല); ഭീമവർമപുത്രൻ ബൃഹത്സേനൻ; ബൃഹത്സേനപുത്രൻ ദക്ഷൻ (ഇവിടെയും ആശയം വ്യക്തമല്ല; ബൃഹത്സേനനു തന്നെ ദക്ഷനെന്ന് മറെറാരു പേരുണ്ടായിരുന്നു എന്നുമാവാം); ദക്ഷപുത്രൻ അതുലൻ; അതുലപുത്രൻ നയവർധനൻ; നയവർധനപുത്രൻ മിത്രസോമൻ; മിത്രസോമപുത്രൻ ഭദ്രൻ; ഭദ്രപുത്രൻ വീരവർമാവ്; വീരവർമപുത്രൻ അമിതക്രതു. അമിതക്രതുവിന്നു ശേഷം ജഗദശ്വൻ രാജ്യം ഭരിച്ചു. ജഗദശ്വപുത്രൻ സുരദ്യുമ്നൻ; സുരദ്യുമ്നപുത്രൻ അർജുനവർമാവ്; അർജുനവർമാവിൻെറ പുത്രൻ ഉഗ്രബാഹു; ഉഗ്രബാഹുവിൻെറ പുത്രൻ ജയാദിത്യൻ; ജയാദിത്യൻെറ ദായാദൻ വ്രതസേനൻ. ശർമദത്തൻ മുതൽ ഇരുപത്തൊന്നു തലമുറയിൽപ്പെട്ട ഇവർക്കെല്ലാം ശിവനിൽ നിന്ന് ഇഷ്ടായുരനുഗ്രഹം ലഭിച്ചിരുന്നു.

ഉൽപലാക്ഷൻ, മഹാകീർത്തി, ദേവദ്യുമ്നൻ, ബൃഹദ്ദ്യുതി, ഉഗ്രൻ, മനു, ബൃഹദ്ഗ്രീവൻ എന്നീ രാജാക്കന്മാർ പിന്നീട് ക്രമേണ രാജ്യം ഭരിച്ചു. ബൃഹദ്ഗ്രീവപുത്രൻ വടുകവർമാവ് പല യാഗങ്ങളും ചെയ്തു; പല യുദ്ധങ്ങളിലും ജയിച്ചു. അദ്ദേഹം സ്ഥാപിച്ച "വടുകേശ്വരം" എന്ന ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ശിവൻ കൈലാസവാസത്തെപ്പററി ഓർമിക്കാതായി. ഈ ക്ഷേത്രത്തിൻെറ വിമാനം, ശിവശിരസ്സിലെ ചന്ദ്രക്കലയിൽ നിന്നുള്ള അമൃതപ്രവാഹം കൊണ്ടെന്ന പോലെ വെളുത്തിരുന്നു. നിറയെ ചിത്രങ്ങളുണ്ടായിരുന്നു ഈ ക്ഷേത്രത്തിൻെറ ഭിത്തികളിൽ. ഇവിടെ മൂന്നു സന്ധ്യകളിലും വേശ്യാസ്ത്രീകളുടെ ഗാനങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഈ ക്ഷേത്രത്തിലെ നാട്യശാലയിൽ മിഴാവ് മുഴങ്ങിക്കൊണ്ടിരുന്നു. ദിവസേന ഉത്സവബലി വാദ്യഘോഷങ്ങളോടെ ഇവിടെ നടത്തിക്കൊണ്ടിരുന്നു.

വടുകവർമാവിന്നു ശേഷം അഹീരണൻ രാജാവായി. അദ്ദേഹം പൃതനാനദിയുടെ (പ്രഥനാനദി എന്ന് മററു സ്ഥലങ്ങളിൽ) പടിഞ്ഞാറെ തീരത്തു് അഹീരണേശ്വരം എന്ന ശിവക്ഷേത്രം പണിയിച്ചു (പൃതന പെരുമ്പുഴയും അഹീരണേശ്വരം

കാഞ്ഞങ്ങാട്ടിനടുത്തുള്ള രാവണേശ്വരവുമാവാം). അഹിരണപുത്രൻ മഹീരണൻ (ഇവിടെയും പദ്യാർത്ഥം വ്യക്തമല്ല). മഹീരണൻ ആനകളെ പിടിക്കാൻ സഹ്യാദ്രിയിൽ സഞ്ചരിക്കവേ ഒരു ഗുഹയിൽ കയറുകയും അതിനകത്തു കണ്ട അനേകായിരം കന്യകകളെ നാട്ടിലേക്കു കൊണ്ടുവരുകയും ചെയ്തു. രസായനം സേവിച്ച് ജരയും മരണവും അകററി നിർത്തിയ അദ്ദേഹം വളരെക്കാലം അവരോടൊന്നിച്ച് വിഹരിച്ചു. തനിക്കൊരു പുത്രൻ പിറന്നപ്പോൾ അദ്ദേഹം ആ സ്ത്രീകളുമൊന്നിച്ച് വീണ്ടും ഗുഹയിലേക്കു മടങ്ങിപ്പോയി.

മഹീരണന്റെ പുത്രൻ ആര്യഗുപ്തൻ; ആര്യഗുപ്തപുത്രൻ അചലൻ. ഏഴിമലക്കുട്ടത്ത് "അചലപത്തനം" എന്ന നഗരം ഇദ്ദേഹം സ്ഥാപിച്ചു (കുന്നരു എന്ന സ്ഥലമാവാം ഇതെന്ന് ഊഹിക്കുന്നു). അചലന്റെ പുത്രൻ അശ്വസേനൻ. അശ്വസേനനെ അധികാരഭ്രഷ്ടനാക്കി അദ്ദേഹത്തിന്റെ അനുജൻ വിക്രമസേനൻ രാജാവായി വിക്രമസേനന്റെ പുത്രൻ വിനയവർമ; വിനയവർമയുടെ പുത്രൻ രാജവർമ. രാജവർമ ആകാശം മുട്ടുന്ന പ്രാസാദങ്ങളുള്ള ഒരു ജൈനവിഹാരം നിർമിച്ചു.

അധികാരഭ്രഷ്ടനായിരുന്ന അശ്വസേനന്റെ പുത്രനായ ജയമാനി പാണ്ഡ്യരാജാവിന്റെ സൈന്യങ്ങളുടെ സഹായത്തോടെ രാജവർമയെ തോൽപിച്ച് രാജ്യം വീണ്ടെടുത്തു (രാജവർമാവ് ജൈനനായതു് ഇതിനു കാരണമായിരിക്കാം). ജയമാനിയുടെ പുത്രൻ രണമാനി; രണമാനിയുടെ പുത്രൻ ഉദയവർമാവ്. ഉദയവർമാവിന്ന് പതിനായിരം ബ്രാഹ്മണർ അതിഥികളായി ഉണ്ടായിരുന്നു. ഉദയവർമാവിന്റെ പുത്രൻ ഉദയാദിത്യൻ; ഉദയാദിത്യപുത്രൻ വിരോചനൻ. അസംഖ്യം ജീവാപായം നേരിട്ട യുദ്ധത്തിൽ പല്ലവനെ കൊന്ന് വിരോചനൻ പല്ലവപുത്രിയായ ഹരിണിയെ അപഹരിച്ചു. വിരോചനപുത്രൻ വിരോചനൻ; തൽപുത്രൻ കാലസേനൻ; തൽപുത്രൻ വ്യാളസേനൻ. പിന്നീട് ഈ വംശത്തിൽ ശത്രുംതപൻ, ബൃഹദ്ബാഹു, പൃഥുകീർത്തി, അമിത്രജിത്ത്, ദ്വിപാനീകൻ എന്നീ രാജാക്കന്മാർ പിറന്നു. ദ്വിപാനീകന്റെ പുത്രന്മാരായ ശശിദത്തനും ജനവ്രതനും രാജ്യത്തിനുവേണ്ടി പരസ്പരം പൊരുതു മരിച്ചു. മഗധവംശജയായിരുന്ന ശശിദത്തപത്നി അക്കാലത്തു് ഗർഭിണിയായിരുന്നു. അവൾ വജ്രസാരൻ എന്ന പുത്രനെ പ്രസവിച്ചു. (ഇവിടെയും പദ്യാർത്ഥം വ്യക്തമല്ല). വജ്രസാരന്റെ പുത്രൻ ശൂരൻ; ശൂരപുത്രൻ വിശാലൻ; വിശാലന്റെ പുത്രൻ മഹസ്വാൻ; മഹസ്വാന്റെ പുത്രൻ അജിതൻ; അജിതപുത്രൻ പുഷ്കലൻ; പുഷ്കലപുത്രൻ ബഹുകീർത്തി; ബഹുകീർത്തിപുത്രൻ സുകേതു; സുകേതുപുത്രൻ വികടൻ. സുധന്വാവ്, സത്യവ്രതൻ. ചതുരകേതു, ഉദാരകീർത്തി, സ്വർഭാനു, ഉത്തമകലൻ, സകലൻ, അദ്രികേതു, കാമപ്രദൻ, നയധനൻ, കവികർക്കശൻ, പർജന്യൻ, പരമയശസ്സ്, നിപാതവർമ്മാവ്, തീവ്രാശ്വൻ, സുമതി, അമിത്രഹാ, വിചണ്ഡൻ, അക്ഷോഭ്യൻ, സമരസഹൻ, മഹോദയൻ എന്നീ രാജാക്കന്മാരും ഈ കുലത്തിൽ ജനിച്ചു. (ഇവിടെ ഒരു പദ്യപാദം പൊടിഞ്ഞുപോയിരിക്കുന്നു).

മഹോദയപുത്രൻ ശിവചരിതൻ; ശിവചരിതപുത്രൻ ഈശാനൻ, ഈശാനന്റെ പുത്രനായിരുന്നു കുഞ്ചിവർമാവ്[22]

22. അഥ തസ്യ ഭുജാദ്രാജ്യ
മുഗ്രോ ജഗ്രാഹ തൽസുത
ശേഷോ മഹാവരാഹസ്യ
പോത്രാദിവ ഭുവസ്തലം 11.1

അനുദ്ഭവാത്സ ശത്രൂണാ
മഭഗ്നരണദോഹള:
സ്വരസാഹ്യവിധൗ (?) ദൈത്യ
രണകണ്ഡൂമജീഹരൽ 5

അദൈസ്ത്രസ്സ ഹത്വാ ദേവാനാം
പൂർവദേവാനഗോചരാൻ
അധരീകൃതഗീർവാണ-
ശ്ചക്രേ മർത്ത്യോത്തരം ജഗൽ 6

തയൈവ യാത്രയാ സ്വർഗേ
വിശ്രാന്തസ്സ മഹീപതി:
ചിരാർജിതാനാം പുണ്യാനാ-
മക്ഷയം ഫലമാനശേ 7

പുത്രസ്തസ്യോഗ്ര ധന്വേതി
ക്ഷത്രലോക ശിഖാമണി:
മിത്രശ്ചന്ദ്രോ (?) ബഭാരൈക-
ഛത്രചിഹ്നാമിമാം ക്ഷമാം 8

കദാചിൽ തം പ്രജാസ്സർവാ
ദൃഷ്ട്വാത്യുഗ്രമവ (ഗ്രഹം)
ധരണ്യാ: പതിമാപന്നാ-
ശ്ശരണ്യം ശരണം യയു: 9



ചിക്ഷേപ കോപാദഹനായ
മേഘാന്തോ (മേഘം മോഘ) പ്രസർപ്പിണം
ചാപയഷ്ട്യാ നിഹത്യാസൗ
പാരാവാരസ്യ വാരിണി 10

ഭയാദഥ പയോഭാര-
ഭരിതശ്യാമളോദരാ:
പയസാ പൂരയാമാസു:
പൃഥിവീം പൃഥവോ ഘനാ: 11

നിരംഹാ: സിംഹസേനസ്യ
ഹസ്തേ ന്യസ്യ ജിതദ്വിഷ:
പുത്രസ്യ ധാത്രീം സന്ന്യസ്യ
തപസ്യായൈ വനം യയൗ 12

സിംഹസേന സ്തതസ്സിംഹൈർ
വിനീതൈരശ്വ കർമണി
...... ർഥം ബന്ധായ
ചക്രേ വിക്രമവദ് ബലം 13

അടുത്ത ശ്ലോകം ഏറെയും പൊടിഞ്ഞു പോയിരിക്കുന്നു. ഉത്തരാർധം:

പുത്രേണതസ്യ വൃത്രാരി.....ചന്ദ്രവർമണാ. 14

അടുത്ത പദ്യത്തിൽ പൊടിപ്പ്. പിന്നത്തെ പദ്യത്തിന്റെ ഉത്തരാർധം:

അനുബധ്നൻ പയോധൗ സ ജഗൃഹേ
ബന്ധവാഗ്നിനാ. 16

അടുത്ത രണ്ടു ശ്ലോകങ്ങൾ മിക്കവാറും പൊടിഞ്ഞിരിക്കുന്നു.

തസ്യാനുജോ നിജം രാജ്യമുഗ്രാശ്വസ്ത-
ദനന്തരം
...ജസ്യാത്യഛേര (?) കൃത്വാ ബൃഹത്സേനോ
വനം യയൗ 19

നിപാത്യ സ രണേ ശത്രൂൻ
ക്ഷപാത്യയരവിഭ്രമ:
സ്വഭുജേന ധൃതാം ദീർഘം
ബുഭുജേ സകലാം ഭുവം 20

അടുത്ത പദ്യത്തിന്റെ അർഥം മനസ്സിലാക്കാൻ പ്രയാസം. അതിങ്ങനെ കാണുന്നു:

തദ്വംശ്യേഷു തദന്തേ ച
വ്യതീതേഷു സഹസ്രശ:
ആക്രാന്തൈ: കേരള: കോലം
കുലം തദപി മൃത്യുനാ 21

അഥോഗ്രാശ്വശ്ചിരം കാല-
മചിന്ത്യേ തപസി സ്ഥിത:
വംശോച്ഛിത്തിഭയാദ് ഭൂയ:
കളത്രം സമപദ്യത 22

നിരസ്യ കേരളാൻ രാജ്യാൽ
പുത്രം സ്വം ചിത്രകേതനം
പ്രാവിശൽ ക്ഷത്ര ശാർദൂല-
മഭിഷിച്യ പുനർവനം 23

അടവ്യാം സ മൃഗവ്യാർഥീ
വിന്ധ്യസ്യാവന്ധ്യപൗരുഷ:
പരിഭ്രമൻ കദാചിൽ സിംഹാൽ
പ്രാപ വ്യാപത്തിമുത്തമാം. 24

ശതൈ: ക്രതൂനാം കുർവാണ:
ശങ്കാം ഗുർവീം ശതക്രതോ:
അതിപ്രാപ്യ (?) സ്സുതസ്തസ്യ
സുതസോമസ്തതോ ഽഭവൽ 25

സ പ്രതിഷ്ഠാപയാമാസ
ഗ്രാമേ ചേലരനാമനി
കൈലാസാദ്രിപ്രതിച്ഛന്ദ-
മന്ദിരേ ചന്ദ്രശേഖരം 26

ഊർജിതൈരാർജിതം യജ്ഞൈ-
രർച്ചനൈശ്ച സ ധൂർജടേ:
പുണ്യം ഭോക്തുമഗണ്യാനാം (?)
സ്വർഗം ദുർഗമഗാഹത 27

തസ്മാനരശ്വസേനാഖ്യ-
സ്സൗഖ്യപ്രേപ്സുർ വിപശ്ചിത: (?)
സിംഹകേതൗ സുതേ കൃത്വാ
രാജ്യം പ്രാജ്യമഗാദ് വനം 28

സൽപുത്രലാഭസംപ്രീത-
സ്സുപുത്രോ വിദധദ് ഗുരൗ (?)
വിശ്വപാല ഇതി ഖ്യാതോ
വിശ്വമേതദപാലയൽ

ബാല്യാൽ പ്രഭൃതി പുത്രോ ഽസ്യ
ശർമദത്തോ മഹാമതി:
തപസ്സമാധിനാ ദേവം
വീരമാനർച ധൂർജടിം 32

സ കദാചിജ്ജടാബന്ധം
മുഗ്ധശീതാംശുശേഖരം
സാക്ഷാച്ചക്രേ വിരൂപാക്ഷം
പ്രസാദസ്മേരലോചനം 33

പ്രണിപത്യാശു ഭക്ത്യാ സ
ചോദിതോ വൃഷകേതുനാ
ഇഷ്ടമായുർ മമ സ്യാദി-
ത്യയാചത പരം വരം 34

ശങ്കരസ്തു ഭവദ്വംശ്യാ-
സ്ത്വൽപ്രഭൃത്യേക വിംശതി:

ഇഷ്ടായുഷോ ഭവിഷ്യന്തീ-
ത്യതിപ്രീത്യാ വരം ദദൗ 35

ചിരം ഭുക്താം ശ്രിയം ന്യസ്യ
സ്വപുത്രേ രുദ്രവർമ്മണി
ആപ ത്രൈലോക്യനാഥസ്യ
സാലോക്യം വൃഷലക്ഷ്മണ: 36

രുദ്രവർമതനൂജോഽഥ
ഭദ്രചേതാ നൃപോ ദധൗ
വ്യാഘ്രസേന ഇതി ഖ്യാതോ
ദീർഘമേനാം വസുന്ധരാം 37

തതോ നാമ്നാ പൃഥുദ്യുമ്ന-
സ്തസ്യ പുത്രോ ധരാപതേ:
ബഭാര മൗഷികീം രാജ-
ലക്ഷ്മീം ലക്ഷ്മണസന്നിഭ: 38

പൃഥുദ്യുമ്നസ്യ ദായാദോ
മായാദോഷഹരോ നൃണാം
ധാത്രീമേകാതപത്രേണ
വജ്രധാരശ്ചിരം ദധൗ 39

തനയോഽമുഷ്യ വിഖ്യാത-
വിനയോഽഥ വലാഹക:
സ്വനയോപാത്തയോ: പാത്ര-
മനയോ: ശ്രീഭുവോരഭൂൽ 40

തത: ക്ഷിതീശ്വരോദന്വാഹ-
ധീരബാഹുരഗാഹത (?)
പന്ഥാന...............
ഭീമവർമാ ക്ഷമാഭൃതാം 41

മനുജോപപ്ലവധ്വംസീ
തനയോ ഭീമവർമണ:
ജഗത്സേനാഭയം (?) ശത്രോർ
ബൃഹത്സേനോഽഭ്യജായത. 42

ബൃഹത്സേന: സുവിഖ്യാത-
സ്തനുശ്ശർവ പരാക്രമ: (?)
പാർഥിവീം ബിഭരാമാസ
ദക്ഷ ഇത്യക്ഷതാം ശ്രിയം 43

തതോ നിശ്ശേഷദിക്ചക്ര-
ഗീയമാന ഗുണോന്നതി:
അതുല: പൃഥുലോരസ്കോ
ദക്ഷസൂനുരജായത 44

അഥാശേഷജഗദ്ഭാഗ-
പ്രതീതബലപൗരുഷം
അതുലോ ജനയാമാസ
തനയം നയവർധനം 45

കീർത്തില.....ഥ തസ്യനു:
കാർത്തികേയപരാക്രമ:
മിത്രസോമോ ജിതാമിത്ര:
പ്രജാപതിരജായത 46

തതശ്ച പ്രമദാനേത്ര-
ഷട്പദാംഭോരുഹാനന:
മിത്രസോമസ്യ സോമശ്രീർ
ഭദ്രോ നാമ സുതോഽഭവൽ 47

അബ്ധിസീമ്നോ ഭുവ: പത്യു—
രപത്യം തസ്യ ഭൂപതേ:
വീരവർമാഽഭവദ്വൈരി
വീരവർമവിഭേദന: 48

അഥാശേഷനൃപോത്തംസ-
ലാളിതാംഘ്രിസരോരുഹ:
ശതക്രതുസമസ്യാസ്യ
പുത്രോഽഭൂദമിതക്രതു: 49

തതോ രണമുഖാകൃഷ്ട-
ചാപജ്യാഘാതബന്ധുനാ
ബഭാര ബാഹുദണ്ഡേന
ജഗദശ്വാ ജഗദ്ധുരം 50

ലേഭേ ലോഭാദിഭിർദോഷൈ-
രസ്പൃഷ്ട.........മുദ്ഭവം
ജഗദശ്വാൽ സുരദ്യുമ്ന:
പ്രദ്യുമ്ന ഇവ കേശവാൽ 51

തതശ്ചാർജ്ജുനവർമാണം
സുരദ്യുമ്നോ മഹീപതി:
തനയം ജനയാമാസ
ജയന്തമിവ വൃത്രഹാ 52

വിസ്താരിതജനാബാധാൽ
തസ്മാദർജ്ജുനവർമണ:
ഉഗ്രബാഹുരുദഗ്രാസി-
വ്യഗ്രബാഹുരജായത 53

ഉഗ്രബാഹോരഥാമുഷ്മാൽ
സമഗ്രബലപൗരുഷ:
ജഗൽപ്രിയോ ജയാദിത്യ
ഇത്യജായത ഭൂപതി: 54

ജയാദിത്യസ്യ ദായാദോ
നവാദിത്യപരാക്രമ:
രിപുസേനാടവീവഹ്നിർ-
വ്രതസേനോ വ്യജായത 55

അടുത്ത പദ്യത്തിലെ ആദ്യത്തെ പകുതി പൊട്ടിഞ്ഞുപോയിരിക്കുന്നു.



വത്സരാണാം സഹസ്ര......വാ
ഇഷ്ടമായുരമീ സർവേ
ശർവദത്താനന്വയേ (?) യയു: 56

ഉൽപലാക്ഷോ മഹാകീർത്തിർ-
ദേവദ്യുമ്നോ ബൃഹദ്ദ്യുതി:
ഉഗ്രോ മനു (ർ) ബൃഹദ്ഗ്രീവ
ഇത്യഭൂവൻ നൃപാ: ക്രമാൽ 57

തതസ്സമസ്തഭൂപാല-
മൗലിലാളിതശാസന:
രാജാ വട്ടകവർമേതി
ബൃഹദ്ഗ്രീവസുതോഽഭവൽ 58

യുവൈപർ വ്യാഖ്യാപയാമാസ
നിഖാതൈരഭിതോ മഖാൻ
കീർത്തിസ്തംഭൈരശ്യശോമൂർത്തി-
രാഹവാൻ രാഘവോന്നതി: 59

സ ചകാര ശുഭാകാരോ
ഭക്ത്യാ മുക്ത്യാഗമാർഥയാ
ആലശുദ്ധി...... പ (?)
ശാശ്വതം വട്ടകേശ്വരം 61

പ്രതിഷ്ഠാം പ്രാപിതോ യത്ര
വരിഷ്ഠേന മഹീഭൃതാ
കൈലാസവാസം നാദ്യാപി
സ്മരതി സ്മരശാസന: 62

കോടിവാദികു (?) ശീതാംശു
ക്ഷരിതൈരമൃതൈരിവ
ശ്വേതിമാനം വിമാനസ്യ
യത്ര പശ്യന്തി മാനവാ: 63

അമ്ലാനകുസുമോത്തംസൈ-
രനിമേഷനിരീക്ഷണൈ:
യത്ര ചിത്രൈർവൃതശ്ശുംഭൂർ-
ദ്ദേവൈ: സേവാഗതൈരിവ 64

പുണ്യപൂരൈരിവാഗ ണ്യൈ:
പുംസാം ഘടിതമൂർത്തയ:
ത്രിസന്ധ്യമുപഗായന്തി
യത്രേശം വേശയോഷിത: 65

നാട്യംശാലാ നഗദ്രാമാ (?)
യത്രോച്ചൈർമുരജാരവൈ:
ഗർജകൈരിവ മേഘാളീ
ലോലല......ശതഹ്രദാ (?) 66

ബലിതുര്യധ്വനൈര്യത്ര
വഞ്ചിതാ: പ്രതിവാസരം
അഭിനന്ദന്തി നോദ്യാന-
ശിഖിനോ ഘനഗർജ്ജിതം 67

ലീലാപദ്മാവിശേഷേണ
ലോകം ഹസ്തേന ലാളയൻ
ആസീദഹീരണോ നാമ
ഭൂപതിസ്തദനന്തരം 68

പൃതനാസരിതസ്തീരേ
പശ്ചിമേ പൃഥിവീപതി:
അഹീരണേശ്വരം നാമ
ധാമ ചക്രേ സ ശൂലിന: 69

അഹീരണസുതോ രാജാ
മഹീരണഭയാഹ്വയ: (?)
അപാലയദപാകൃത്യ
കൃപാലയമനാ നൃപ: 70

സന്ധായ ഗജബന്ധായ
മതിം മതിധനോ നൃപ:
ബഭ്രാമ ജാതു സഹ്യാദ്രി-
മധിരുഹ്യാടവീഷു സ: 72

തത്ര ച ക്വചിദാകൃഷ്ട:
കന്യാനാമാനനേന്ദുഭി:
പ്രവേശം മദനസ്യാന്തർ (?)
വിവേശ വിപുലം ബിലം 73

ബിലകന്യാസഹസ്രേണ
വിഹൃത്യാഹാനി കാനിചിൽ
തതോ നിന്യേ സ താ രാജ്യ-
മുപയുജ്യ രസായനം 74

രസായനബലധ്വസ്ത-
ജരാമരണവിപ്ലവ:
യോഷാ: സഹസ്രശോഽനിന്ദ്യ-
വേഷാഭിർ (?) വ്യഹരച്ചിരം 75

ഇഷ്ടമാത്രാണി വർഷാണി
ഭുംക്ത്വാ ലക്ഷ്മീം ഭുജാർജിതാം
സഹ താഭിസ്സുതേ ജാതേ
സ ഭൂയോ ബിലമാവിശൽ 77

ആര്യഗുപ്തസ്യ തൽസൂനോർ-
വീര്യഗുപ്തമഹീതല:
അചലോ നാമ പുത്രോഽഭൂദ്
രാജാ രാജീവലോചന: 78

സ്വസാരമഹിമാക്രാന്ത-
കുബേരപുരവൈഭവം

ഏലിശൈലസനീഡേ യ-
ശ്ചകാരാ പലപത്തനം 79

ജജ്ഞേ യജ്ഞേന ഗീർവാണാൻ
പ്രീണയൻ പൃഥിവീപതി:
അശ്വസേനാഹ്വയസ്സൂനു—
രചലസ്യാചലോന്നതേ: 80

അശ്വസേനം തതോ രാജ്യാ—
ദവരുധ്യ വിശാം പതി:
ആസീദ് വിക്രമസേനാഖ്യ:
കനീയാനസ്യ ഭൂപതി: 81

പുത്രോ വിക്രമസേനസ്യ
ചക്രപാണിസമോ ദധൗ
ഖ്യാതോ വിനയവർമേതി
ധർമേണ ധരണീമിമാം 82

തതശ്ചതുരബ്ധിപാര-
പര്യന്തധരണീപതി:
രാജവർമാ സുതോ ജജ്ഞേ
രാജാ വിനയവർമണ: 83

ചിത്രൈരഭ്രംലിഹാഗ്രൈര്യ:
പ്രാസാദൈരുപശോഭിതം
വിഹ... (വിഹാരം) രാജനാമാങ്കം-
ശ്ചക്രേ രത്നത്രയാസ്പദം 84

പുത്രസ്തതോഽശ്വസേനസ്യ
ദണ്ഡമാദായ പാണ്ഡ്യത:
പ്രത്യാസീദൽ സ്വകം രാജ്യം
ജയമാനീ ജഗൽപതി: 85

രണമാനീതവേതാള-
ഗണഗീതപരാക്രമ:
രണമാനീ തതോ ജജ്ഞേ
തനയോ ജയമാനിന: 86

തസ്മാദുദയവർമേതി
വിസ്മാപിതജനോ ഗുണൈ:
അജായത പതിർ ഭൂമേർ-
ദ്വിജായുതമഹാതിഥി: 87

ഭൂമിപാലാത്തത: ശ്രീമാൻ
കാമപാലപരാക്രമ:
ഉദയാദിത്യ ഇത്യാസീൽ
തസ്മാദുദയവർമണ: 88

വിരോജനതനൂജശ്രീർ
വിരോചന ഇവാപര:
വിരോചന: ക്ഷിതേരാസീ-
ത്തതോ രാജാ വിരോചന: 89

നിഹാത്യ പല്ലവം സംഖ്യേ
മഹത്യസുഹരേ നൃണാം
ജഹാര ഹരിണീം സോഽസ്യ
കന്യാമന്യാമിവ ശ്രിയം 90

വിരോചനസ്യ പുത്രോഽഭൂദ്
വിരോചനസമാഹ്വയ:
കാലസേനസ്തതസ്തസ്മാദ്
വ്യാളസേനോഽപ്യജായത 92

ശത്രുംതപോ ബൃഹദ്ബാഹു:
പൃഥുകീർത്തി രമിത്രജിത്
ദ്വിപാനീകശ്ച തത്രാസൻ
കുലേ ഭൂപതയ: ക്രമാൽ 93

ദ്വിപാനീകസ്യ പുത്രൗ ദ്വൗ
ശശിദത്തജനവ്രതൗ
രാജ്യഹേതോരുഭൗ സംയ-
ത്യന്യോന്യം തൗ നിജഘ്നതു: 94

അന്തർവത്നീ തദാ പത്നീ
ശശിദത്താസ്യ മാഗധീ
പ്രസൂയ പുത്രം സേനാ.........
സാന്നായ്യമകരോദ് ഭുവ: (?) 95

സ വജ്രസാരസ്സഹ പൈതൃകേണ
രാജ്യേന ജാതം സുതമാപ ശൂരം
ശൂരസ്യ വിഖ്യാതഗുണോ വിശാല:
തതോ മഹസ്വാനജിയസ്തതോഽഭൂത് 96

തസ്യാഥ രാജ്ഞസ്തപനോഗ്രധാമാ
പുത്രോഽഭവൽ പുഷ്കലനാമധേയ:
ബഭൂവ ചാസ്മാൽ ബഹുകീർത്തിനാമാ
തതസ്സുകേതുർ വികടസ്തതോഽഭൂൽ 97

..................സുധന്വാ
സത്യവ്രതശ്ചതുരകേതുരുദാരകീർത്തി:
സ്വർഭാനുരുത്തമകല: സകലോഽദ്രികേതു:
കാമപ്രദോ നയധന: കവികർക്കശശ്ച 98

പർജന്യ: പരമയശാ നിപാതവർമ്മാ
തീവ്രാശ്വസ്സുമതിരമിത്രഹാ വിചണ്ഡ:
ശാക്ഷോഭ്യസ്സുമരസഹോ മഹോദയശ്ചേ-
ത്യേതസ്മിൻ ക്ഷിതിപതയ: കുലേ ബഭൂവു: 99

ശിവചരിതസമാഖ്യസ്തത്സുത: പുത്രമാപത്
സകലഗുണസമാജസ്ഥാനമീശാനസംജ്ഞം
അഭവദഖിലലോകോദ് ഭൂതിഹേതോ
രമുഷ്മാൽ
നരപതികുലകേതു: കുഞ്ചിവർമാ നരേന്ദ്ര: 100

ഇതി മൂഷികവംശേ ഏകാദശ: സർഗ:



കുഞ്ചിവർമാവിന്ന് ഒരു പുത്രിയും ഈശാനവർമാവ് എന്ന ഒരു പുത്രനുമുണ്ടായി. പുത്രിയെ കേരളരാജാവ് വിവാഹം ചെയ്തു. ഈശാനവർമാവിന്ന് വിവാഹപ്രായമായപ്പോൾ മന്ത്രി അദ്ദേഹത്തോട്ട പറഞ്ഞു: "ഈ രാജ്യത്ത്, ഒരു മയിലിന്നു പറന്നെത്താവുന്നത്ര അടുത്ത്, ചേദിവംശത്തിൽ പെട്ട ഒരു രാജാവ് ശത്രുക്കളെ ഭയന്ന് സ്വരാജ്യം വിട്ടു വന്ന് ബ്രാഹ്മണവേഷം ധരിച്ച് പാർക്കുന്നുണ്ട്. അദ്ദേഹത്തിന്നു നന്ദിനിയെന്ന യുവതിയായ ഒരു പുത്രിയുണ്ട്. സുലക്ഷണയായ അവൾ അങ്ങയുടെ പത്നിയാവാൻ അർഹയാണ്". ഈശാനവർമാവ് മന്ത്രി മുഖേന അവളെ തനിക്കു തരണമെന്നാവശ്യപ്പെട്ടു; ചേദിരാജാവ് അതിന്നു സമ്മതിക്കുകയും ചെയ്തു. വിവാഹത്തിന്നു ശേഷം തന്റെ സാമന്തന്മാരുടെ സൈന്യം അയച്ച് ഹേഹയരാജാവ് (മൂഷികരാജാവായ ഈശാനവർമാവ്) ചേദിരാജാവിനെ വീണ്ടും അദ്ദേഹത്തിന്റെ രാജ്യത്തിൽ വാഴിച്ചു. ഈ ഘട്ടത്തിൽ മൂഷികരാജ്യം കീഴടക്കുന്നതിന്ന് കേരളരാജാവ് ചതുരംഗസൈന്യത്തോടൊപ്പം സ്വന്തം നാട്ടിൽ നിന്നു പുറപ്പെട്ടിരിക്കുന്നുവെന്ന് ഈശാനവർമാവ് കേട്ടു. ഉടനെ ഇന്ദ്രവംശത്തിൽപ്പിറന്ന അദ്ദേഹം, യുദ്ധത്തിന്നുള്ള പ്രയാണം സൂചിപ്പിക്കുന്ന പെരുമ്പറ സ്വർണക്കോലുകൾകൊണ്ട് അടിപ്പിച്ചു. മൂഷികസൈന്യങ്ങൾ ശത്രുക്കളെ എതിർക്കാൻ തയ്യാറായി. നല്ല മുഹൂർത്തത്തിൽ മൂഷികൻ യുദ്ധത്തിന്നു സ്വന്തം നഗരത്തിൽ നിന്ന് ആനപ്പുറത്തു കയറി പുറപ്പെട്ടു. വഴിയിൽ അദ്ദേഹത്തിന്ന് ഭക്ഷണം, ഉറക്കം എന്നിവയിൽ പോലും വലിയ താൽപര്യമുണ്ടായില്ല. ആനകളെ കൊണ്ടു പാലം തീർത്ത് പുഴകൾ കടന്ന് അദ്ദേഹം അതാതു സ്ഥലങ്ങൾ പിന്നിട്ടു. അങ്ങനെ പരുഷ്ണീ (പറശ്ശിനി?) നദിയുടെ തീരത്തെത്തി. ആ പുഴ കടന്ന് പാളയമടിച്ചു. അവിടെയെത്തിയ രഘുവംശ്യനായ കേരളരാജാവിന്റെ സൈന്യവുമായി പിറേറന്ന് മൂഷികസൈന്യം ഇടഞ്ഞു. അമ്പുകളും വാളുകളും ആയിരുന്നു ഈ യുദ്ധത്തിലെ ആയുധങ്ങൾ. സ്വന്തം സൈന്യം മൂഷികന്റെ ശരവർഷമേററ് സംഭ്രമിക്കുന്നതു കണ്ട് കേരളരാജാവായ ജയരാഗൻ യുദ്ധത്തിന്നണഞ്ഞു. മൂഷികരാജാവും കേരളരാജാവും ദ്വന്ദ്വയുദ്ധത്തിന്നു തയ്യാറായി. ഈ സമയത്ത് കേരള രാജാവിന്റെ പുത്രനും മൂഷികരാജാവിന്റെ ഭാഗിനേയനുമായ ഗോദൻ അവരുടെ ഇടയ്ക്കു വന്നു നിന്നു. സൂര്യൻ അസ്തമിച്ചു. രണ്ടു രാജാക്കന്മാരും യുദ്ധം നിർത്തി സ്വന്തം കൈനിലകളിലേക്കു മടങ്ങി. പിറേറന്ന് അവർ ദ്വേഷം വെടിഞ്ഞ് സ്നേഹപൂർവം സമ്മേളിച്ചു. സ്യാലനായ കോലരാജാവിന്ന് പല സമ്മാനങ്ങളും നൽകി, അദ്ദേഹത്തിന്റെ സൽക്കാരം സ്വീകരിച്ച് ഏതാനും രാത്രികൾ പാർത്ത ശേഷം കേരളരാജാവ് സ്വന്തം നാട്ടിലേയ്ക്കു തിരിച്ചു പോയി[23].

---

23. അഥ പൃഥുഭുജവീര്യാവർജിതാശേഷഭൂഭൃ-
ന്മകുടമണിമയൂഖാളുഷ്ടപാദാംബുജന്മാ
അശിഷദവനിമേനാമുദ്ധ്യതൈകാതപത്രം
ജഗതി ബുധജനാനാമഞ്ചിത: കുഞ്ചി-
വർമാ. 12.1

അഭവദമലകീർത്തേരാത്മജാ തസ്യ കാചിൽ
തദനു ച കുലദീപസ്സൂനുരീശാനവർമാ
ദധദിവ വിജിഗീഷുർ വിക്രമം നീതിയുക്തം
ധരണിപതിരുഭാഭ്യാമുച്ചകൈരാബഭാസേ. 5

മഹതി ദുഹിതരം താമീശ്വരേ കേരളാനാം
പ്രഥിതയശസി കൃത്വാ രാജലക്ഷ്മീം തനൂജേ
അപഗതഗുരുഭാര: പുണ്യസംഭാരമുച്ചൈ-
രവിശദുപദധാന: സ്ഥാനമാഖണ്ഡലീയം 6

പരിണയവിധിയോഗ്യേ പ്രാപ്തവിദ്യം
കദാചിദ്
വയസി കൃതപദം തം വല്ലഭേ മന്മഥസ്യ
തദനുഗുണകളത്രാന്വേഷണവ്യഗ്രചേതാ:
വച ഇതി വരമന്ത്രീ മന്ത്രവിദ് വ്യാജഹാര 8

അധിവസതി മയൂരോൽപാതമാത്രൈവ
രാഷ്ട്രേ
ഭൃശതരമധിരാജേനാന്വിതസ്തദ് ഭവേന (?)
അവിരഹിതകുടുംബോ വിപ്രവേഷാ-
വലംബീ
സ്വരിപുഭിരവരുദ്ധശ്ചേദിവംശ്യോ
നരേന്ദ്ര: 9

അനുപമഗുണരൂപാ നന്ദിനീത്യസ്തി കാചിൽ
വയസി ശിഥിലബാല്യേ വർത്തമാനാഽ
സ്യ കന്യാ
ചിരപരിചയശീലപ്രേമബന്ധാൽ
സലേശം
സ്വയമിവ രിപുഹസ്താദാഗതാ രാജ്യ-
ലക്ഷ്മീ: 10

ശ്രീയമതിശയയുക്താം ലക്ഷണൈർ
ജന്മയോഗൈ-
രപി ജഗതി ദുരാപൈരാത്മനസ്സൂചയന്തീ
പരിണയവിധിയോഗ്യാ സാ ഭവിഷ്യ
ത്യലം തേ
പ്രതിഹതിരഹിതായാ ജന്മഭൂമി:
പ്രജായാ: 11

ഇതി ഗിരമുപകർണ്യ ശ്രേയസീ
മാപ്തബന്ധോ-
രവിഗളിതസമൃദ്ധേശ്ചേദിവംശോദ്ഭവസ്യ
പട്ടസചിവമുഖേന ശ്ലാഘനീയാന്വയസ്താ-
മവൃണുത വരകന്യാമാദരാന്മൂഷികേന്ദ്ര: 12

അഥ ജലധിരിവൈനാമംബുജാക്ഷായ
ലക്ഷ്മീം
സുരഭിരിവ സമൃദ്ധിം കൗസുമീം
പാർഥിവായ
ഭൃശതരപരിതോഷം പ്രാദിശദ്
ഭൂമിഭർത്രേ
സകലജനമനോജ്ഞാം ചേദിരാജ:
സ്വകന്യാം 13

പ്രഹിതവിപുലദണ്ഡ: പ്രാഭൃതാധാന
തുഷ്ടൈ-
രുപഹിതബലവാഹ്യസ്തസ്യ
സാമന്തമുഖ്യൈ:
അഘടയദതിദൂരഭ്രഷ്ടയാ രാജ്യലക്ഷ്മ്യാ
പുനരപി ഗുരുശക്തിം ചേദിപം
ഹേഹയേന്ദ്ര: 14

സ്വഭുവമഭിജിഗീഷും മൂഷികേന്ദ്രോ
ബലൗഘൈ:
സരഥഗജതുരംഗൈ: സാർധമുദ്ധാനുഭാവം
ചലിതമചലിതശ്രീ: കേരളേന്ദ്രം പുരാൽ
സ്വാൽ
പുരമഥനസമാനസ്സോ ƒ ഥ ശുശ്രാവ
താവൽ 15

സന്നിശമ്യ സരുഷസ്സമുദന്തം
ഭൂപതേർമുഖരിതാദ്രിഗുഹേന
തസ്യ യാനപടഹേന ഗഭീരം
ദധ്വനേ കനകകോണഹതേന 16

തദ്ധ്വനിം സമുപകർണ്യ തദീയാ-
ന്യൽസുകാനി സമരേണ ബലാനി
പ്രീതിമന്തി സകലാന്യപി സദ്യ:
ശാത്രവാഭിഹതയേ സമനഹ്യൻ 17

തസ്യ യുദ്ധഗമനോചിതമുച്ചൈർ
മന്ത്രവിദ് വ്യധിത സാധു പുരോധാ:
സോ ƒ പി ശോഭനതരേ നിജപുര്യാ
നിര്യയൗ പരിജനേന മുഹൂർത്തേ 18

ആരുരോഹ കരിണം സകസുംഭ-
ക്ഷോദപാടലകഥാവൃതപൃഷ്ഠം
സൂദനായ രിപുഭോഗികുലാനാം
മേരുശൃംഗമിവ ഖേചരരാജ: 19

തസ്യ ഭുക്തിശയനേഷ്വപി ഭവ്യേ-
ഷ്വാദര: പഥി ബഭൂവ ന ഭൂയാൻ
കേരളാനഭി വിജൃംഭിതമന്യോ:
കസ്സുഹേത വിളംബമനന്യാം 25

ഗന്ധസിന്ധുരഘടാകൃതഭാസ്വ-
ത്സേതുബന്ധസുഖലംഘിതസിന്ധു:
തം തമുദ്ധുരബലസ്സ ധരായാ
ദേശമാശു സമലംഘയദീശ: 26

യാനദുന്ദുഭിരവധ്വനിതാശോ
വാഹിനീഭരവിനാമിതഭൂമി:
രേണുജാലപിഹിതാന്തരമുച്ചൈ-
രാസസാദ സരിതം സ പരുഷ്ണീം 27

താമതീത്യ സരിതം നികഷാ ƒ സൗ
സന്നിവേശമകരോൽ പൃതനായാ:
ബദ്ധകുഞ്ജരതുരംഗമുദഞ്ചൽ-
കേതുമുൽപടകുടീരമുദാരം 29

കേരളേന്ദ്രമപരേദ്യുരുപേതം
ശുശ്രുവാനഥ രണോത്സവഹേതോ:
ആഹവായ സമനാഹയദുച്ചൈർ
വാഹിനീമഹിതലോകകൃതാന്ത: 30

ധന്വിഭിസ്സമമയോധി സചാപൈ:
ഖഡ്ഗിഭിസ്സഹ നിശാതകൃപാണൈ:
കേവലം ന ഖലു സാപ്തപദീനം
വൈരമപ്യുചിതമാത്മസമാനൈ: 36

ഭിദ്യമാനമമുനാ വിശിഖൗഘൈ:
സംവിലോക്യ ബലമാകുലയോധം
പ്രത്യവിധ്യദരിസൈന്യമസംഖ്യൈ:
പത്രിഭി: പ്രകുപിതോ ജയരാഗ: 50

താവുഭാവിതി പരസ്പരഹേതി-
വ്രാതപാതവിരളീകൃതസൈന്യൗ
ദ്വന്ദ്വയുദ്ധമതിമാനുഷസത്വൗ
കർത്തുമാഹിതമതീ സമഭൂതാം 52



ചേദിരാജപുത്രിയായ നന്ദിനി എന്ന രാജ്ഞിയിൽ സന്താനലാഭമുണ്ടാകാഞ്ഞയാൽ ഈശാനവർമാവ് ചോളരാജാവിന്റെ പുത്രിയെ വിവാഹം ചെയ്തു. ഈ രാജ്ഞിയുടെ പുത്രനാണ് നൃപരാമൻ. ഇക്കാലത്ത് പ്രഥമപത്നിയായ നന്ദിനി ഭദ്രകാളിയെ ഭജിച്ചു. ഒരിക്കൽ കുശപ്പായയിലിരുന്നു ധ്യാനിക്കുന്ന അവൾ ഭദ്രകാളിയെ ഒരു ഹരിവൃക്ഷത്തിൽ നേരിട്ടു കണ്ടു. "ഇഷ്ടമുള്ള വരം വരിച്ചുകൊള്ളുക" എന്ന് ഭദ്രകാളി നന്ദിനിയോടു പറഞ്ഞു. "ഇനിമേൽ ഞങ്ങളുടെ വംശത്തിൽപ്പിറക്കുന്ന സ്ത്രീകളുടെ പുത്രന്മാർക്കായിരിക്കണം രാജ്യാവകാശം" എന്ന് ആയിരുന്നു നന്ദിനിയുടെ അഭിലാഷം. "നിനക്കു ഗുണം തികഞ്ഞ സന്തതിയുണ്ടാകും; രാജ്യാവകാശം ഇനിമേൽ പെൺതാവഴിയിലൂടെ ആയിരിക്കുകയും ചെയ്യും" എന്നു പറഞ്ഞു് ഭദ്രകാളി മറഞ്ഞു. അതിന്നു ശേഷം നന്ദിനിക്കു് പാലകൻ എന്ന പുത്രനും ഒരു പുത്രിയും പിറന്നു.

ബാലനായ പാലകനെ ഈശാനവർമാവ് മാതാമഹന്റെ അടുത്തയച്ചു, അദ്ദേഹം പല ശിവക്ഷേത്രങ്ങൾ പണിയിച്ചു. കാലക്രമേണ ജ്വരബാധിതനായി മരിക്കുകയും ചെയ്തു. ചോളരാജകുമാരിയുടെ പുത്രനായ നൃപരാമൻ തുടർന്നു രാജാവായി. പാലകൻ ഇക്കാലത്തു ചേദിരാജ്യത്തായിരുന്നു. നൃപരാമൻ പെട്ടെന്നു മരിച്ചു (ഇവിടെ ഒരു പദ്യാർധം നഷ്ടപ്പെട്ടിരിക്കുന്നതിനാൽ കഥാഗതി വ്യക്തമല്ല). പിന്നീട് നൃപരാമപുത്രനായ ചന്ദ്രവർമാവ് എന്ന ശിശു കുറച്ചു കാലം രാജപദവിയിൽ വർത്തിച്ചു. ഈ ശിശുവും മരിക്കുകയാൽ മൂഷികരാജ്യം അനാഥമായി. ശത്രുക്കൾ ഈ രാജ്യത്തെ ആക്രമിച്ചു. അതിനാൽ അമാത്യന്മാർ പാലകനെ വിളിക്കുവാൻ ചേദിരാജ്യത്തേക്കു് ദൂതനെ അയച്ചു. പാലകൻ വലിയ സൈന്യം ശേഖരിച്ച് ഉടൻ വന്നെത്തി; ശത്രുക്കളെ തുരത്തി രാജാവായിത്തീർന്നു[24].

---

ജൃംഭിതാംബുനിധിവിഭ്രമഭാജോർ-
മധ്യ ഏവ പിതൃമാതുലയോസ്സ:
സേതുബന്ധ ഇവ കേരളകേതു:
പ്രത്യദൃശ്യത തയോരഥ ഗോദ: 53

ധ്വസ്തവിശ്വവിപദോ: ക്ഷിതിഭർത്രോ-
രസ്തു താവദനയോരവിരോധ:
അസ്തശൈലമവലംബ്യ ഹൃതാംശു:
തിഗ്മദീധിതിരിതിവ തിരോഭൂൽ 54

അവിരള ശരവർഷാവഗ്രഹത്വം പ്രപന്നേ
നരപതിതനയേ ƒ സ്മിൻ സാമ്പരായാന്നി-
വൃത്തൗ
ഭുവനമവനിപാലാവന്ധയത്യന്ധകാരേ
സപദി ബലനിവേശം സ്വം സ്വമേതാവ-
യാതാം 55

താവന്യേദ്യുസ്സമരസുലഭജ്യാകിണാകല്പ-
രാജൗ
ശൗര്യാധാരൗ പ്രകൃതിവചനാസങ്ഗതൗ
ബന്ധഭീതൗ
ശാന്തദ്വേഷൗ പുനരുപചിതപ്രേമഭാരൗ
നരേന്ദ്രൗ
ലജ്ജാം യുദ്ധസ്മരണജനിതാം സന്ദധാതേ
മുഹൂർത്തം 56

ഭൂയ: പ്രാപ്യ പ്രമുദിതമനാ: സ്യാലമാഹൂയ
കോലം
പൃഥ്വീപാല: പുനരനുപമോ ലോകപാലോ
പമാനം
സമ്പന്നാഭിർഗുരുതരമുദം സൽക്രിയാഭിസ്സ
ചക്രേ
നാനാശ്രമൈപർജനപദജൈന: പ്രാഭൃതൈ
രാഹൃതൈശ്ച 57

തത്രോഷിത്വാ കതിചന നിശാ നിർഗ-
തസ്സോ ƒ ഥ മാർഗേ
തൈതൈസ്സർ വനൈരുപഹൃതമഹാതിഥ്യ
സൽകാര ഏവ
കൃഛ്റാത്തേന സ്വയമനുമത: സ്നേഹ-
നിഘ്നേന രാജ്ഞാ
പ്രാജ്യൈശ്വര്യാം സധൃതിരവിശൽ-
സ്വാം പുരീം കേരളേന്ദ്ര: 58

ശ്രീയമകൃതപരാങ്ഗസ്പർശ ദോഷാം
സ പശ്ചാദ്
പ്രഭുരുചിതമഹിഷ്യാ നിർവിശേഷാ-
മശേഷാം
സുഖമനുബുഭുജേ സ്വാം
ദീർഘബാഹുസ്സ ദീർഘം
ദിനമനു കൃതശംഭുപ്രീതിരീശാനവർമാ 59

24. വ്യഥിതമതിരഭാവാൽ പുത്രലാഭോത്സ-
വസ്യ
ശ്ലഥിതസകലഭോഗ: ശ്ലാഘനീയാന്വയസ്യ
സുബഹുഭിരഭിരാമ: സൈ്വർഗുണൈർ
മൂഷികാണാം
പതിരഥ പരിണിന്യേ കന്യകാം
ചോളഭർത്തു: 61

പ്രഥമമഥ നരേന്ദ്ര: പശ്ചിമായാം മഹിഷ്യാ—
മലഭത നൃപരാമം സൂനമാനന്ദഹേതും
നിജവിഭവശിഖായാമുന്നതം കോമളായാം
ഫലനിചയമിവോച്ചൈർ ഭൂരുഹ:
പാരിജാത: 62

ക്ഷിതിചരദുരവാപം രൂപമംഭോധ।സീമാം
നൃപവിഭവസമൃദ്ധിം താദൃശം പ്രേമ ഭർത്തു:
ഇതി സകലമപാർഥം സാ/ഥ മത്വാ
സ്വഗത്യാ
ചിരമഭജത പാദൗ നന്ദിനീ ചണ്ഡികായാ, 63

പ്രതിനിയമവിധാനൈർവർത്തമാനൈ
രജസ്രം
ക്ഷപിതതനു ഭജന്തീ സാ ചിരം ഭദ്രകാളീം
കുശശയനനിഷണ്ണാ സാ ക്ഷണം
യോഗനിഷ്ഠാം
നിഭൃതകരണവൃത്തിർ നിദ്രയേവാലലംബേ. 64

......(ഇവിടെ മൂന്നു വരി പോയിരിക്കുന്നു)
അധിഗതഹരിവൃക്ഷാമംബികാമഭ്യപശ്യൽ 65

മഹിഷവദന രക്താലക്ത കാബദ്ധരാഗേ
കമലജയിനി യുഗ്മേ പാദയോരാപതന്തീം
പ്രണയമൃദു ദധാനാ ചിത്തമുത്തിഷ്ഠ വത്സേ
ത്വമിതി സപദി ദുർഗാ നന്ദിനീ മന്വ-
ഗൃഹ്ണാൽ 66

പ്രമദകലിലഭക്തിവ്യക്തരോമോദ്ഗ
മാംഗീം
സ്വകരകിസലയേനോത്ഥാപിതാം
സംസ്പൃശന്തീ
വരമഭിമതമാശു ത്വം വൃണീഷ്വേ-
ത്യഥൈനാം
അതിഗുരുകരുണാർദ്രം വാക്യമാര്യാ
ബഭാഷേ 67

പ്രതിപദമിയമസ്മദ്വംശ്യനാരീസുതാനാം
ക്ഷിതിരവനിപതീനാം...ഭൂയാൽ സ്വരാജ്യം
പുനരിതി നിഗദന്തീ സാപതൽ ഭക്തിപൂർവം
പ്രണതജനശിവായാ: പാദമൂലേ ശിവായാ:68

പ്രഥിതഗുണമപത്യം സംഭവിഷ്യത്യലം തേ
ക്ഷിതിരപി ച പുന:സ്ത്രീ...കൃതാസ്ത്ര
യൈവ (?)

ഇതി ഗിരമുപകർണ്യ പ്രേയസീ
മംബികാ സൗ
കൃതഫല ഇവ പുണ്യേ ഭോഗസമ്പത് തി
രോഭൂൽ 69

പ്രമദമഥ വിബുധാ സംവിഭജ്യ
സ്വഭർത്ത്രാ
ഗണമനതിചിരേണ പ്രീണയന്തീ സഖീനാം
അലഭത സുതമേകം നന്ദിനീ പാലകാഖ്യം
ദുഹിതരമപി കാഞ്ചിദ് ദുഃഖ വിധ്വസ്തി
ഹേതും 70

കരികളഭവിലാസം പാലകം ബാലമേവ
പ്രിയതമമഭിരാമൈ: സൈവർഗ്ഗണൈ
രപ്യസൂഭ്യേ: (?)
നികമേതി ദിദൃക്ഷോ: പ്രേഷയാമാസ ധീര:
തനയമവനിപാലസ്തസ്യ മാതാമഹസ്യ 71

അഥ നിജഭുജദണ്ഡോപാർജിതൈ
രൂർജിതശ്രീ:
വസുഭിരവനിപാലസ്തർപയന്നർഥിവർഗം
അതിബഹുഷു വിമാനേഷ്വഗ്രയായീ
ബുധാനാം
സ്വയമുപരചിതേഷു സ്ഥാപയാമാസ
ശംഭൂം 72

പ്രബലചരണഭക്തിം പ്രീതിയോഗേന
സദ്യ:
സ്വപദമുപനിനീഷോസ്ത്ര്യംബകസ്യേവ
ദൂത:
ഭൃശതരപരിമൂർഛാദാനബന്ധുർജ്വരസ്തം
നൃപതിമഥ കദാചിന്നിഷ്പ്രവൃത്തിം ചകാര 73

......... (അർഥം വ്യക്തമല്ല)
ക്ഷിതിപതിരഥ കാഷ്ഠാം കീർത്തിശേഷാ
മഗച്ഛൽ 74

പിതരി ദിവമുപേതേ പാലകശ്ചേദി
സംസ്ഥ:
പ്രകൃതിഭിരഥ സദ്യ: പ്രാപിതാം രാജലക്ഷ്മീം
വിപുലഭുജബലോ/പി ജ്യേഷ്ഠഭാവാനു
വൃത്ത്യാ
കഥമപി നൃപരാമം ബന്ധുബുദ്ധിർ
വിഷേഹേ 75

സ ച ഭുവമഭിരക്ഷന്നക്ഷതാജ്ഞോ രി
പൂണാ-
മുപഗത ഇവ മൃത്യുർ ഗോചരം ലോച
നാനാം
(രണ്ടു വരി നഷ്ടപ്പെട്ടിരിക്കുന്നു) 76

പ്രഥിതപൃഥുയശോഭിർ വിക്രമാക്രാന്ത
വിശ്വൈ:
സ്വകലനൃപതിമുഖൈര്യസ്തേജസാ
സംഭൃതേന



പാലകന്റെ മരണത്തെത്തുടർന്ന് അദ്ദേഹത്തിന്റെ സഹോദരിയുടെ പുത്രനായ വലിധരൻ രാജാവായി. മൂഷികവംശത്തിൽ മരുമക്കത്തായ മാണ് ഇനിയങ്ങോട്ട്. വലിധരനെ ഗംഗരാജാക്കന്മാരുടെ സൈന്യം ആക്രമിച്ചു. സഹ്യശൈലം കയറിക്കടന്നുവരുന്ന ഈ സൈന്യത്തെ ഒരു ദിവസത്തെ യുദ്ധം കൊണ്ട് വലിധരൻ തുരത്തി. വലിധരന്റെ ശേഷം അദ്ദേഹത്തിന്റെ ഭാഗിനേയനായ രിപുരാമൻ രാജ്യഭാരം കൈയേററു. രിപുരാമന്റെ അനന്തരഗാമി വിക്രമരാമനായിരുന്നു. വിക്രമരാമന്റെ ഭരണകാലത്ത് മൂലവാസം എന്ന പ്രസിദ്ധമായ ജിനക്ഷേത്രം സമുദ്രക്ഷോഭത്തിൽപ്പെട്ടു നശിക്കാൻ തുടങ്ങി. വിക്രമരാമൻ വലിയ പാറക്കല്ലുകൾ കൊണ്ട് ചിറ കെട്ടി ഈ ക്ഷേത്രത്തെ കടലേററത്തിൽ നിന്നു രക്ഷിച്ചു[25].

(ശ്രീമൂലവാസം ഇപ്പോൾ കരുതി വരുംപോലെ അമ്പലപ്പുഴക്കൂട്ടത്തായിരുന്നില്ലെന്നും, ഉത്തരകേരളത്തിലെവിടെയോ ആയിരുന്നുവെന്നും വിശ്വസിക്കാൻ ഈ പരാമർശം പ്രേരണ നൽകുന്നു).

---

അശിഷദവനിമേനാമാസ്ഥിതാരിഷ്ടശയ്യ:
കതിപയമഥ കാലം ചന്ദ്രവർമാ നരേന്ദ്ര: 77

പിതരി ദിവമുപേതേ പ്രാഗ്ദവീയ:
കനീയ: (?)
ഖിലമലഘു... ഗ്നാജധാ ജീവലോകം (?)
പ്രതനരമൃതഭാസ സ്സോ/പി കാലേന ബാല-
ശ്ചരമ ഇവ കലാംശോ ജഗ്രസേ
ചന്ദ്രവർമാ 78

പ്രകൃതിസചി വമുഖൈര്യർഭർത്തൃനാശേ
വിപക്ഷ-
പ്രതിഹതബലവീര്യൈ: കൃഛ്റതോ
ധാര്യമാണാ
ഉഡുവിജയിതമിസ്രാ നഷ്ടചന്ദ്രേവ രാത്രി:
സമഭവദതിശോച്യാ മൗഷികീ
രാജലക്ഷ്മീ: 79

ഖല ജനപരിഭൂതക്ലിഷ്ട വർണാശ്രമേ/സ്മിൻ
പ്രതിദിശമവരുദ്ധേ മണ്ഡലേ
ശത്രുസൈന്യൈ:
പ്രകൃതിസ്ചിവവർഗ: പാലകാഹ്വാന
ഹേതോ:
ദ്രുതതരമഭിചേദി പ്രേഷയാമാസ ദൂതം 80

പരിഭവമരിവർഗൈസ്സ്സുന്നിശമ്യ സ്വഭൂമേ:
സ്ഫുടതരപരികോപ: കൽപിതാനൽപ
സൈന്യ:
പ്രഥിതവിപുലശക്തിർ നിര്യയൗ സോ/ഥ
സദ്യ:
കൃതപദ ഇവ മൂർധന്യദ്ധത: കൃഷ്ണസർപ്പ: 81

സ്ഫുരദസിമുഖമൂർഛദ് ഭാസ്സുരാഭീശു
ജാല-
ജ്വലിതസകലദിഗ്ഭി: സേവിതോ
വാഹിനീഭി:
പട്ടപടഹനിനാദധ്വസ്തദൃപ്താരിധൈര്യ:
പ്രശമിതജനശോകസ്തത്രസ പ്രാദുരാസീൽ 82

സപദി വിഹതഭഗ്നാശേഷവിദ്വേഷി
വർഗ:
പ്രകൃതിസചിവമുഖ്യോ വശ്യസാമന്തലോക:
സമുചിതമഭിഷേകം പ്രാപ്യ സമ്യക്
പ്രജാനാ-
മധിഗതവിപുലശ്രീപാലക:
പാലകോ/ഭൂൽ 83

25. കൃതവതി പദമസ്മിൻ രാജ്ഞി മൃത്യോ:
കടാക്ഷേ
സ്വസുരഥ പൃഥുകീർത്തിസ്തസ്യ
രാജ്ഞസ്തനൂജ:
അഭവദഭവഹാരീ(?) പൂരിതാശ: പ്രജാനാം
വലിധര ഇതി തസ്യാ വല്ലഭോ രാജലക്ഷ്മ്യാ:90
പട്ടഭിരിവ ദധാനാ ഭൂതിനക്ഷത്രമേഘൈ:(?)
പ്രഥിതരവപരീതാശേഷദിക്ചക്രവാളാ
ഉപരി ധരണി ഭർത്തുസ്തസ്യ തീവ്രാ കദാചിൽ
പുരജിത ഇവ ഗംഗാ പ്രാപതൽ
ഗാംഗസേനാ 91

പൃഥുതരമവതീർണം വാസരേ ജീർണഭാനൗ
ധരണിപതിര സഹ്യം സഹ്യശൈലാഗ്ര-
ഭാഗാൽ
ദ്രുതതരമഭിപത്യ പ്രത്യനീകം പ്രദാഷേ
പവന ഇവ സദവഗസ്തൂലഭഞ്ജം
ബഭഞ്ജ 92

പരിചിതബഹുശാസ്ത്ര: പാരഗോ ദണ്ഡ-
നീതേ:
പ്രതിഹതരിപുവീര്യ: പ്രത്യനീകസ്ഥാനാം
ഭരതനഹുഷകീർത്തിർ ഭാഗിനേയോ/
സ്യ രാജ്ഞ:
ശ്രിയമഥ രിപുരാമ: ശ്രേയസീമഭ്യഗച്ഛൽ 93

വിക്രമരാമന്റെ മരണത്തിന്നു ശേഷം മൂഷിക രാജ്യം ഭരിച്ചതു് ജനമാനിയായിരുന്നു. ജനമാനിക്കു ശേഷം ശംഖവർമാവും അദ്ദേഹത്തിന്നു ശേഷം ജയമാനിയും കോലത്തുനാടു് വാണു. പ്രഥനാനദിയുടെ തീരത്തുള്ള കോലതലസ്ഥാനനഗരത്തെപ്പറ്റി സാമാന്യം ദീർഘമായ ഒരു വർണനയോടെ മൂഷികവംശത്തിന്റെ പന്ത്രണ്ടാം സർഗം അവസാനിക്കുന്നു. "പരസ്പരം കടിച്ചു കീറുന്ന കാട്ടുജന്തുക്കൾ മഹർഷിമാരുടെ ആശ്രമങ്ങളിൽ സഹവസിക്കും പോലെ എല്ലാ ദേവതകളും ഇവിടെ ഒരുമിച്ചു വസിക്കുന്നു" എന്ന പ്രസ്താവന പ്രത്യേകം ശ്രദ്ധേയമാണു്[26].

ജയമാനിയുടെ അനന്തരൻ വലഭനെന്ന രാജാവായിരുന്നു. അദ്ദേഹം "ഭടസ്ഥലി"യുടെ രാജാവിന്റെ എന്തോ അപരാധത്തിൽ കോപിച്ചു് ആ നഗരത്തെ ആക്രമിച്ചു. ഭടസ്ഥലി പിടിച്ചടക്കി തന്റെ വംശത്തിൽപ്പിറന്ന നൃപരാമന്നു് നൽകുകയും ചെയ്തു. വലഭന്റെ കാലശേഷം അദ്ദേഹത്തിന്റെ അനുജനായ കുന്ദവർമാവു് മൂഷിക രാജാവായി. "നാരായണപുരം" എന്ന വിഷ്ണുക്ഷേത്രം നിർമിച്ചതു് കുന്ദവർമാവായിരുന്നു. കുന്ദവർമാവു് മരിച്ചപ്പോൾ അദ്ദേഹത്തിന്റെ സഹോദരീപുത്രനായ പാലകൻ രാജാവായി. പാലകന്റെ മരണശേഷം ഭടസ്ഥലിയുടെ അധീശ്വരനായ രിപുരാമൻ മൂഷികരാജാവായിത്തീർന്നു. രിപുരാമനെ പിൻതുടർന്നതു് സഹോദരീപുത്രനായ പാലകനാണു്. മരിപുരത്തിലെ രാജാവു് ഇക്കാലത്തു് മൂഷിക രാജ്യത്തിന്റെ ഏതാനും ഭാഗം കീഴടക്കി. പാലകൻ സൈന്യത്തോടെ മരിപുരം ആക്രമിക്കുകയും ആ പട്ടണം തീ വെച്ചു നശിപ്പിക്കുകയും ചെയ്തു. പാലകൻ മരിച്ചപ്പോൾ അനുജൻ ജയമാനി രാജാവായി[27].

ജയമാനിയുടെ സഹോദരീപുത്രനായിരുന്നു വലഭൻ. വലഭന്നു് രാജധർമാവു് എന്ന ഒരു അനുജനുമുണ്ടായിരുന്നു. വലഭൻ ഒരിക്കൽ പെരിഞ്ചെല്ലൂർ ഗ്രാമത്തിൽ ചെന്നു. ഈ ഗ്രാമത്തെപ്പററി ഇവിടെ ദീർഘമായ ഒരു വർണനയുണ്ടു്. ഭവൻ, നന്ദി എന്നു പേരുള്ള രണ്ടു ബ്രാഹ്മണർ ഈ ഗ്രാമത്തിലുണ്ടായിരുന്നതായി അതുലൻ പ്രസ്താവിക്കുന്നു. വലഭൻ പെരിഞ്ചെല്ലൂരിലുള്ള തൃച്ചംബരം ക്ഷേത്രം സന്ദർശിച്ചു. പിന്നീടു് ശതസോമൻ (പതിനൊന്നാം സർഗത്തിൽ കാണുന്ന പേർ "സുതസോമൻ" എന്നാണു്) നിർമിച്ച ശിവക്ഷേത്രത്തിലേക്കു ചെന്നു. അവിടെ ബ്രാഹ്മണശ്രേഷ്ഠർ അദ്ദേഹത്തെ സമീപിച്ചു. അവരുടെ അഭ്യർഥനയനുസരിച്ചു് ആ ക്ഷേത്രത്തിന്റെ ജീർണോദ്ധാരണം നിർവഹിച്ചു് വലഭൻ ഈ ഗ്രാമത്തിൽ നിന്നു് തിരികെ അമ്മാമന്റെ അടുത്തേയ്ക്കു പോയി[28].

---

വ്രജതി ഗതിമമർത്ത്യാമീശ്വരേഽസ്മിൻ
ജഗത്യാ:
സപദി തനുജന്മാ (?) ജന്മഭാജാം പുരോഗ:
അഭവ (?) ദവനിചക്രം വിക്രമോദ്ഘാത
നാമാ
കൃതമതിരഥ രാമ: സോമവംശപ്രദീപ: 95

പ്രഥിതമിഹ ജിനസ്യ ശ്രീനികേതം
കദാചിൽ
മുഷിതജനവിപത്തേരാലയം മൂലവാസം
പൃഥുചടുലതരംഗക്ഷുണ്ണവേലാതടാന്ത:
കബളയിതുമുദന്വാനുദ്ധതം വ്യാജജൃംഭേ 96

സപദി ച തമുദന്തം സന്നിശമ്യാത്തകോപ:
പരിഭവമിവ ശത്രോരാത്മനോഽന്തരസ്യ
പ്രതിജലധി സ ദൂരാദുദ്യതാസി: പ്രതസ്ഥേ
ന ഖലു ജഗതി ധീരാ; സ്വസ്യ പശ്യന്ത്യ
ഭൂമിം 97

പ്രളയ ഇവ ഗഭീരധ്വാനമുല്ലംഘ്യ വേലാം
വിസൃതചടുലവീചേരുത്ഥിതസ്യാർണ-
വസ്യ
തുലിതജലദശൈലൈസ്തൂർണമാബധ്യ
സേതും
ബലവദുപലഭംഗൈ: സ്തംഭയാമാസ വേഗം98

അസുകരമിതി കൃത്വാ കർമ ധർമാനുബന്ധം
സ്വപദനിയമിതാനാമാദധാന: പ്രജാനാം
... സ ബുധജനസഹായം പ്രോഢ്യ രാജാ
പദം സ്വം
വിബുധജനസഹായം സ്ഥാനമഗ്ര്യം
പ്രപേദേ 99

26. അഥ മഥിതവിപക്ഷ: പക്ഷപാതീ ഗുണാനാം
ശശധര ഇവ ഭൗമ: കാമിനീലോചനാനാം
പ്രതിഗതിരഹിതാജ്ഞ: പ്രാജ്ഞ
സാധാരണശ്രീ-
രഭജത ജനമാനീ മൗഷികീം രാജലക്ഷ്മീം 101
കരവിജിതമുദസ്യ ക്ഷ്മാപതൗ ജീവലോകം
മഖവിജിതമമുഷ്മിൻ പ്രസ്ഥിതേ
ലോകമന്യം
അഭൃത നിഭൃതചേതാ മേദിനീമർണവാന്താം
പ്രതിഹതരിപുസംഘോപക്രമ:
ശംഖവർമാ 102
അഥ വഹതി വിഭാവഭാവമസ്മിൻ
നൃപമകുടാഗ്രവിഘട്ടിതാംഘ്രിപീഠ:
പുനരപി ജയമാനിനാമധേയ:
പുനരവഹന്നൃപതിശ്ചിരായ കോലം 103
പര്യാകുലേ വിലസതി പ്രഥനാപഗായാ:
ഛായാഗതം പയസി ഗോപുരമുന്നതാഗ്രം
ഭാവസ്യ യത്ര സകലസ്യ ജഗദ്ധിതായ
പ്രത്യക്ഷതാമുപനയൽ പ്രതിഭംഗലീലം 104
കൃതാസ്പദാ: കാനനസത്വജാതയ-
സ്തപോഭൃതാം സിദ്ധിമതാമിവാശ്രമേ
ജഗൽപ്രതീതാതി വിരുദ്ധ......
സഹാഖിലാ യത്ര വസന്തി ദേവതാ: 111



27. അഥ തസ്യ വിഭോരനന്തരോ
വിജയീ സദ്ഗുണരത്നസാഗര:
ബലഭദ്രസമാനവിക്രമോ
വലഭോ നാമ ബഭൂവ പാർഥിവ: 13.1
സ കദാചിദവന്ധ്യപൗരുഷ:
കുപിതോ ഭൂപതിരാഗസി ക്വചിൽ
പ്രചചാല ഭടസ്ഥലീഭുവ:
പതിമുന്മൂലയിതും മദോദ്ധതം 6
അപമൃദ്യ തതസ്തതോ രിപൂൻ
സ്വപരിത്രാണപരായണോദ്യമാൻ
നൃപതിർ നിജവംശകേതവേ
നൃപരാമായ ദദൗ ഭടസ്ഥലീം 12
അനുജന തതോഽസ്യ ഭൂപതേ-
രധരീകൃത്യ യശാംസി ഭൂഭൃതാം
ധരണീവരദേന മൗഷികീ
സ്വസനാഥാഽകൃത കുന്ദവർമണാ 14
അഭിരക്ഷ്യ പുരം ചിരായ യോ
വിഭവൈർ ന്യായവശാദുപാർജിതൈ:
വ്യധിത പ്രഥിതം മുരദ്വിഷോ
ഭുവി നാരായണപൂർവകം പുരം 16
അഥ തത്ര നൃപേ യശോനിധൗ
സ്മരണീയാം ഗതിമഭ്യുപേയുഷി
സ്വസൃരസ്യ സുത: സ്മരാകൃതി:
പൃഥിവീം പാലയതി സ്മ പാലക: 17
പൃഥുതേജസി തത്ര ചാചിരാൽ
പതിതേ കാലകടാക്ഷവർത്മനി
പദമസ്യ ഭടസ്ഥലീശ്വരോ
രിപുരാമ: സ മഹാനഗാഹത 18
തമനുക്രമനാസ്സുമാഖ്യയാ
ഭുവി ഗംഭീര ഇതി പ്രതീതിമാൻ
സുത ഏവ തു പാലക: സ്വസു:
ക്ഷിതിമനാം ക്ഷപിതാരിരഗ്രഹീൽ 24
നയവർത്മവശാദിതസ്തത-
ശ്ചരതോ ലേശമമുഷ്യ ഭൂമിഷു
അഹരദ് ബലദർപ്പമോഹിതോ
മരിപൂർവസ്യ പതി: പുരസ്യ തം 25
ദ്വിഷതാ വിഹിതാം വിലംഘനാ-
മസഹസ്സോഢുമനല്പപൗരുഷ:
സഹസാ മൃഗദഷ്ടകേസരോ
വിജയീ സിംഹ ഇവോച്ചചാല സ: 27
പ്രചലദ്ബലവാജിഹേഷിത-
ശ്രവണക്ഷോഭിതസർവദിങ്മുഖ:
അഭിഹത്യ ചമൂഭിരാശു തം
സ്വബലൈസ്താം സ പുരീം സമാവൃണോൽ28
അപനുദ്യ രിപൂൻ സഹസ്രധാ
ബലദർപ്പോദ്ധുരയാ സ്വസേനയാ
ദഹനം തുഹിനാംശുവംശജ:
പുരി തസ്യാം രഭസാദദീപയൽ 31
പരിദഹ്യ പുരീം സ പാണ്ഡവ:
കമനീയാമിവ ഖാണ്ഡവസ്ഥലീം
പരിനിസ്സൃതകോപപാവക:
സ്വപുരീം പ്രത്യനയൽ പതാകിനീം 37
വ്രജതി ത്രിദശേഷു ഗണ്യതാം
നൃപതൗ തസ്യ നിരസ്തവിദ്വിഷ:
അനുജോ മനുജോത്തമശ്ചിരം
ജയമാനീ ജഗതീമപാലയൽ 38

28. സംജജ്ഞേ സകലഗുണൈകപാത്രമസ്യ
സ്വസ്രീയോ വലഭ ഇതി പ്രതീതനാമാ
ഭൂതാനാമിഹ ഭുവനേ ഹിതാർഥമുച്ചൈ-
രേകാംശ: പ്രമഥപതേരിവാവതീർണ: 43

രാമഘടമൂഷികേശ്വരൻ (ജയമാനി) വലഭനെ യുവരാജാവായി അഭിഷേകം ചെയ്തു. ഇക്കാലത്തു് കേരളരാജാവ് ചോളരാജാവിനെ ആക്രമിക്കാൻ കോപ്പിടുന്നതായി കേട്ട്, കേരളരാജാവിനെ സഹായിക്കുന്നതിന്നു് രാമഘടമൂഷികൻ വലഭനെ അങ്ങോട്ടയച്ചു. വലഭൻ വലിയ സൈന്യത്തോടു കൂടി തെക്കോട്ടു നീങ്ങി. ആയിരക്കണക്കിന്നു് സാമന്തരാജകുമാരന്മാർ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. അല്പം ദിവസത്തെ യാത്ര കൊണ്ടു് വലഭൻ വളരെ ദൂരം സഞ്ചരിച്ചു. ഒരു താവളത്തിൽ വെച്ച്, ദ്വാരപാലിക അദ്ദേഹത്തോട് സ്വന്തം നാട്ടിൽ നിന്നു് ഒരു ദൂതൻ വന്നിരിക്കുന്നതായി അറിയിച്ചു. രാമഘടമൂഷികേശ്വരൻ മരിച്ചു പോയി എന്നതായിരുന്നു ഈ ദൂതൻ കൊണ്ടുവന്ന വർത്തമാനം. ഈ വാർത്ത കേട്ട് വലഭൻ വല്ലാതെ ദുഃഖിച്ചു. ഇതേ സമയത്തു് മറെറാരു ദൂതൻ അവിടെയെത്തി വിക്രമരാമൻ എന്ന, മൂഷികവംശത്തിൽത്തന്നെ പിറന്ന, മറെറാരു രാജാവ് ജയമാനിയുടെ മരണവും വലഭന്റെ അസാന്നിധ്യവും ഉപയോഗപ്പെടുത്തി മൂഷികരാജ്യം കീഴടക്കിയ വിവരം അറിയിച്ചു. (ഇവിടെ അർഥം വ്യക്തമല്ല; പദ്യങ്ങളിൽ പല പിഴകളുമുണ്ട്). വലഭന്റെ ദുഃഖത്തെ കോപം കീഴടക്കി. ഈ വൃത്താന്തം കേരളരാജാവിനെ അറിയിക്കുവാൻ ദൂതനെ അയച്ച്, കുതിരപ്പടയോടു കൂടി വലഭൻ ശത്രുക്കളപഹരിച്ച സ്വന്തം രാജധാനിയിലേക്കു തിരിച്ചു. പോകും വഴി അദ്ദേഹം മൂലവാസത്തിലെ ബുദ്ധഭഗവാനെ വന്ദിച്ചു; ജൈനജനങ്ങളുടെ ജയാശിസ്സുകൾ സ്വീകരിക്കുകയും ചെയ്തു. (ബൗദ്ധജൈനമതങ്ങൾ തമ്മിലുള്ള വ്യത്യാസം കവി മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു). രാജാവായി അഭിഷേകം കഴിഞ്ഞു് വിഹാരദുർഗത്തിൽ വാണരുളുന്ന മൂഷികനെ വലഭസൈന്യം വളഞ്ഞു. തന്റെ ആസ്ഥാനം വളഞ്ഞതിൽ കോപിച്ച് രാജാവ് കൂടാരത്തിൽ നിന്നു പുറത്തു വന്നു. വലഭസേനയുടെ പൊടിപടലം ശത്രുവിന്റെ കോപത്തെ അഗ്നിയെ കാറ്റു പോലെ ഉദ്ദീപിപ്പിച്ചു. തുടർന്നു് ഘോരമായ യുദ്ധം നടന്നു. വലഭസൈന്യം എതിർസൈന്യത്തിൽ വളരെയാളുകളെ കൊന്നു. എന്നിട്ടും വിക്രമരാമൻ (രാമഘടമൂഷികേശ്വരൻ) വിചലിതനായില്ല. ലോകനാശകരമായ ഈ യുദ്ധം തടയുന്നതിന്നെന്ന പോലെ സൂര്യൻ അസ്തമിച്ചു. നിലത്തു് രക്തനദികൾ പോലെ മേഘങ്ങളിൽ സന്ധ്യാരാഗം പരന്നു. ഇരുണ്ട ആകാശത്തു നക്ഷത്രങ്ങൾ മരിച്ചവരുടെ ആത്മാക്കൾ പോലെ തിളങ്ങി. ഒടുവിൽ, ശത്രുസൈന്യത്തെ സംഹരിച്ച് ഉയരുന്ന വലഭനെപ്പോലെ ഇരുട്ടു നീക്കി ചന്ദ്രൻ പ്രത്യക്ഷപ്പെട്ടു. മന്ത്രിമാരുടെ ഉപദേശം കേട്ട് ശത്രു (വിക്രമരാമൻ) രാത്രിയിൽ യുദ്ധരംഗം വിട്ട് പലായനം ചെയ്തു. അങ്ങനെ സൂര്യോദയത്തിൽ ചന്ദ്രൻ അന്തരീക്ഷത്തെയെന്ന പോലെ മൂഷികപതി വിഹാരദുർഗം വെടിഞ്ഞു [29].

---

ശ്രീമാനമുഷ്യാവരജ: കലാനാം
വേത്താ കൃതജ്ഞോ വസതിർ ഗുണാനാം
രാമസ്യ സൗമിത്രിരിവാജനിഷ്ട
രാജാ പ്രതീതോ ഭുവി രാജധർമാ 50

ധർമസ്യ പാശ്ചാത്യഗുണപ്രതീക്ഷാ-
സ്ഥാനായമാനം കലിദുർബലസ്യ
ചെല്ലൂരനാമാനമസൗ കദാചി
ന്മഹാഗ്രഹാരം വലഭ: പ്രപേദേ. 51

യത്ര ദ്വിജന്മതിലകൗ ഭവനന്ദിസംജ്ഞാ-
വക്ഷീയമാണഗുണരത്നചയാവഭൂതാം
മോഹാപനോദകരണാർഥമിവ പ്രജാനാം
ശുക്രശ്ച ശക്രസചിവശ്ച ദിവോ/
വതീർണൗ 61

തത്രാഥ ചിത്രകുസുമസ്തബകാവതംസൈ-
രുദ്യാനശാഖിഭിരുപസ്തുതദ്വിഗ്വിഭാഗം
ശ്രീമത്സ ശംബരപദപ്രഥിതാഭിധാനം
പുണ്യം ഹരേർ നൃപസുത: പുരമാസസാദ 62

ദ്രുതതരമവതീര്യ യത്ര യാനാദ്
ഭുവനഗുരും ശിരസാ പ്രണമ്യ ശൗരിം
പുരമഥ ശതസോമനിർമിതം തദ്
സ പുരരിപോരഭിരാമമാസസാദ 67

തത്ര ദ്വിജന്മതിലകൈർവിഹിതസ്സമേത്യ
തദ്ഗ്രാമരക്ഷണവിധൗ സദൃശേ സ തിഷ്ഠൻ
തൂർണം നരേന്ദ്രതനയ: പരിജീർണസന്ധിം
ഭൂയ: പുരം പുരരിപോർഘടയാംബഭൂവ 71

അഥ ദ്വിജാനാം ശിവശംസിനീഭി-
രാശീർഭിരുത്തേജിതമംഗളേന
ഭൂയസ്സമാസാദി നൃപാത്മജേന
ഗ്രാമാദമുഷ്മാദ് ഗുരുപാദമൂലം 72

ഇതി മൂഷികവംശേ ത്രയോദശഃ സർഗഃ

29. അഥ യൗവരാജ്യമനവദ്യം
നൃപതിവരലക്ഷണാന്വിതേ
നീതിനിപുണഹൃദയേ വലഭേ
സ ചകാര രാമഘടമൂഷികേശ്വര: 14 1



അഥ കേരളം പ്രതി സ ചോള-
നൃപതിമഭിയാതുമുത്ഥിതം
സാഹ്യകൃതമതിരമും വലഭം
പ്രജിഘായ രാമഘടമൂഷികേശ്വര: 7

പ്രതിഹത്യ തം സ ഘനേരണു-
നിവഹപിഹിതാർക്കരോചിഷാ
തുര്യതുലിത ജലദധ്വനിനാ
പ്രയയൗ ബലേന സഹ ദക്ഷിണാം ദിശം 8

ദ്വിരദാശ്വയാനഗതയശ്ച
കൃതപരികരൈസ്സമം ബലൈ:
രാജതനയമഥ ഭൂമിഭൃതാം
അനുസസ്രുരാശു തനയാസ്സഹസ്രശ: 12

സമതീതമാർഗമതിദീർഘ-
മനതിബഹുഭി: പ്രയാണകൈഃ
ക്വാപി നൃപതിതനയ: സഹസാ
വിഹിതോപകാര്യമഥ സദ്മ വീക്ഷത(?) 14

നിജമണ്ഡല......വവേഷ (?)
ഗദിതവിപത്തിമാഗതം
കൃത (?) നൃപതിതനയായ ലഘു
പ്രതിഹാരികാ/ഥ പുരുഷം ന്യവേദയൽ 15

വിദിത: പ്രവിശ്യ ഗളിതാശ്രു-
ലുളിതനയന: പ്രണമ്യ സ:
സ്വർഗമുപഗതമമുഷ്യ ഗുരും
നിജഗാദ രാമഘടമൂഷികേശ്വരം 16

ഉപകർണ്യ ചൈതദുരുസത്ത്വ-
വിശദഹൃദയോ/പി തൽക്ഷണം
അശ്രുകലിതനയനാംബുരുഹോ
നിമമജ്ജ ഭൂയസി സ ശോകസാഗരേ 17

അഥ വിക്രമോപഹിതരാമപദ-
വിരചിതാഹ്വയം രിപും
പ്രാപ്തമലപദഭിമർശ്യ (?) പര:
പദമാശു രാമഘടമൂഷികാഹ്വയം 18

പ്രതിഘ: പ്രതാപനിധിരസ്യ
ശുചമപനുദന്നഥാസ്ഫുരൽ
മേഘവിസരമലിനാം സഹസാ
ദിവസസ്യ വൃത്തിമിവ തിഗ്മദീധിതി: 19

ഉദതിഷ്ഠദാശു സ ബലേന
കൃതപരികരേണ സംവൃത:
അർഥമഥ തമഭിവേദയിതും
വിസസർജ ദൂതമഭി കേരളേശ്വരം 23

തുരഗാകുലേന സഹ തൂർണ-
മഥ നിവവൃതേ ബലേന സ:
ഗ്രാഹനിവഹഗുരുണാ പയസാ
വിനിവൃത്തവേല ഇവ യാദസാം പതി: 24

ഉപസൃത്യ...സുസമൃദ്ധ-
വിഭവഗുരുധർമവിത്തമം
തത്ര സുഗതമതികാരുണികം
ശുചിമൂലവാസജുഷമഭ്യവന്ദത 25

പ്രതിഗൃഹ്യ ച പ്രവരജൈന-
ജനകൃത......ജയാശിഷ:
കോപഭരിതഹൃദയ: സഹസാ
പ്രയയൗ പരൈരപഹൃതം സ്വമന്ദിരം 26

വിഹിതാഭിഷേകമഥ തത്ര
നരപതിവിഹാരദുർഗഗം
പ്രാജ്യബലമുപരുരോധ സ ഹി
മഹതാ ബലേന വലഭസ്സ മൂഷികം 27

സ്വപദോപരോധപരികോപ-
കലുഷിത വിവൃത്തലോചന:
സിംഹ ഇവ സപദി പഞ്ജരത:
ശിബിരാദസൗ നരപതിർവിനിര്യയൗ 39

പ്രതിപക്ഷകോപദഹനസ്യ
വലഭപൃതനാസമുദ്ഭവ:
ദീപ്തിജനനമഹിമാ രജസാം
പ്രകരസ്സമീരപദവീ മഗാഹത 40

അധിരുഢവാഹനമഥാശു
കൃതപരികരം ധൃതായുധം
ദർപ്പസമുചിതബാഹുബലം
ദ്വിതയം മിഥ: പൃതനയോസ്സമഭ്യയാൽ 41

അഗമൽ ക്ഷയം വലഭസൈന്യ-
ജലധി വിസരേണ ഭൂയസാ
അഥ സമിതി രിപുരാജചമൂ:
പൃതനേവ പാണ്ഡവബലേന കൗരവീ 51

പരിഹീയമാണബലരാശി-
രപി രിപുബലേന ഭൂയസാ
ദാവഹതവന ഇവ പതിർ-
ന്ന ചചാല രാമഘടമൂഷികേശ്വര: 52

സമരം ജഗൽക്ഷയനിമിത്ത-
മമുകമിവ രോദ്ധുമുദ്യത:
അസ്തമഗമദഥ ഘർമരുചി:
പ്രതിസംഹൃതാഖിലമരീചിമണ്ഡല: 53

പരിഖണ്ഡിതേഭസുഭടാശ്വ-
രുധിരസരിതേവ മേദിനീ
മൂർച്ഛദഭിനവ ജപാരുണയാ
ഘനപദ്ധതിർദ്രുതമരോധി സന്ധ്യയാ 54

വലഭൻ വധ്യന്മാരെ വധിച്ചും ത്യാജ്യന്മാരെ ത്യജിച്ചും പിടിക്കേണ്ടവരെ പിടിച്ചും പീഡിപ്പിക്കേണ്ടവരെ പീഡിപ്പിച്ചും നയം കൊണ്ടും വിക്രമം കൊണ്ടും ലക്ഷ്മിയെ അനുനയിക്കുകയും മൂഷികരാജ്യത്തെ വശീകരിക്കുകയും ചെയ്തു. താമസിയാതെ വലഭനെ രാജാവായി അഭിഷേകം ചെയ്യുന്ന ചടങ്ങ് നടന്നു. കപ്പൽക്കച്ചവടക്കാർ അയയ്ക്കുന്ന കപ്പലുകളിലൂടെ ഇറക്കുമതി ചെയ്ത മറ്റു ദ്വീപങ്ങളിലെ ദ്രവ്യസാരങ്ങൾ തിങ്ങിയ അങ്ങാടികളുള്ള മാരാഹി (മാരായി) എന്ന പട്ടണം കില്ലാനദി (കോട്ടപ്പുഴ) യുടെ തീരത്ത് വലഭൻ നിർമിച്ചു. വലഭപത്തനത്തെ അദ്ദേഹം അഭിവൃദ്ധിപ്പെടുത്തി. അദ്ദേഹം വട്ടുകേശ്വരക്ഷേത്രത്തിൽ പ്രതിഷ്ഠ നടത്തി. ശ്രീരാമൻ ലങ്ക എന്ന ഒരു ദ്വീപു മാത്രമേ കീഴടക്കിയുള്ളു. വലഭരാമഘടമൂഷികൻ പല ദ്വീപുകളെയും കീഴടക്കി ഭരിച്ചു. മഹാന്മാരായ രാജാക്കന്മാർക്ക് ആദർശഭൂതമായ ചരിതത്തോടു കൂടിയ വലഭൻ പ്രായാധിക്യം കൊണ്ടു മരിച്ചപ്പോൾ ഭൂമി അനാഥയും രാജലക്ഷ്മി വീണ്ടും ചപലയുമായിത്തീർന്നു. നാട്ടിൽ അമംഗലങ്ങൾ വർധിച്ചു[30].

വലഭന്റെ അനുജനായ ശ്രീകണ്ഠനെപ്പററിയാണ് മൂഷികവംശത്തിലെ പതിനഞ്ചാം സർഗം പരാമർശിക്കുന്നത്. അദ്ദേഹത്തെപ്പററിയുള്ള ദീർഘമായ വർണന വർത്തമാനകാലക്രിയകളുപയോഗിച്ചാകയാൽ, അതുലൻ മൂഷികവംശം നിർമിച്ചത് ശ്രീകണ്ഠന്റെ വാഴ്ചക്കാലത്താണെന്നു വിചാരിക്കാം. ശ്രീകണ്ഠൻ ശിവഭക്തനായിരുന്നു. രാജവർമാ എന്നും അദ്ദേഹത്തിനു പേരുണ്ടായിരുന്നു. വട്ടുകേ

സമരേഷു വീരനിവഹസ്യ
ദിവികൃതപഥൈരിവാത്മഭി:
താവദഗണിതസഹസ്രശതൈ-
രുഡുഭി: പ്രകാശതരമൈർവിദിദ്യുതേ. 56
അവനുദ്യ സാന്ധ്യമതിഭൂരി
തിമിരമുദിയായ ചന്ദ്രമാ:
ശത്രുബലമഭിനിഹത്യ മഹൽ
പ്രഭവിഷ്ണുനേവ വലഭ: സ്വതേജസാ 57
പൃഥിവീപതി: പ്രകൃതിഭി: സ
നിശി നയഗതിം വിബോധിത:
ഭൂരി ശിബിരമപഹായ യയൗ
പ്രബലേ രിപൗ ഗതിരിയം ഹി ഭൂഭൃതാം. 58
തീവ്രപ്രതാപഭരിതാഖിലദിഗ്വിഭാഗേ
ഭൂമൈത്യ ഭുവ: സ്ഫുരതി തത്ര നരേന്ദ്രസൂനൗ
തത്യാജ മൂഷികപതിസ്സ വിഹാരദുർഗം
സൂര്യോദയേ തുഹിനദശ്മിരിവാന്തരിക്ഷം 59

30\. വധ്യാൻ നിഹത്യ വലഭ: പ്രവിഹായ
ഹേയാൻ
ഗ്രാഹ്യാൻ പ്രഗൃഹ്യ പരിപീഡ്യ
ച പീഡനീയാൻ
ലക്ഷ്മീമഥാനുഗുണയൻ നയവിക്രമാഭ്യാം
അഹായ മൂഷികഭുവം സ വശീചകാര 60
ദൃപ്താരികോപശിഖിനാ ഏദി തപ്തമൂർത്തേ:
നിർവാപണാർഥമിവ മംഗളദേവതായാ:
പ്രാവർത്തത പ്രകൃതിപൗരജനാഭിരാമ:
പുണ്യേ വിഭോരഹനി തസ്യ
മഹാഭിഷേക: 61
സാംയാത്രികപ്രഹിതപോതപഥാ
വതീർണ-
ദ്വീപാന്തരദ്രവിണസാരവൃതാപണാഢ്യം
കില്ലാസരിജ്ജലധിസംഗമസന്നികൃഷ്ടം
മാരാഹിനാമ സ പുരം നൃപതിശ്ചകാര 66
ഭൂപശ്ചകാര പൃഥുഗോപുരഭിന്നതുംഗ-
പ്രാകാരചിത്രവിഹിതാതുലഗുപ്തിശോഭം
വർധിഷ്ണുഖാതസലിലം പൃഥുഭിസ്തരംഗൈ:
ബിഭ്രത്സദാ വലഭപത്തനവൃദ്ധിമുച്ചൈ: 67
ശാന്തേ:(?) പ്രശാന്തവിപദം ശരണാ
ഗതാനാം
ചണ്ഡേശ്വരസ്യ വട്ടുകേശ്വരമന്ദിരസ്യ
ആഖണ്ഡിതാരിബലദുസ്സഹവീര്യമാര്യം
ഭക്ത്യാ സ ദേവ മനയന്നൃപതി:
പ്രതിഷ്ഠാം 68
ഉത്തീർണസാഗര ജലേന കുലം രിപൂണാം
ഹത്വാ ബലേന ഹരികുഞ്ജരഭീഷണേന
ലങ്കാഹ്വയം രഘുപതി: പുരമേകമേവ
ദ്വീപാൻ ബഹൂനഭുത രാമഘടാഹ്വയസ്തു 69
ദൃഷ്ടാന്തഭൂതചരിതോ മഹതാം സ രാജ്ഞാം
ദിഷ്ടാന്തമേത്യ ഗളിതേ വയസി ക്ഷിതീശ:
അംഭോധിവീചിരശനാം ജഗതീമനാഥാം
ഭൂയശ്ചകാര ചപലാം ഭുവിരാജലക്ഷ്മീം 72
പതിത ഇവ നഭോ ഹിമേതരാംശൗ
ഗളിത ഇവാപി ച ജീവിതേ ശരീരം
അശിവമതിതരാമശേഷമാപദ്
ധരണിതലം രഹിതം നരേശ്വരേണ 74
ഇതി മൂഷികവംശേ ചതുർദശഃ സർഗഃ



ശ്വരക്ഷേത്രം, ഖരവനക്ഷേത്രം, അഹീരണേശ്വരക്ഷേത്രം എന്നിവ അദ്ദേഹം പുതുക്കിപ്പണിയിച്ചു. അമ്പത്തിരണ്ടു പദ്യങ്ങളിൽ അപൂർണമായ ഈ സർഗത്തോടു കൂടി മൂഷികവംശം അവസാനിക്കുന്നു[31].

ഒന്നാം രാമഘടമൂഷികൻ മുതൽ ശ്രീകണ്ഠൻ വരെ നൂററിപ്പതിനഞ്ചു രാജാക്കന്മാരുടെ വാഴ്ച മൂഷികവംശത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ഇവരിൽ പല രാജാക്കന്മാരും സ്ഥിതി ചെയ്യുന്നത് ചരിത്രത്തിന്റെ മേഖലയിലല്ല, ഐതിഹ്യത്തിന്റെ മേഖലയിലാണ്. പലരുടെയും പേരുകൾ സാധാരണഗതിയിൽ പേരുകളാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു (ഉദാ:- കാമപ്രദൻ, നയധനൻ, കവികർക്കശൻ, നിപാതവർത്മാവ്). മിക്കവരുടെയും പേരുകളിൽ കവിഞ്ഞ ഒരു വിവരവും ഈ ഗ്രന്ഥത്തിൽ നിന്നു ലഭിക്കുന്നില്ല.

## ഏഴിമലനാട് മൂഷികവംശത്തിനു മുമ്പും പിമ്പും

ക്രിസ്തുവർഷം അഞ്ചാം ശതകത്തിൽ ഏഴിമല (ഏഴിൽ മല) യിലെ രാജാവായിരുന്ന നന്നൻ തമിഴ് സാഹിത്യത്തിൽ പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്. നാർമുടിച്ചേരൽ എന്ന ചേരരാജാവിന്റെ സേനാനായകനായ ആയ് എയിനനെ പാഴിയിൽ വെച്ചു

31\. ശ്രീകണ്ഠ ഇത്യവരജോഽഥ നൃപസ്യ തസ്യ
ശ്രീകണ്ഠപാദസരസീരുഹരാജഹംസ:
ശ്രീകണ്ഠനാഥ ഇവ ശൗര്യഗുണേന ഹർഷ-
ശ്രീകണ്ഠസംഗിനി ഭുജേ ഭുവമാസസഞ്ജേ 15.1
ഭർത്താ ഫണീന്ദ്രശയനീയമിവേന്ദിരായാ:
ക്രോഡം പിതാമഹ ഇവാദിസരോരുഹസ്യ
കൈലാസശൈലമിവ ച സ്വയമേവ ദേവ:
ചേതോ യദീയമധിതിഷ്ഠതി ശൂലപാണി: 3
ജീയാച്ചിരായ കരവാളസഖേന ദോഷ്ണാ
രാജാഽയമപ്രതിരഥോ ഭുവി രാജവർമാ
പീത്വാതി രക്തരസകം സഹ കാമിനീഭി:
നൃത്യന്തി യന്ത്ര രണമൂർധനി യാതുധാനാ: 35
ലക്ഷ്യാ പ്രതീതയശസോ ഭുവി കർത്തുനാമ്നാ
ഭർത്രാഹ്വയേന ച ദധദ്വട്ടുകേശ്വരാഖ്യാം
പുംസോ വപുർവിധി രിവൈഷ ജരാവ-
തീർണം
ഭൂയോ നവം വ്യധിത മന്ദിരമിന്ദുമൗലേ: 37
യച്ചാസ്തഭോഗവികലം പുര ഏവ തത്ര
ഖ്യാതം ഗൃഹം ഖരവനാഹ്വയമീശ്വരസ്യ
കാലേന തദ്വിഘടിതം സമധത്ത ഭൂയ:
പക്ഷോപലക്ഷ്യമിവ ബിംബമതീശരശ്മേ: 38
യോഽഹീരണേശ്വര ഇതി പ്രഥിതം
പൃഥിവ്യാം
സൗധാഗ്രതലഹരിദശ്വരഥാശ്വമാർഗം
ജീർണം കദാചിദവലോക്യ തമേവ ദധ്യൗ
ദേവസ്യ മന്ദിരപിപോർത്തുയിതം നിവാസം 39
വിശ്ലിഷ്ടചഞ്ചലമഹോപല
സന്ധിബന്ധം
ഭഗ്നൈകത:പതിതജർജരദാരുഖണ്ഡം
ശംഭോരിഹൈവ നിലയം പ്ര
വിശീര്യമാണം
ദൃഷ്ട്വാ മമാദ്യ ഝടിതി സ്ഫുടതീവ
ചേത: 41
ശുശ്രൂഷണം മമ ഗുരോസ്തദഭീഷ്ടദസ്യ
ഗൗരീപതേർ ഭഗവതോഽപി ച ദാസകൃത്യം
ധർമാഭിരക്ഷണമപി ക്ഷിതിമണ്ഡലേഽസ്മിൻ
കൃത്വാ വിമാനമിദമദ്യ സമുദ്ധരാമി 45
പ്രാപ്തേ പുനർന്നവദശാം വട്ടുകേശ്വരേ
സ്മിൻ
സോഽഹീരണേശ്വരപുരേ ഖരകാനനേ ച
അർഥാൻ പരൈരപ ഹൃതാനപരാം-
ശ്ച ദത്വാ
പൂർവോചിതാൻ പുനരധത്ത ശിവോ-
പചാരാൻ 47
രക്ഷോഭുജാഗ്രതുലനച്യുതസന്ധിബന്ധം
ഹിത്വാ ഗതാസ്ഥ ഇവ രാജതമദ്രിരാജം
യേഷ്വഗ്രചുംബിതതുഷാരരുചൗ വിമാനേ
വാസം വ്യധത്ത ഭഗവാൻ വൃഷരാജകേതു: 48
ആബദ്ധപല്ലവപുടാഞ്ജലയോ മരുദ്ഭി:
നമ്രീകൃതോർധ്വശിരസ: പരികീർണ
പുഷ്പൈ:
ശാഖാഭൃതജർവിടപിനോ വിധിനാ തു യത്ര
ശർവപ്രണാമമിവ സന്തതമാചരന്തി 52
(ഈ പദ്യത്തോടെ കയ്യെഴുത്തുപ്രതി അവസാനിക്കുന്നു).

നടന്ന യുദ്ധത്തിൽ നന്നന്റെ സേനാപതിയായ മികിലി കൊല്ലുകയുണ്ടായി. ഇതിന്നു പ്രതികാരമായി നാർമുടിച്ചേരൽ വാകൈപ്പെരുന്തുറയിലെ യുദ്ധത്തിൽ നന്നനെ വധിച്ചു. നന്നൻ ഉതിയൻ എന്ന മറ്റൊരു രാജാവിനെപ്പററിയും ചെല്ലൂർ വാണിരുന്ന ആതൻ എഴിനിയെപ്പററിയും തമിഴ് കവികൾ പ്രസ്താവിക്കുന്നുണ്ട്.

ക്രിസ്തുവർഷം പതിനൊന്നാം ശതകത്തിൽ എഴുതപ്പെട്ടതായി വിശ്വസിക്കപ്പെടുന്ന മൂഷികവംശത്തിൽ ഈ രാജാക്കന്മാരെപ്പററി പ്രസ്താവമൊന്നുമില്ല. മൂഷികന്മാർക്ക് നന്നനുമായോ, നന്നനെ സംഹരിച്ച ചേരരുമായോ ബന്ധമില്ല. അവർ വടക്ക് മാഹിഷ്മതിയിൽ നിന്നു വന്നവരാണ്; അവസാനകാലം വരെ ചന്ദ്രവംശ്യരായ ഹൈഹയരാണ് തങ്ങളെന്ന് അവർ വിശ്വസിച്ചുവന്നു. ചേദി, മഗധം മുതലായ ഉത്തരാപഥരാജവംശങ്ങളുമായി അവർക്കു വിവാഹബന്ധങ്ങളുണ്ടായിരുന്നു. പിന്നീട് ചോള – പല്ലവ – കേരള രാജവംശങ്ങളുമായും ഇവർ വിവാഹം വഴി ബന്ധപ്പെടുകയുണ്ടായി.

ക്രിസ്തുവർഷം 14-ാം ശതകത്തോടുകൂടി മൂഷികരാജ്യം കോലത്തിരിമാരുടെ കീഴിലായിത്തീർന്നു. ക്രി. പി. 1501-ൽ രചിക്കപ്പെട്ട "ഉദയവർമചരിതം" എന്ന സംസ്കൃതകൃതിയിൽ കോലത്തിരിമാരുടെ വംശചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. സോമവംശത്തിൽ ജനിച്ച മൂന്നു ക്ഷത്രിയസ്ത്രീകൾ ഗോകർണത്തു പോയി ശ്രീപരമേശ്വരനെ ഭജിച്ചുകൊണ്ടിരുന്നപ്പോൾ കേരളരാജാവായ ചേരമാൻ പെരുമാൾ അവിടെ ചെന്ന് അവരെ മൂന്നു പേരേയും വിവാഹം ചെയ്തു. ദ്വിതീയപത്നിയിൽ അദ്ദേഹത്തിന്ന് അംബാലിക എന്നൊരു പുത്രി ജനിച്ചു. ആ കുമാരിക്ക് രവിവർമ എന്ന രാജാവു ഭർത്താവായി. പെരുമാൾക്ക് പിന്നീട് രാജ്യഭാരം ചെയ്തത് അംബാലികയാണ്. ക്രി. പി. 724-ൽ ആ ദേവിക്കു ശക്രസദൃശനും പിതൃമാതൃഭയാപഹനുമായി കേരളവർമാ എന്നൊരു പുത്രൻ ഉണ്ടായി. ആ കേരളവർമാവാണ് കോലവംശം സ്ഥാപിച്ചതെന്ന് ഉദയവർമ ചരിതകാരൻ പറയുന്നു. ക്രി. പി. 746-ൽ കേരളവർമാവിന്റെ ഭാഗിനേയി ഉദയവർമാ എന്നൊരു കുമാരനെ പ്രസവിച്ചു. കേരളവർമാവിന്നു ശേഷം ഉദയവർമത്തമ്പുരാൻ രാജ്യഭാരം കൈയേററു. അദ്ദേഹം പെരുഞ്ചെല്ലൂർ ഗ്രാമക്കാരായ നമ്പൂതിരിമാരോട് കോപിച്ച് ഗോകർണത്തു ചെന്ന് ഏതാനും തുളപ്പോററിമാരെ ക്രി. പി. 793-ൽ കൂട്ടിക്കൊണ്ടു വന്ന് ആചാരപരിഷ്കാരം ചെയ്തു മലയാളബ്രാഹ്മണരാക്കി. ഇതാണ് ഉദയവർമചരിതത്തിലെ പ്രതിപാദ്യം. ഈ ഗ്രന്ഥം രചിച്ച രവിവർമ ക്രി. പി. 1492 മുതൽ 1506 വരെ കോലത്തുനാടു പാലിച്ചതായി ചിറയ്ക്കൽ കോവിലകത്തു രേഖയുണ്ടത്രേ[32]. "ഉദയവർമചരിതം" രചിച്ച കവിക്ക് മൂഷികവംശകാവ്യത്തെപ്പററിയോ, അതിൽ രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങളെപ്പററിയോ അറിവുണ്ടായിരുന്നതായി തോന്നുന്നില്ല. "ഉദയവർമചരിത"ത്തോട് ഏററക്കുറെ യോജിക്കുന്ന രീതിയിലാണ് കേരളോൽപത്തിയിലുള്ളതായി ലോഗൻ രേഖപ്പെടുത്തുന്ന കോലത്തിരിമാരുടെ ഉൽപത്തിയെക്കുറിച്ചുള്ള ഐതിഹ്യം. മൂഷികരുടെ പാരമ്പര്യം കോലത്തിരിമാർ ഒരിക്കലും അവകാശപ്പെട്ടിട്ടില്ലെന്നാണ് തോന്നുന്നത്. മൂഷികവംശത്തിൽ വിവരിക്കപ്പെട്ട രാജവംശം എങ്ങനെ, ഓർമപോലും ശേഷിപ്പിക്കാതെ തിരോഭവിച്ചു എന്നതു് അന്വേഷിക്കേണ്ട ഒരു വിഷയമാണ്.

മൂഷികവംശത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ, പ്രത്യേകിച്ചു ക്ഷേത്രങ്ങൾ, ഏതെല്ലാമെന്ന് തിട്ടപ്പെടുത്തുന്നതു് പ്രയോജനകരമായിരിക്കും. ഈ ക്ഷേത്രങ്ങളിൽ വല്ല ശിലാരേഖകളുമുണ്ടെങ്കിൽ അവ മൂഷികവംശത്തിന്റെ—അതു വഴി കേരളചരിത്രത്തിന്റെയും—ഇരുളടഞ്ഞ വശങ്ങളിലേക്ക് വെളിച്ചം വീശിയേക്കാം.

---

32. ഉള്ളൂർ, കേ. സാ. ച. വാല്യം 2, പേ. 82 *f*